എഡിറ്റോറിയൽ

പ്രവാചകനും ആത്മീയമുന്നേറ്റവും

ഭാവി പറയുന്നതാണു പ്രവചനമെന്നും ഭാവിയിൽ സംഭവിക്കാൻ പോകുന്നതു പറയുന്ന ആളാണു പ്രവാചകനെന്നും വിശ്വാസികൾ തെറ്റിദ്ധരിച്ചിരിക്കുന്ന ഒരു കാലത്താണു നാം ജീവിക്കുന്നത്.

അപ്പൊസ്തലന്മാരുടെ നടപടികളിൽ ഭാവിയിലേക്കു വിരൽചൂണ്ടിയ അഗബൊസിനെ (11:28, 21:10) പ്രവാചകനെന്ന നിലയിൽ ഇന്നത്തെ വിശ്വാസികളിൽ മിക്കവർക്കും അറിയാം. എന്നാൽ 'പ്രവാചകന്മാരായ' യൂദായും ശീലാസും അവർക്ക് അപരിചിതരാണ്! യൂദായെയും ശീലാസിനെയും കുറിച്ചു ദൈവവചനം രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്: "യൂദയും ശീലാസും പ്രവാചകന്മാർ ആകകൊണ്ട് പല വചനങ്ങളാലും സഹോദരന്മാരെ പ്രബോധിപ്പിച്ച് ഉറപ്പിച്ചു" (15:32).വചനങ്ങൾകൊണ്ട് സഹോദരന്മാരെ പ്രബോധിപ്പിച്ച് ഉറപ്പിക്കുന്നവരെ ഇന്നത്തെ വിശ്വാസഗോളത്തിൽ പ്രവാചകന്മാരെന്ന് എത്രപേർ കരുതുന്നു? യഥാർത്ഥ പ്രവചനത്തിന്റെ ലക്ഷണങ്ങളായി പറഞ്ഞിരിക്കുന്ന ആത്മീയ വർദ്ധനയും പ്രബോധനവും ആശ്വാസവും (1 കൊരി. 14:3) നൽകുന്നവയാണോ ഭാവി പറയുന്ന 'ഇന്നത്തെ' പ്രവചനങ്ങൾ?

കർത്താവിന്റെ വഴി ഒരുക്കുവാൻ വന്ന അത്യുന്നതന്റെ പ്രവാചകനായിരുന്ന (ലൂക്കോ. 1:76) യോഹന്നാൻ സ്നാപകനെ തന്നെ ശ്രദ്ധിക്കുക. അദ്ദേഹത്തിനുണ്ടായിരുന്നത് താൻ ഉൾപ്പെട്ടിരുന്ന കാലഘട്ടത്തോടുള്ള ഒരു സന്ദേശമായിരുന്നു. ദൈവം ഓരോ കാലഘട്ടത്തിലായി എഴുന്നേല്പിച്ച പ്രവാചകന്മാർക്കെല്ലാം തങ്ങളായിരുന്ന സമൂഹത്തോടും ആ തലമുറയോടും ഒരു സന്ദേശമുണ്ടായിരുന്നു. അതു മുഖം നോക്കാതെ, ഒത്തു തീർപ്പില്ലാതെ, മനുഷ്യരെ ഭയപ്പെടാതെ പ്രഘോഷിക്കുന്നവരായിരുന്നു അവർ. ശക്തനായ ഇത്തരം ഒരു പ്രവാചകൻ 'ഭാവിയെക്കുറിച്ചുള്ള ദൂതു പറഞ്ഞു' പണം പറ്റുന്ന ഇന്നത്തെ സ്വയം പ്രഖ്യാപിത പ്രവാചകന്മാരിൽ നിന്ന് എത്രയോ കാതം അകലെയാണ്!

ജനങ്ങളെ ദൈവികസത്യങ്ങളിലേക്ക് ആനയിക്കുന്ന യഥാർത്ഥ പ്രവാചകന്റെ ഊന്നൽ ഭാവിയിലല്ല; ഇന്നിലാണ്.ഭാവിയിൽ നിറവേറാനിരിക്കുന്ന ബൈബിൾ പ്രവചനങ്ങളുടെ വ്യാഖ്യാതാവും പ്രവാചകനല്ല.അതുപോലെ ഭൂതകാല സംഭവങ്ങളെ അച്ചടിഭാഷയിൽ യാന്ത്രികമായി വിവരിക്കുന്ന ആൾ വേദപണ്ഡിതനായിരിക്കാം, പ്രവാചകനല്ല. വിശ്വാസിയുടെ യഥാർത്ഥ ആവശ്യം സത്യത്തിൽ താൻ ആയിരിക്കുന്ന വർത്തമാനകാലത്തിൽ ദൈവത്തിന്റെ പദ്ധതി എന്താണ് എന്നു തിരിച്ചറിയുകയല്ലേ? ഈ ആവശ്യം തിരിച്ചറിയാതെ വിശ്വാസികളിൽ ചിലർ അന്ത്യകാല ഹെർമ്മഗദ്ദോൻ യുദ്ധത്തിലെ ഗോഗ്, മാഗോഗ് ഏതൊക്കെയായിരിക്കുമെന്നും മറ്റും തലപുകയ്ക്കുകയാണ്. ഇതിന്റെ എതിർധ്രുവത്തിൽ മറ്റു ചിലർ യിസ്രായേൽ മക്കളുടെ പഴയ സമാഗമനകൂടാരത്തിന്റെ കുറ്റി, കൊളുത്ത്, അന്തഃഴം എന്നിവയെക്കുറിച്ചു തലനാരിഴ കീറുകയാണ്. സത്യത്തിൽ ഇരുകൂട്ടരും വിസ്മരിക്കുന്നതു ദൈവം തങ്ങളുടെ ജീവിതകാലത്തു ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തികളെയും അതിൽ അവിടുന്നു പ്രതീക്ഷിക്കുന്ന തങ്ങളുടെ പങ്കാളിത്തത്തെയുമാണ്. എന്നാൽ കർത്താവ് ആവശ്യപ്പെട്ടതു നാം ആയിരിക്കുന്ന കാലത്തെ തിരിച്ചറിയുകയും വിവേചിക്കുകയും ചെയ്യുവാനാണ് (ലൂക്കോസ് 12:57). ഇതിന് വിശ്വാസികളെ ഏറ്റവും കൂടുതൽ സഹായിക്കുന്നതു പ്രവാചകനാണ്.

ഒരു പ്രത്യേക കാലഘട്ടത്തിൽ ജനത്തെ ഉണർത്താൻ ദൈവത്താൽ നിയോഗിക്കപ്പെടുന്ന ഇത്തരം പ്രവാചകനു ചില പ്രത്യേകതകൾ ഉണ്ടായിരിക്കും. അദ്ദേഹം ദൈവഹൃദയത്തിലെ ആ കാലഘട്ടവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു പ്രത്യേക ഭാരത്തിന്റെ (Burden) വക്താവായിരിക്കും. ഒരൊറ്റ സന്ദേശമായിരിക്കും അദ്ദേഹത്തിനുണ്ടാവുക. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ശുശ്രൂഷ, സന്തുലനം (Balanced) ഉള്ളതായിരിക്കുകയില്ല.അതുപോലെ വാക്കുകൾ മൂർച്ചയേറിയതും അദ്ദേഹം ഒത്തുതീർപ്പിനു വഴങ്ങാത്തവനുമായിരിക്കും.

ഉദാഹരണത്തിനു നാം നേരത്തെ പറഞ്ഞ യോഹന്നാൻ സ്നാപകനെ തന്നെ എടുക്കുക. മുകളിൽ വിവരിച്ച ലക്ഷണങ്ങളെല്ലാം അദ്ദേഹത്തിന്റെ ശുശ്രൂഷയിൽ കാണാൻ കഴിയും. കർത്താവിനു വഴി നിരത്താൻ വന്ന യോഹന്നാന് ഒരേയൊരു ഭാരവും സന്ദേശവുമാണ് ആ കാലഘട്ടത്തോട് ബന്ധപ്പെട്ട് ഉണ്ടായിരുന്നത് ("മാനസാന്തപ്പെടുവിൻ"). അതുകൊണ്ടുതന്നെ അദ്ദേഹം സന്തുലനമുള്ളവനായിരുന്നില്ല. അദ്ദേഹം ഒത്തുതീർപ്പുകാരനല്ലാത്ത കർക്കശക്കാരനായിരുന്നു. (അദ്ദേഹത്തിന്റെ വേഷവും പ്രവർത്തനസ്ഥലവും എന്തിനു ഭക്ഷണം പോലും അതിന്റെ തെളിവായിരുന്നു). അദ്ദേഹത്തിന്റെ വാക്കുകൾ അതീവ മൂർച്ചയുള്ളതും ആളുകളെ വെല്ലുവിളിക്കുന്നതുമായിരുന്നു ("സർപ്പസന്തതികളേ.....")

ഇന്നു നാം ആയിരിക്കുന്ന കാലഘട്ടത്തിനു പ്രസക്തമായ ദൈവികഭാരം, ഒത്തുതീർപ്പില്ലാതെ, ശക്തമായി പ്രസ്താവിക്കുന്ന ഒരു പ്രവാചകനുണ്ടോ? തന്റെ ആദ്യകാലം മുതലുള്ള സന്ദേശത്തിനു 'കാലാനുസൃതമായ മാറ്റം' വരുത്തുകയോ അതിൽവെള്ളം ചേർക്കുകയോ ചെയ്യാതെ അതുമാത്രം പ്രഘോഷിക്കുന്ന ഒരുവൻ? തന്റെ സന്ദേശത്തിനു സന്തുലനമില്ലെന്നു ഭയപ്പെടാതെ, ആളുകളുടെ മുഖം നോക്കാതെ മൂർച്ചയേറിയ വാക്കുകൾ ഉപയോഗിക്കുന്ന ഒരുവൻ? സിന്നഗോഗുകളിൽ പരീശന്മാരുടെ ശരിയായ, സന്തുലനമുള്ള, ഉപദേശംകേട്ട് പലരും ജീവിതം പാഴാക്കിയപ്പോൾ, ഒരു ന്യൂനപക്ഷം യോഹന്നാനെ തേടി 'പാളയത്തിനു പുറത്ത്' വിജനസ്ഥലത്ത് എത്തിയതിന്റെ ചരിത്രമാണു സുവിശേഷങ്ങളുടെ ആദ്യതാളുകളിൽ നാം കാണുന്നത്. ഇന്നും ചരിത്രം ആവർത്തിക്കുന്നു.

ഓരോ പ്രവാചകനും അതതു കാലഘട്ടത്തിലെ ദൈവികഭാരം പ്രസ്താവിച്ചപ്പോൾ ഏറെ എതിർപ്പുകൾ നേരിടേണ്ടിവന്നു.എന്നാൽ ആ എതിർപ്പുകളെ തൃണവൽഗണിച്ച് പ്രവാചകൻ പ്രഘോഷിച്ച ദൈവികഭാരത്തോടു ചേർന്നു നിന്ന ഒരു ന്യൂനപക്ഷം എക്കാലത്തും ഉണ്ടായിരുന്നു. പ്രവാചകൻ നയിച്ച ആത്മീയ മുന്നേറ്റത്തിന്റെ (movement) ഭാഗമായിരുന്നു ഇവരെന്നു കാണാം. അതതു കാലഘട്ടത്തിലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോടുചേർന്നു നിൽക്കുകയാണ് തന്റെ ജീവിതത്തെക്കുറിച്ചുള്ള ദൈവേഷ്ടം തിരിച്ചറിയുന്ന ഒരുവൻ ചെയ്യേണ്ടത് എന്ന ബോധ്യത്തിൽ നിന്നാണ് ഇവർ ഈ പ്രവാചകനോടു ചേർന്നു നിന്നത്. (മാർട്ടിൻ ലൂഥറിന്റെ കാലത്തു ജീവിക്കുന്ന വിശ്വാസി മർട്ടിൻ ലൂഥറിനോടും പിന്നീടു ജോൺ വെസ്ലിയുടെ കാലത്തു ജീവിക്കുന്ന വിശ്വാസി വെസ്ലിയോടും ഒപ്പമാണ് നിലയുറപ്പിക്കേണ്ടതെന്നു വാച്ച്മാൻ നീ പറഞ്ഞത് ഓർക്കുക. ജോൺ വെസ്ലിയുടെ കാലഘട്ടത്തിൽ ജീവിക്കുന്ന ഒരു സത്യാന്വേഷി വെസ്ലിയെ അവഗണിച്ച് അതിനു മുൻപിലുള്ള തലമുറയിലെ നവോത്ഥാന നായകനായിരുന്ന മാർട്ടിൻ ലൂഥറിന്റെ പ്രസ്ഥാനത്തോടു ചേർന്നു നിന്നാൽ അയാൾ പരിശുദ്ധാത്മാവിന്റെ തരംഗത്തോടൊപ്പം ദൈവപ്രവൃത്തിയിൽ മുന്നോട്ടു പോകുന്നവല്ല എന്നാണു വാച്ച്മാൻ നീ ചൂണ്ടിക്കാട്ടിയത്).ഏതു നല്ല മുന്നേറ്റങ്ങളും കുറേ നാൾ കഴിയുമ്പോൾ വെറും

(ശേഷം പേജ് 37 ൽ)

സന്ദേശം

ആവശ്യമുണ്ട് പ്രവാചകന്മാരെ

എ. ഡബ്ല്യു ടോസർ

പരിശുദ്ധാത്മാവിന്റെ സന്ദർശനത്തിന്റെയും ഒരുണർവ്വിന്റെ തന്നെയും ആവശ്യകതയെക്കുറിച്ചുള്ള സംസാരം നമ്മുടെ ഇടയിലുണ്ട്. ഇവ രണ്ടും ആവശ്യമാണെന്നു ദൈവവും അറിയുന്നു. എന്നാൽ നമുക്ക് ഒരു അടിയന്തര ആവശ്യം കൂടിയുണ്ട്. ആകമാനം വ്യത്യസ്തരായിരിക്കുന്ന ഒരു കൂട്ടം ദൈവഭക്തന്മാരുടെ ആവശ്യം.

സിനഗോഗുകളുടെ മേൽനോട്ടക്കാർക്കൊപ്പം ഭരണസാമർത്ഥ്യം ഉണ്ട് എന്നുള്ളതല്ല അവരുടെ സവിശേഷത. യാതൊന്നിനോടും പ്രതിഷേധവും പ്രതികരണവും ചോദ്യങ്ങളും ഇല്ലാതെ, ഭംഗിയായി കൃത്യം നിർവ്വഹിച്ചിട്ട്, പ്രതിഫലം പറ്റുന്ന പുരോഹിതന്മാ

യാതൊന്നിനോടും പ്രതിഷേധവും പ്രതികരണവും ചോദ്യങ്ങളും ഇല്ലാതെ, ഭംഗിയായി കൃത്യം നിർവ്വഹിച്ചിട്ട്, പ്രതിഫലം പറ്റുന്ന പുരോഹിതന്മാരാണ് ക്രിസ്തീയ ലോകത്ത് ഇന്നേറെയും.

> പണ്ടുകാലത്തെ പ്രവാചകന്റെ അതേ ആത്മാവുള്ളവർ; ദൈവത്തെ അറിഞ്ഞവരും, സ്വർഗ്ഗത്തിൽനിന്നു കേട്ടവരുമായ ഒരു കൂട്ടർ. അവർ വിശുദ്ധ പോരാട്ടത്തിൽ സർവ്വ സ്വവും അർപ്പിക്കാൻ മനസ്സുള്ളവരാകയാൽ, ലോകത്തിന്റെ വശ്യതയ്ക്ക് മരിച്ചുകഴിഞ്ഞവരാണ്. മനുഷ്യരെ ഭയപ്പെടുക നിമിത്തമോ, മനുഷ്യരെ പ്രസാദിപ്പിക്കേണ്ടതിനോ അല്ല, അവരുടെ പ്രവൃത്തികൾ. സമ്പ്രദായത്തിൽനിന്നും, പരിചയത്തിൽനിന്നുമല്ല അവർ എന്തെങ്കിലും ചെയ്യുന്നത്.

രിൽനിന്നും തീർത്തും വിഭിന്നരായിരിക്കുമവർ. എല്ലാവരുടെയും താത്പര്യത്തെ മാനിച്ചുകൊണ്ടും, എല്ലാവർക്കും സ്വീകാര്യമാംവിധവും കാര്യങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുപോകുവാൻ ചാതുര്യമുള്ള പാസ്റ്റർമാരിൽ നിന്നും വ്യത്യസ്തരായ ഒരു കൂട്ടം. അതെ, പണ്ടുകാലത്തെ പ്രവാചകന്റെ അതേ ആത്മാവുള്ളവർ; ദൈവത്തെ അറിഞ്ഞവരും, സ്വർഗ്ഗത്തിൽനിന്നു കേട്ടവരുമായ ഒരു കൂട്ടർ.

അവർ വിശുദ്ധ പോരാട്ടത്തിൽ സർവ്വ സ്വവും അർപ്പിക്കാൻ മനസ്സുള്ളവരാകയാൽ, ലോകത്തിന്റെ വശ്യതയ്ക്ക് മരിച്ചു കഴിഞ്ഞവരാണ്. മനുഷ്യരെ ഭയപ്പെടുക നിമിത്തമോ, മനുഷ്യരെ പ്രസാദിപ്പിക്കേണ്ടതിനോ അല്ല, അവരുടെ പ്രവൃത്തികൾ. സമ്പ്രദായത്തിൽനിന്നും, പരിചയത്തിൽനിന്നുമല്ല അവർ എന്തെങ്കിലും ചെയ്യുന്നത്. പേരിനും, പ്രശസ്തിക്കും, ധനത്തിനുമുള്ള ലക്ഷ്യങ്ങൾ അവർക്കില്ല. മനുഷ്യരുടെ നിർബ്ബന്ധങ്ങൾക്കും നിയന്ത്രണങ്ങൾക്കും സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾക്കും അതീതരാണവർ.ബാഹ്യപ്രേരണയിൽനിന്നും മാനുഷിക പരിഗണനകളിൽനിന്നും ഒന്നും ചെയ്യാതെ, ആന്തരിക നിർബ്ബന്ധത്താൽ മാത്രം വർത്തിക്കുന്നവരാണവർ.അഭിനേതാക്കളുടെയും ഭാഗ്യതാരങ്ങളുടെയും സ്ഥാനത്ത്, ഇവ്വണ്ണമുള്ള സ്വതന്ത്രമനുഷ്യരുണ്ടെങ്കിൽ മാത്രമേ, നമുക്ക് വീണ്ടും പ്രവാചകന്മാരെ ലഭിക്കുകയുള്ളു.

നമ്മുടെ ആവശ്യം പ്രവാചകന്മാരായ പ്രസംഗകരെയാണ്, കേവലം പ്രവചന വ്യാഖ്യാതാക്കളായ പ്രസംഗകരെയല്ല. പരിജ്ഞാനത്തിന്റെ വചനം എത്ര ദുർലഭം! വിവേചനത്തിന്റെ വരം കാണപ്പെടുന്നതുമില്ല. ദൈവത്തിന്റെ ദൃഷ്ടിയിൽ കാര്യങ്ങളുടെ യഥാർത്ഥ സ്ഥിതി എന്തോ, അതു കാണുവാൻ അഭിഷിക്തമായ കണ്ണുകൾ ഉള്ളവരെത്തന്നെയാണ് നമുക്കാവശ്യമായിരിക്കുന്നത്. ഒരു പ്രവാചകൻ തന്റെ കാലഗതിയെയും, തന്റെ തലമുറയോടു ദൈവം പറയുവാൻ ആഗ്രഹിക്കുന്ന കാര്യങ്ങളെയും അറിയുന്നവനാണ്. ദൈവത്തിന് ഒരു സഭയോടുള്ള സന്ദേശം സഭയുടെ ആത്മിക സ്ഥിതിക്കും ആ സമയത്തിന്റെ ആത്മിക ആവശ്യത്തിനും അനുസൃതമാണ്.തങ്ങളുടെ ചുറ്റും ആത്മീയമായി എന്തു സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന്,ലേശം പോലും ധാരണയില്ലാതെ,കൃത്യമായി ന്യായപ്രമാണത്തെ ഉരുവിടുന്ന വേദശാസ്ത്രികളിൽനിന്നും വിഭിന്നനാണു പ്രവാചകൻ.ഇതേവണ്ണം തന്റെ ആത്മീയ പരിതസ്ഥിതിയെക്കുറിച്ച് ഒട്ടും വിവേചനമില്ലാതെ അക്ഷരജ്ഞാനത്തിൽനിന്നും തിരുവെഴുത്തുകളെ വ്യാഖ്യാനിച്ചുരുവിടുന്ന ഇന്നത്തെ 'വേദശാസ്ത്രികൾ' 'തക്കസമയത്തെ ഭക്ഷണം' എന്നൊന്നുണ്ട് എന്നറിയാതെ എല്ലാവർക്കും ഒരേ ഭക്ഷണം നൽകുന്നവരാണ്. പ്രവാചകന്മാരാകട്ടെ, തങ്ങളുടെ തലമുറയുടെ

ആവശ്യം തിരിച്ചറിഞ്ഞു മാത്രം അരുളപ്പാടറയിക്കുന്നു.വേദപണ്ഡിതന്മാർക്കു കഴിഞ്ഞുപോയ കാലഘട്ടത്തെ അപഗ്രഥിക്കുവാനും വിലയിരുത്തുവാനും കഴിയും.എന്നാൽ പ്രവാചകനു മാത്രമേ വർത്തമാനത്തെ വിലയിരുത്തുവാൻ കഴിയൂ. ഇന്നേക്ക് നൂറുവർഷത്തിനുശേഷം, ഈ സംവത്സരത്തിൽ ആത്മികമായി എന്തു നടന്നുകൊണ്ടിരുന്നുവെന്ന് ചരിത്രകാരന്മാർ അറിയും. എന്നാൽ ഇപ്പോൾ ജീവിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം ആ അറിവിനെന്തു പ്രസക്തി? ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്തെന്ന് നാം ഇപ്പോൾതന്നെ അറിയേണ്ടിയിരിക്കുന്നു.

പ്രവാചകന്റെ വാക്കുകൾ കേൾവിക്കാരുടെ ദൈനംദിന ജീവിതത്തിലേക്കും സ്വകാര്യ ജീവിതത്തിലേക്കും കടന്നുചെല്ലുന്നതാണ്. യഥാർത്ഥ പ്രവാചകനെ കേൾക്കുമ്പോൾ, തന്നെ ഉദ്ദേശിച്ചു മാത്രമുള്ള സന്ദേശമായി ഓരോ കേൾവിക്കാരനും തോന്നും. വാസ്തവത്തിൽ കേൾവിക്കാർ തങ്ങളുടെ ഹൃദയങ്ങളെ അറിയുന്നതിലുപരി, പ്രവാചകൻ അവരുടെ ഹൃദയങ്ങളെ അറിഞ്ഞെങ്കിൽ മാത്രമേ, അവരോടുള്ള ദൂത് അറിയിപ്പാൻ കഴിയൂ. അവ്യക്തതയും സംഘട്ടനവുമുള്ള ഹൃദയങ്ങളോട്, അഭിഷിക്ത പ്രവാചകൻ പരിജ്ഞാനത്തിന്റെ വചനം തെളിവോടെ സംസാരിക്കുമ്പോൾ ഹൃദയത്തിന്റെ മൂടുപടം നിങ്ങിപ്പോകും.

"തിളങ്ങുന്ന വ്യക്തിത്വങ്ങൾ", ലൗകികരുടെ ശൈലിയിലും, ആത്മാവിലും, മനുഷ്യർക്ക് ആകർഷകമാംവിധം ക്രിസ്തീയ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുമ്പോൾ, അല്പനേരത്തേക്ക് ഒരു പുസ്തകത്തിന്റെ താളിലെങ്കിലും, വ്യത്യസ്തനായ ഒരു ദൈവപുരുഷനെ കാണുന്നത് എന്തൊരനുഭൂതിയാണ്! കാഴ്ചക്കാരനിൽനിന്നു തന്നെത്തന്നെ മറച്ചുകൊണ്ട് ദൈവത്തിന്റെ ആന്തരിക

> നമ്മുടെ ആവശ്യം പ്രവാചകന്മാരായ പ്രസംഗകരെയാണ്, കേവലം പ്രവചന വ്യാഖ്യാതാക്കളായ പ്രസംഗകരെയല്ല. ദൈവത്തിന്റെ ദൃഷ്ടിയിൽ കാര്യങ്ങളുടെ യഥാർത്ഥ സ്ഥിതി എന്തോ, അതു കാണുവാൻ അഭിഷിക്തമായ കണ്ണുകൾ ഉള്ളവരെത്തന്നെയാണ് നമുക്കാവശ്യമായിരിക്കുന്നത്. ഒരു പ്രവാചകൻ തന്റെ കാലഗതിയെയും, തന്റെ തലമുറയോടു ദൈവം പറയുവാൻ ആഗ്രഹിക്കുന്ന കാര്യങ്ങളെയും അറിയുന്നവനാണ്.

പ്രവൃത്തിക്ക് സാക്ഷ്യംവഹിക്കുന്ന, സത്യസന്ധനും താഴ്മയുള്ളവനുമായ ഒരുവനുമായി അല്പം സമയം ഇവ്വണ്ണം ഇടപഴകുന്നത് എന്തൊരനുഗ്രഹമാണ്!

നാം എന്തു ചെയ്യേണ്ടു? ഉദ്ധാരകന്മാർക്കുവേണ്ടി,നവീകരണകർത്താക്കൾക്കുവേണ്ടി, പ്രവാചകന്മാർക്കുവേണ്ടി, അപേക്ഷയുമായി ദൈവത്തോട് അടുത്തുചെല്ലാം. യിസ്രയേൽ ജനത്തിന്റെ കരച്ചിൽകേട്ട് ദൈവം അവർക്കായി ഉദ്ധാരകന്മാരെ അയച്ചതുപോലെ, ദൈവത്താൽ അയയ്ക്കപ്പെട്ടവരാൽ ദൈവം നമ്മുടെ തലമുറയെയും സന്ദർശിക്കും. അവർ എപ്പോഴും ദൈവത്തിന്റെ പക്ഷത്തു നില്പാൻ ശ്രദ്ധാലുക്കളാകയാൽ ദൈവവും അവരുടെ പക്ഷത്തായിരിക്കും.സംശയമില്ല.

❖

ചിന്തയ്ക്ക്

ദൈവിക കാര്യങ്ങളിലുള്ള അഭിരുചി

ഏലിയാസ് ആസ്ലാക്സൻ

ദൈവത്തിന്റെ വലിയ കൃപയാൽ സ്വീകരിക്കാൻ മനസ്സുള്ള എല്ലാവർക്കും വേണ്ടി വിശിഷ്യ സമ്പന്നവും ശക്തവുമായ ഒരു വചനം എന്റെ ഹൃദയത്തിലുണ്ട്. അസാധാരണമായ ഒന്നാണത്. പരിചിതമായ ഒരു ദൈവവചനമെങ്കിലും അതിൽ നിന്നു വളരെക്കുറച്ചു മാത്രമേ നാം നേടിയിട്ടുള്ളു.

മർക്കോസ് 8:32, 33. ''പത്രോസ് അവനെ (യേശുവിനെ) വേറിട്ടു കൊണ്ടുപോയി ശാസിച്ചു തുടങ്ങി.'' എത്ര കുറവുള്ള ഒരു വ്യക്തിയായിരുന്നു ആ സമയത്ത് പത്രോസ്! പലവട്ടം വ്യാജം പറയുകയും യേശുവിനെ താൻ അറിയുകയില്ല എന്ന് ആണയിടുകയും പ്രാകുകയും ചെയ്വാൻ തക്കവണ്ണം അത്ര ഭീരുവായ ഒരുവൻ! ഇങ്ങനെ ഒരുവനാണ് യേശുവിനെ വേറിട്ടു കൊണ്ടുപോയി അവിടുത്തെ തെറ്റു തിരുത്തുവാൻ ശ്രമിച്ചത്. ഒരുപക്ഷേ ഇതിനെപ്പറ്റി വളരെ കുറച്ചു മാത്രമേ നിങ്ങൾ ചിന്തിച്ചിട്ടുള്ളു. യേശു പത്രോസിനെ തിരഞ്ഞെടുത്തതാണ്. തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാണ് അദ്ദേഹം. എങ്കിലും ശരിയായ വഴിയിൽ നിന്നും ബഹുദൂരം മാറിപ്പോയിരുന്നു. അടുത്ത ഭാഗത്ത് 33-ാം വാക്യത്തിൽ — "സാത്താനേ, എന്നെ വിട്ടുപോ. നീ ദൈവത്തിന്റേതല്ല, മനുഷ്യരുടേതത്രേ കരുതുന്നത്." എന്ന് യേശു പത്രോസിനെ ശാസിച്ചതായി എഴുതിയിരിക്കുന്നു. പത്രോസ് സാത്താനാണെന്നല്ല കർത്താവ് ഉദ്ദേശിച്ചത്.എന്നാൽ എന്തു ചെയ്യാതിരിക്കാനാണോ പത്രോസ് യേശുവിനെ ശാസിച്ചത്, അത് മനുഷ്യവർഗ്ഗത്തിന്റെ രക്ഷ തന്നെയായിരുന്നു. പത്രോസിന്റെ അവസ്ഥ അത്ര മോശമായിരുന്നുവെന്നു സാരം. തീർച്ചയായും, വളരെ നല്ല ഉദ്ദേശ്യത്തോടും ആത്മധൈര്യത്തോടും കൂടിയാണ് അദ്ദേഹം അതു ചെയ്തത്. യേശുവിനുവേണ്ടി തനിക്കു വളരെ കരുതലുള്ളതായും അദ്ദേഹം ചിന്തിച്ചിരുന്നു. എന്നാൽ ദൈവഹിതം ചെയ്യരുതെന്ന് യേശുവിനെ ഉപദേശിക്കുമാറ് അത്ര കടുത്തതായിരുന്നു പത്രോസിലുണ്ടായിരുന്ന ഇരുട്ട്.എന്നാൽ അദ്ദേഹം അതു പറഞ്ഞത് സ്നേഹപൂർവ്വമായ കരുതലോടുകൂടി യേശുവിനെ സംരക്ഷിക്കുവാൻ വേണ്ടി ആയിരുന്നു.ആ പ്രവൃത്തിയെയാണ് യേശു 'സാത്താനേ', എന്നു വിളിച്ചത്. പത്രോസ് സാത്താനെ സേവിക്കുയായിരുന്നു; എങ്കിലും താൻ ദൈവത്തെ സേവിക്കുകയാണെന്ന് അദ്ദേഹം ചിന്തിച്ചു. അത്ര വലിയ ഇരുട്ടിലായിരുന്നു അദ്ദേഹം.

വാക്യം 33. "ദൈവത്തിന്റേതായ കാര്യങ്ങൾക്കുള്ള അഭിരുചി നിനക്കില്ല." (നോർവീജിയൻ തർജ്ജമ) വളരെ സദുദ്ദേശ്യമുള്ള സഹോദരീ സഹോദരന്മാരുടെ അവസ്ഥ ഈ വിധത്തിലാകുവാൻ സാധ്യമാണ്. അവർ ദൈവത്തെ അന്വേഷിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു; രക്ഷ പ്രാപിക്കുവാനാഗ്രഹിക്കുന്നു. എങ്കിലും ദൈവത്തിന്റേതായ കാര്യങ്ങൾക്കുള്ള ഒരഭിരുചി ഇല്ലാതെ പോകത്തക്കവണ്ണം അവർ ആത്മീയവളർച്ചയിൽ അത്ര പിന്നാക്കമാണ്. ദൈവം ഇഷ്ടപ്പെടുന്ന കാര്യങ്ങളിലല്ല, മനുഷ്യരുടെ കാര്യങ്ങളിലാണ് അവർക്കു താൽപര്യം. ആത്മീയകാര്യങ്ങളിൽ നിങ്ങൾക്ക് അഭിരുചിയുള്ളതായി ഒരുപക്ഷേ നിങ്ങൾ സങ്കല്പിക്കുന്നുണ്ടായിരിക്കാം. എന്നാൽ വാസ്തവം ഇതാണ്: ദൈവകാര്യങ്ങളിലുള്ള അഭിരുചി നിങ്ങൾക്ക് ഇല്ലാതായിരിക്കുന്നു. എന്നാൽ എന്തിലാണ് ആളുകൾക്ക് അഭിരുചി? അല്പമാലോചിച്ചാൽ ഈ കാര്യം എല്ലാവർക്കും അറിയാൻ കഴിയും. ഒരു പെൻസിലും ഒരു കഷണം കടലാസുമെടുത്ത് മനുഷ്യർക്ക് അഭിരുചിയുള്ള കാര്യങ്ങൾ രേഖപ്പെടുത്തുക. പിന്നീട് കൂടെക്കൂടെ ആ കടലാസെടുത്ത് നിങ്ങളുടെ അഭിരുചി എന്തിലൊക്കെയാണെന്ന് ആ ലിസ്റ്റുപയോഗിച്ച് പരിശോധിക്കുക. നിങ്ങൾക്ക് സ്വയം കണ്ടെത്തലിന് ഇതു വലിയൊരു സഹായമായിരിക്കും.നമ്മുടെ സ്വയം കണ്ടെത്തലിന്റെ തോതനുസരിച്ചു മാത്രമേ നമുക്കു രക്ഷിക്കപ്പെടുവാനും സാധ്യതയുള്ളു. നിങ്ങൾ ശരിയെന്നു വിശ്വസിക്കുന്ന ഒന്നിൽനിന്നു നിങ്ങളെ രക്ഷിക്കാനായി യേശുവിനോടപേക്ഷിക്കുവാൻ നിങ്ങൾക്കു സാധ്യമല്ല. ഞാൻ ചെയ്യുന്നതിൽ ചിലതു തെറ്റാണ് എന്നൊരു ബോധ്യം ഉള്ളപ്പോൾ മാത്രമേ കൂടുതൽ രക്ഷ അനുഭവമാക്കുവാൻ എനിക്കു കഴിയൂ. ഇവിടെ യഥാർത്ഥവെളിച്ചം — ദൈവികമായ വെളിച്ചം — നമുക്കാവശ്യമാണ്. മാനുഷികമായ ഈ അഭിരുചി ഭയാനകമായ ഒരു കാര്യമത്രേ. അത് ദൈവത്തിനെതിരേ പ്രവർത്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. നമ്മുടെ ആത്മാക്കളുടെ രക്ഷയ്ക്കായി പ്രവർത്തിക്കേണ്ട സ്ഥാനത്ത് നാം നമ്മുടെ രക്ഷയെത്തന്നെ എതിർക്കുന്നവരും തടസ്സപ്പെടുത്തുന്നവരുമായിത്തീരുന്നു.

ദൈവത്തിന് അഭിരുചിയുള്ള കാര്യം മനുഷ്യർക്ക് അഭിരുചിയുള്ളതിന്റെ കടകവിരുദ്ധമാണ്. ഉദാഹരമായി യേശുവിന്റെ ഈ വാക്കുകൾ നോക്കുക: "തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും." (മത്തായി 23:12) നാം

നിങ്ങളുടെ അഭിരുചി എന്തിലൊക്കെയാണെന്ന് പരിശോധിക്കുക. നിങ്ങൾക്ക് സ്വയം കണ്ടെത്തലിന് ഇതു വലിയൊരു സഹായമായിരിക്കും.നമ്മുടെ സ്വയം കണ്ടെത്തലിന്റെ തോതനുസരിച്ചു മാത്രമേ നമുക്കു രക്ഷിക്കപ്പെടുവാനും സാധ്യതയുള്ളു. നിങ്ങൾ ശരിയെന്നു വിശ്വസിക്കുന്ന ഒന്നിൽനിന്നു നിങ്ങളെ രക്ഷിക്കാനായി യേശുവിനോടപേക്ഷിക്കുവാൻ നിങ്ങൾക്കു സാധ്യമല്ല. ഞാൻ ചെയ്യുന്നതിൽ ചിലതു തെറ്റാണ് എന്നൊരു ബോധ്യം ഉള്ളപ്പോൾ മാത്രമേ കൂടുതൽ രക്ഷ അനുഭവമാക്കുവാൻ എനിക്കു കഴിയൂ.

തന്നെത്താൻ താഴ്ത്തുന്നതിൽ ദൈവത്തിനു വളരെ താൽപര്യമുണ്ട്. അതു നാം ചെയ്യുന്നുവെങ്കിൽ, നമ്മെ ഉയർത്തുതേ എന്നു നാം പറഞ്ഞാൽപോലും അവിടുന്ന് നമ്മെ ഉയർത്തും. അത് അവിടുത്തെ അഭിരുചിക്കും മനസ്സിനും അനുസരിച്ചുള്ള കാര്യമാകയാൽ അവിടുന്നു തന്നെ നമ്മെ ഉയർത്തും. ഇതിന്റെ മറുവശം നോക്കുക: ''തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും"(മത്തായി 23:12).ഇത് അപ്രകാരമല്ലാതാകുവാൻ അനുവദിക്കുക ദൈവത്തിനും സാധ്യമല്ല. ഒരു മനുഷ്യൻ താഴ്ത്തപ്പെടുന്നതായി നാം കാണുമ്പോൾ, ഈ വചനം നാം വിശ്വസിക്കുന്നപക്ഷം, അയാൾ തന്നെത്താൻ ഉയർത്തിയിട്ടുണ്ടെന്ന് നമുക്കു ഗ്രഹിക്കാം. ഈ കാര്യം നാം കാണുകയോ അറിയുകയോ ചെയ്യുന്നില്ലെങ്കിൽപ്പോലും അത് അങ്ങനെയായേ തീരൂ. കാരണം, അത് ജീവിതത്തിന്റെ നിരന്തരവും മാറ്റമില്ലാത്തതുമായ ഒരു നിയമമാണ്. ദൈവത്തിനു താൽപ

മറ്റുള്ളവരോട് തങ്ങൾ ചെയ്ത തെറ്റുകൾക്ക് ക്ഷമ ചോദിക്കുന്നവരായി മിക്കവാറും ആരും തന്നെയില്ല. തങ്ങൾ ക്ഷമ ചോദിക്കുന്നപക്ഷം മറ്റേയാളിന് തങ്ങളെക്കുറിച്ചുള്ള മതിപ്പു കുറഞ്ഞു പോകുമെന്ന് അവർ ചിന്തിക്കുന്നു. ശരിയാണ്, നിങ്ങൾ സ്വന്തകുറ്റം സമ്മതിക്കുമ്പോൾ ഭോഷന്മാരായ എല്ലാവർക്കും നിങ്ങളെക്കുറിച്ചുള്ള മതിപ്പു കുറയും. എന്നാൽ അതോടൊപ്പം തിർച്ചയായും ദൈവത്തിന് നിങ്ങളെക്കുറിച്ചുള്ള മതിപ്പു വർദ്ധിക്കും. ദൈവം നിങ്ങളെ മാനിക്കുന്നതുമൂലം ഭോഷരായ ജനങ്ങളുടെ ദൃഷ്ടിയിൽ നിങ്ങൾക്കുണ്ടാകുന്ന അപമാനം മറന്നു കളയുക.

ര്യമുള്ള കാര്യം നാം പൂർണ്ണമായി രക്ഷിക്കപ്പെടണം എന്നതാണ്. നമുക്ക് ദൈവ വചനത്തിൽ സജീവ താൽപര്യം ഉണ്ടായിരിക്കുകയും അതു നാം അനുസരിക്കുകയും ചെയ്യുന്നുവെങ്കിൽ മാത്രമേ അതു സാധ്യമാകൂ. തന്നെത്താൻ താഴ്ത്തുന്നതിൽ അഭിരുചിയുള്ളവരായി എത്ര ആളുകൾ ഉണ്ടെന്നാണ് നിങ്ങൾക്കു തോന്നുന്നത്? മിക്കവാറും ആരുമില്ല തന്നെ. പിന്നെ എന്തിലാണ് ആളുകൾക്ക് അഭിരുചി? അതിലൊരു കാര്യം ഇതാണ്: തങ്ങളുടെ അവസ്ഥ എത്ര മോശമായാലും അത് ആരും അറിയരുത്. ഒന്നും വഴിതെറ്റി സംഭവിച്ചിട്ടില്ലെന്നു കാണിപ്പാൻ അവർ പുഞ്ചിരിക്കുകയും ഭാവം നടിക്കുകയും വിവിധവേഷങ്ങൾ അഭിനയിക്കുകയും ചെയ്യും. അതിലാണ് ആളുകൾക്ക് അഭിരുചി. ആ അഭിരുചി അവർ ഉപയോഗിക്കുകയും ചെയ്യും.

മറ്റുള്ളവരോട് തങ്ങൾ ചെയ്ത തെറ്റുകൾക്ക് ക്ഷമ ചോദിക്കുന്നവരായി മിക്കവാറും ആരും തന്നെയില്ല. തങ്ങൾ ക്ഷമ ചോദിക്കുന്നപക്ഷം മറ്റേയാളിന് തങ്ങളെക്കുറിച്ചുള്ള മതിപ്പു കുറഞ്ഞു പോകുമെന്ന് അവർ ചിന്തിക്കുന്നു. ശരിയാണ്, നിങ്ങൾ സ്വന്തകുറ്റം സമ്മതിക്കുമ്പോൾ ഭോഷന്മാരായ എല്ലാവർക്കും നിങ്ങളെക്കുറിച്ചുള്ള മതിപ്പു കുറയും. എന്നാൽ അതോടൊപ്പം തിർച്ചയായും ദൈവത്തിന് നിങ്ങളെക്കുറിച്ചുള്ള മതിപ്പു വർദ്ധിക്കും. ദൈവം നിങ്ങളെ മാനിക്കുന്നതുമൂലം ഭോഷരായ ജനങ്ങളുടെ ദൃഷ്ടിയിൽ നിങ്ങൾക്കുണ്ടാകുന്ന അപമാനം മറന്നു കളയുക. ദൈവത്താലുള്ള മാനം മാത്രമാണ് പ്രധാനം. ദൈവത്തിന്റെ സഖിത്വം പ്രതിഫലമുള്ളതാണ്. താൻ സ്ഥാപിച്ച ഒരു സഭയ്ക്ക് പൗലോസ് ഇപ്രകാരം എഴുതി: "നിങ്ങൾ പുറമേയുള്ളതുമാത്രം നോക്കുന്നു." (2 കൊരി. 10 : 17). തത്ത്വചിന്തകനായ സോക്രട്ടീസിന്റെ കാര്യം എടുക്കുക.അദ്ദേഹം അകമേയുള്ളതു മാത്രമേ നോക്കിയിരുന്നുള്ളു. താൻ അകമേ സൗന്ദര്യമുള്ളവനായിത്തീരുവാൻ സോക്രട്ടീസ് പ്രാർത്ഥിച്ചു. ഒരൊറ്റ ദൈവവചനം പോലും അദ്ദേഹത്തിനു ലഭിച്ചിരുന്നില്ല. എങ്കിലും വളരെ ജാഗ്രതയോടെ അദ്ദേഹം ദൈവത്തെ അന്വേഷിക്കുകയാൽ ദൈവം തന്നെത്തന്നെ അത്ഭുതകരമായ വലിയൊരളവിൽ അദ്ദേഹത്തിനു വെളിപ്പെടുത്തി. പക്ഷേ ഒരൊറ്റ ദൈവവചനം പോലും അദ്ദേഹത്തിന് അറിവുണ്ടായിരുന്നില്ല.

താൻ വചനം അഭ്യസിപ്പിച്ചിരുന്നവരും തന്നെപ്പോലെയുള്ള അതേ പരിശീലനവും പരിജ്ഞാനവും ലഭിച്ചിരുന്നവരുമായ കൊരിന്ത്യസഭാംഗങ്ങൾക്ക് ഇവിടെ പൗലോസ് എഴുതുന്നതു ശ്രദ്ധിക്കുക. ക്രിസ്തുവിന്റെ സാക്ഷ്യം അവരിൽ ഉറപ്പായി വ്യാപരിച്ചിരുന്നു.അവർക്ക് ഒരു കൃപാവരത്തിലും കുറവുണ്ടായിരുന്നില്ല. അന്യഭാഷാഭാഷണത്തിൽ അവർ പ്രഗല്ഭരായിരുന്നു. ഇപ്രകാരമുള്ളവർക്കാണ് — "നിങ്ങൾ പുറമേയുള്ളതു മാത്രം നോക്കുന്നു" എന്ന് അദ്ദേഹം എഴുതിയത്. ഇതിന് ഒരല്പം വിശദീകരണം ആവശ്യമാണ്. ആത്മീയ കാര്യങ്ങളിൽപ്പോലും അത് ആളുകളിൽ ഉളവാക്കുന്ന മതിപ്പ്, അവരുടെ പ്രതികരണം, അഭിപ്രായം തുടങ്ങിയവയെപ്പറ്റിയായിരുന്നു അവരുടെ ശ്രദ്ധ.ഇപ്രകാരം ആന്തരിക കാര്യങ്ങൾപോലും അവർക്ക് ബാഹ്യങ്ങളായിപ്പരിണമിച്ചു. ഓരോ കാര്യത്തെപ്പറ്റിയും സംസാരിക്കുമ്പോൾ അതു വളരെ ഭംഗിയായിത്തോന്നത്തക്ക വിധം അവതരിപ്പിക്കുവാൻ സാധ്യമാണ്. അതുനിമിത്തം അത് എന്തോ വലിയ കാര്യമാണെന്ന് ബുദ്ധിഹീനർക്കു തോന്നും. ഉദാഹരണമായി കൊരിന്തിലുള്ള ഒരുകൂട്ടർ സുബോധം കൈവിട്ടവരോ എന്നു തോന്നുമാറ് അന്യഭാഷകളിൽ സംസാരിച്ചപ്പോൾ 'ഇവർ എത്ര ആത്മനിറവുള്ളവർ' എന്നു ബുദ്ധിഹീനർ വിസ്മയിച്ചു. എന്നാൽ അവരുടെ ഇടയിൽ ഭിന്നതയും അസൂയയും നിലവിലിരുന്നതായി പൗലൊസ് എഴുതുന്നു. അവരിൽ ഒരാൾ പൗലൊസിനെയും മറ്റൊരാൾ പത്രോസിനെയും മൂന്നാമതൊരാൾ അപ്പൊല്ലോസിനെയും പിന്താങ്ങി. അവർ ജഡികരായിരുന്നതിനാൽ ആത്മീയരോട് എന്നപോലെ അവരോടും സംസാരിക്കുക സാധ്യമായിരുന്നില്ല.

'ആളുകളിൽ നല്ല മതിപ്പുളവാക്കുക' എന്ന പേരിൽ അറിയപ്പെടുന്ന ഒരു കാര്യമുണ്ട്. പരിജ്ഞാനം മൂലവും കൃപാവരങ്ങൾ മൂലവും ഇപ്രകാരം മതിപ്പുളവാക്കുവാൻ ആളുകൾ ശ്രമിച്ചെന്നു വരാം.അതിനെ അഭിനന്ദിക്കുവാനുള്ള ഒരു അഭിരുചി ബുദ്ധിഹീനർക്കുള്ളതിനാൽ അക്കൂട്ടരിൽ മതിപ്പുളവാക്കുവാൻ ചിലർക്കു കഴിയും. ഉച്ചത്തിലുള്ള ഹല്ലേലൂയാ വിളികൊണ്ട് അത്ഭുതകരമായ ഒരന്തരീക്ഷം ഒരാൾ സൃഷ്ടിച്ചെന്നു വരാം.

ഓരോ കാര്യത്തെപ്പറ്റിയും സംസാരിക്കുമ്പോൾ അതു വളരെ ഭംഗിയായിത്തോന്നത്തക്ക വിധം അവതരിപ്പിക്കുവാൻ സാധ്യമാണ്. അതുനിമിത്തം അത് എന്തോ വലിയ കാര്യമാണെന്ന് ബുദ്ധിഹീനർക്കു തോന്നും. ഉദാഹരണമായി കൊരിന്തിലുള്ള ഒരുകൂട്ടർ സുബോധം കൈവിട്ടവരോ എന്നു തോന്നുമാറ് അന്യഭാഷകളിൽ സംസാരിച്ചപ്പോൾ 'ഇവർ എത്ര ആത്മനിറവുള്ളവർ' എന്നു ബുദ്ധിഹീനർ വിസ്മയിച്ചു. എന്നാൽ അവരുടെ ഇടയിൽ ഭിന്നതയും അസൂയയും നിലവിലിരുന്നതായി പൗലൊസ് എഴുതുന്നു.

അതിൽ ഒരു വലിയ ആത്മവ്യാപാരം ഉണ്ടെന്ന് നിങ്ങൾ ചിന്തിച്ചേക്കാം. എന്നാൽ പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവാണ്. ഇതാകട്ടെ, സത്യമോ യഥാർത്ഥമോ ആയ കാര്യമല്ല. അഭിനയമാണ് ഇതിൽ കൂടുതലായും ഉള്ളത്. വിശ്വാസികളിൽ പലർക്കും ഇത്തരം ബാഹ്യകാര്യങ്ങളിലാണ് താൽപര്യം. ഭൗമികമായ കാര്യങ്ങളെ ആളുകൾ അഭിനന്ദിക്കയും വിലപ്പെട്ടതായിക്കരുതുകയും ചെയ്യുന്നു. സഭയുടെ മധ്യത്തിൽത്തന്നെ ഈ വിധത്തിൽ അധഃപതനപ്രവണതയുണ്ടാവാൻ സാധ്യതയുണ്ട്. ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുകയാണ് നാം ചെയ്യേണ്ടത്. നമ്മെ എപ്രകാരം രക്ഷിക്കണം എന്ന് ദൈവം അറിയുന്നു. അതിനായി നാം ദൈവത്തെ സ്തുതിക്കണം. അവിടത്തേക്ക് ഈ അറിവുണ്ടെന്നതു മാത്രമല്ല, നാം കൈക്കൊള്ളുവാൻ മനസ്സുള്ളവരെങ്കിൽ അവിടുന്ന് അത് പ്രായോഗികമാക്കുകയും ചെയ്യും. വിശിഷ്ട വസ്ത്രങ്ങളെയും വിലപിടിച്ച

ബാഹ്യകാര്യങ്ങൾക്ക് എന്റെ സന്തുഷ്ടിയെ ലേശവും വർദ്ധിപ്പിക്കുവാൻ കഴിവില്ല. നിങ്ങൾക്ക് എന്തെങ്കിലും ദാനമായി ലഭിക്കുമ്പോൾ നിങ്ങൾ സന്തോഷിച്ചേക്കാം. അത് ഒരു പുഷ്പമാണെന്നിരിക്കട്ടെ. എന്നാൽ നിങ്ങൾ ഉള്ളിൽ ഒരു പൂന്തോട്ടം തന്നെയുള്ളവനാണെങ്കിൽ ഈ പുഷ്പം നിങ്ങളുടെ സന്തുഷ്ടിയെ വർദ്ധിപ്പിക്കുന്നില്ല. ദൈവഭയം പൂക്കൾ നിറഞ്ഞ ഒരു പൂന്തോട്ടം പോലെയാണെന്ന് സിറാക്ക് എഴുതിയിട്ടുണ്ട്. പൂർണ്ണഹൃദയത്തോടെ നിങ്ങൾ ദൈവത്തെ ഭയപ്പെടുമ്പോൾ നിങ്ങൾ പൂർണ്ണരക്ഷ അവകാശമാക്കും. അപ്പോൾ നിങ്ങൾക്ക് ഉള്ളിൽ ഒരു പൂന്തോട്ടം ഉണ്ടാകും.

വസ്തുക്കളെയും ആളുകൾ ആരാധിക്കുന്നു.എന്നാൽ ആത്മാവിലും സത്യത്തിലും തന്നെ നമസ്കരിക്കുന്ന സത്യനമസ്കാരികളെയാണ് ദൈവം അന്വേഷിക്കുന്നത്.റോമർ ഒന്നാമധ്യായത്തിൽ സൃഷ്ടിയെ ആരാധിക്കുന്നവരെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. സ്രഷ്ടാവിനെ ആരാധിക്കുന്നതിനു പകരം ഇതു ചെയ്യുന്നവരാണ് ബഹുഭൂരിപക്ഷം പേരും.

യെശയ്യാവ് 2 : 12 — 16. "യഹോവയുടെ നാൾ ..... കാഴ്ചയിൽ സുന്ദരമായ എല്ലാറ്റിന്മേലും വരും. "(നോർവീജിയൻ തർജ്ജമ) കാഴ്ചയിൽ സുന്ദരമായ പല കാര്യങ്ങൾ ഉണ്ട്.അവ ആളുകളുടെ മനസ്സിൽ വലിയൊരു മതിപ്പുളവാക്കുന്നു. ഇത്തരം കാര്യങ്ങളെ നോക്കി അഭിനന്ദിക്കുന്നതിലൂടെ ആന്തരികവ്യക്തിത്വത്തിൽ നിങ്ങൾക്ക് എത്രമാത്രം രൂപാന്തരം ഉണ്ടാകും?സത്യം ഇതാണ്:— ഈ കാര്യങ്ങൾ എനിക്ക് എത്രമാത്രം വലുതായിത്തോന്നുന്നുവോ യഥാർത്ഥവിലയുള്ള കാര്യങ്ങൾ അത്രയ്ക്കു കുറവായി മാത്രമേ എനിക്കു ലഭിക്കുന്നുള്ളു. ബാഹ്യകാര്യങ്ങൾക്ക് എന്റെ സന്തുഷ്ടിയെ ലേശവും വർദ്ധിപ്പിക്കുവാൻ കഴിവില്ല. നിങ്ങൾക്ക് എന്തെങ്കിലും ദാനമായി ലഭിക്കുമ്പോൾ നിങ്ങൾ സന്തോഷിച്ചേക്കാം. അത് ഒരു പുഷ്പമാണെന്നിരിക്കട്ടെ. എന്നാൽ നിങ്ങൾ ഉള്ളിൽ ഒരു പൂന്തോട്ടം തന്നെയുള്ളവനാണെങ്കിൽ ഈ പുഷ്പം നിങ്ങളുടെ സന്തുഷ്ടിയെ വർദ്ധിപ്പിക്കുന്നില്ല. ദൈവഭയം പൂക്കൾ നിറഞ്ഞ ഒരു പൂന്തോട്ടം പോലെയാണെന്ന് സിറാക്ക് എഴുതിയിട്ടുണ്ട്. പൂർണ്ണഹൃദയത്തോടെ നിങ്ങൾ ദൈവത്തെ ഭയപ്പെടുമ്പോൾ നിങ്ങൾ പൂർണ്ണരക്ഷ അവകാശമാക്കും. അപ്പോൾ നിങ്ങൾക്ക് ഉള്ളിൽ ഒരു പൂന്തോട്ടം ഉണ്ടായിത്തീരും. ഇതാണ് ദൈവവചനം. ദൈവം ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ.അവിടത്തെ അഭിരുചിക്കു മാറ്റം ഉണ്ടായിട്ടില്ല. യെശയ്യാവിന്റെ കാലത്തും പൗലൊസിന്റെ കാലത്തും ദൈവത്തിനുണ്ടായിരുന്ന അതേ അഭിരുചി തന്നെയാണ് ഇന്നും അവിടുത്തേക്കുള്ളത്. നാം എളിമയുള്ള കാര്യങ്ങളോട് പറ്റിച്ചേർന്നിരിക്കണമെന്ന് പൗലോസ് എഴുതിയിരിക്കുന്നു. അതു മാത്രമല്ല, എളിയകാര്യങ്ങൾ തിരഞ്ഞെടുക്കുന്ന ഒരു പ്രവണത തന്നെ നമുക്കുണ്ടാകണം. ആളുകൾക്ക് ഇതിനുള്ള അഭിരുചിയുണ്ടോ?ഇല്ലെന്നു തന്നെയല്ല, അതിനുനേരേ വിപരീതമായ ഒരഭിരുചി കാണുകയും ചെയ്യുന്നു. അതിനാലാണ് എളിയവരോടു ചേർന്നുകൊൾവാൻ പൗലൊസ് പ്രബോധിപ്പിച്ചത്.

യെശയ്യാവ് 3:16—24. ദൈവത്തിന്റെ ഭയങ്കരക്രോധം, മിഥ്യാഭിമാനത്തിന്റെമേലും വലിയ മതിപ്പുണ്ടാക്കുന്ന സ്വഭാവത്തിന്മേലും ഭൗമിക കാര്യങ്ങളെ പ്രിയപ്പെടുന്നതിന്റെമേലും വരുന്നു. ഇവ മാത്രമല്ല ക്രോധമുളവാക്കുന്ന കാര്യങ്ങൾ. നമ്മുടെ വാക്കുകൾ മറ്റുള്ളവർക്ക് എങ്ങനെ തോന്നുന്നു, നാം കാഴ്ചയിൽ എങ്ങനെ

(ശേഷം പേജ് 38 ൽ)

ദൈവം യോജിപ്പിച്ചത്

കാതറിനും മാർട്ടിൻ ലൂഥറും-2

കന്യാസ്ത്രീമഠത്തിൽനിന്ന് ലൂഥറിന് ഒരു വധു

മാർട്ടിൻ ലൂഥറിന്റെ കാലത്തെപ്പറ്റി അല്പം അറിയുന്നത് നന്നായിരിക്കും. അന്നു സാധാരണ ജനം ബൈബിൾ വായിച്ചിരുന്നില്ല. അവരുടെ ഭാഷയിൽ ബൈബിൾ ഇല്ലായിരുന്നു. പുരോഹിതർ മാത്രം വായിക്കുന്ന ലത്തീൻ ഭാഷയിലെ വേദപുസ്തകത്തിന്റെ കയ്യെഴുത്തു പ്രതികൾ അങ്ങിങ്ങായുണ്ടായിരുന്നു. അച്ചടി വിദ്യ ലോകത്താദ്യമായി ഗുട്ടൻബർഗ് എന്നൊരാൾ ജർമ്മനിയിൽ തുടങ്ങിവച്ചതേയുണ്ടായിരുന്നുള്ളു. അക്ഷരമറിയാവുന്നവർ ചുരുക്കം. അതുകൊണ്ടുതന്നെ വായന വിരളം. പുരോഹിതന്മാർ ഞായറാഴ്ചകളിൽ പറയുന്ന ലത്തീൻ വചനങ്ങളും അതിന് അവർ നൽകുന്ന വ്യാഖ്യാനങ്ങളും ഓർമ്മയിൽ സൂക്ഷിക്കുന്നതാണ് സാധാരണക്കാരുടെ ബൈബിൾ ജ്ഞാനം. ക്രിസ്തുമതം അതിന്റെ ഇരുണ്ട കാലഘട്ടത്തിലൂടെ കടന്നുപോവുകയായിരുന്നുവല്ലോ.പൗരോഹിത്യത്തിന്റെ ജീർണ്ണത പൂർണ്ണം. 'നിങ്ങൾ വലിയവനാകാൻ ഇച്ചരിക്കുന്നവൻ എല്ലാവരുടേയും ദാസനാകണം' എന്നു പഠിപ്പിക്കേണ്ട പോപ്പ് എല്ലാ രാജ്യങ്ങളുടേയും യജമാനനായി.അയാളുടെ ആജ്ഞാനുവർത്തികൾക്കേ ഓരോ രാജ്യത്തും രാജാക്കന്മാരാകാൻപോലും സാധിച്ചുള്ളു. ഈ രാജാക്കന്മാർക്കും മുകളിലിരുന്നു രാജ്യം ഭരിച്ചത് യഥാർത്ഥത്തിൽ പുരോഹിതന്മാരായിരുന്നു. ക്രിസ്തുമതം റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായതുമുതൽ ആയിരത്തിമുന്നൂറു വർഷം പിന്നിട്ടിരുന്നു. വചനം പൊടിപിടിച്ചും കിടന്നു. 'ആ കാലത്തു വചനം ദുർലഭമായിരുന്നു. ദർശനം ഏറെയില്ലായിരുന്നു' എന്നു ശമുവേലിന്റെ കാലത്തെപ്പറ്റിപ്പറഞ്ഞത് ഓർമ്മിപ്പിക്കുന്ന അവസ്ഥ.സ്വയത്തിലാശ്രയിച്ച് ജീവിക്കാൻ പഠിച്ച മനുഷ്യന് തനിക്കു നഷ്ടപ്പെടുന്നെതെന്തെന്ന് മനസ്സിലായതുമില്ല. തന്റേതായ സമയത്ത് ദൈവം ഇരുളിന്റെ ബന്ധനത്തിൽ നിന്നു തന്റെ വചനത്തെ മോചിപ്പിച്ചു. അതിന് മുഖാന്തരമായിത്തീർന്നത് മാർട്ടിൻ ലൂഥറായിരുന്നു.

ആ സമയം വന്നത് മാർട്ടിൻ ലൂഥറിന്റെ മുപ്പത്തിമൂന്നാമത്തെ വയസ്സിലായിരുന്നു. 1517 ഒക്ടോബർ 31. 'എല്ലാ വിശുദ്ധരുടേയും ദിന'മായിരുന്നു അന്ന്. വിറ്റൻബർഗ്ഗ് ദേവാലയത്തിന്റെ വാതിലിൽ തന്റെ തൊണ്ണൂറ്റിഅഞ്ച് തർക്കസിദ്ധാന്തങ്ങൾ ആണിയടിച്ചു പതിപ്പിക്കുമ്പോൾ പണ്ഡിതോചിതമായൊരു ചർച്ച തുടങ്ങിവയ്ക്കണമെന്നേ അപ്പോൾ അദ്ദേഹം ആഗ്രഹിച്ചുള്ളു.പക്ഷേ അതു മാത്രമുണ്ടായില്ല. പകരം നവീകരണം നടന്നു.

പിന്നെയെല്ലാം ചരിത്രമാണ്. സംഭവബഹുലമായ നാലുവർഷങ്ങൾക്കൊടുവിൽ 'വേംസ്' എന്ന സ്ഥലത്ത് ഒരു സമ്മേളനം സംഘടിപ്പിച്ചു.ലൂഥറിന് തന്റെ അഭി

പ്രായം പറയാൻ അവസരം ഉണ്ടായിരിക്കും.ചക്രവർത്തിയും രാജപ്രമുഖരും ആർച്ച് ബിഷപ്പുമാരും സഭാ നേതാക്കളും ഒക്കെ ചേർന്ന്ഇരുനൂറു പ്രതിനിധികളുണ്ടായിരുന്നു. പറഞ്ഞ കാര്യങ്ങൾ പിൻവലിച്ചാൽ എല്ലാ ശിക്ഷാനടപടികളും നിർത്തിവയ്ക്കാം എന്ന അവസാനത്തെ ആയുധം ശത്രുമുന്നോട്ടുവച്ചു.തന്റെ ജീവിതത്തിലെ ഏറ്റവും കടുത്ത പ്രതിസന്ധിയായിരുന്നു അത്.മീറ്റിംഗിൽ പങ്കെടുക്കരുതെന്ന് സ്നേഹിതരിൽ ചിലർ ഉപദേശിച്ചിരുന്നതു വകവയ്ക്കാതെ ലൂഥർ പക്ഷേ അങ്ങോട്ടു പോവുകയാണുണ്ടായത്.

യോഗനടപടികൾ തുടങ്ങി. അവിടെ നിന്ന് ഒരു പക്ഷേ ജീവനോടെ പുറത്തു വരാൻ കഴിയുകയില്ലെന്നറിഞ്ഞിട്ടും താൻ എഴുതിയതിലോ പ്രസംഗിച്ചതിലോ നിന്നു പിന്മാറാൻ ലൂഥർ തരിമ്പും കൂട്ടാക്കിയില്ല. “എന്റെ മനസ്സാക്ഷി ദൈവവചനത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ആ വചനത്തിൽ ഞാൻ നിലയുറപ്പിച്ചിരിക്കുന്നു. അവിടെയാണ് ഞാൻ നില്ക്കുന്നത്. മറിച്ചു ചെയ്യാൻ എനിക്കാവില്ല. ദൈവം രക്ഷിക്കട്ടെ” എന്ന തന്റെ വിഖ്യാത പ്രസ്താവത്തോടെ ലൂഥർ മറുപടി പ്രസംഗം അവസാനിപ്പിച്ചു. കുറച്ചു ദിവസങ്ങൾക്കുശേഷം സമ്മേളന റിപ്പോർട്ടു വന്നപ്പോൾ കത്തോലിക്കാസഭ ലൂഥറെ സഭാദ്രോഹിയായി പ്രഖ്യാപിച്ചു.‘അയാളുടെ പ്രസംഗമോ ലേഖനങ്ങളോ ആരും കേൾക്കുകയോ വായിക്കുകയോ ചെയ്യരുത്.എത്രയും പെട്ടെന്ന് അയാളെ അറസ്റ്റ് ചെയ്തു ശിക്ഷിക്കാൻ നാട്ടുകാർ സഹായിക്കണം.പൊതുജനം തന്നെ അയാളെപ്പിടിച്ചു ജീവനോടെ ദഹിപ്പിച്ചാലും വിരോധമില്ല.’- ഇതായിരുന്നു വിധി.

മീറ്റിംഗിൽ നിന്നു പുറത്തിറങ്ങിയ ലൂഥറെ പൊലീസുകാർ അറസ്റ്റ് ചെയ്തു. ഒരു കുതിരവണ്ടിയിൽ ബലമായി കയറ്റി പാഞ്ഞുപോയി. എന്താണ് സംഭവിക്കുന്നതെന്നറിഞ്ഞില്ലെങ്കിലും തന്റെ നിയോഗം പൂർത്തിയാക്കിയ സംതൃപ്തി അദ്ദേഹത്തിനുണ്ടായിരുന്നു. ‘പോലീസുകാർ’ വാർട്ട്ബർഗ്ഗ് എന്ന സ്ഥലത്തെ ഒരു കോട്ടയിലേക്കാണ് അദ്ദേഹത്തെക്കൊണ്ടുപോയത്. പോലീസിന്റെ വേഷത്തിലെത്തി അറസ്റ്റ് ചെയ്തതു പോപ്പിന്റെ ആളുകളല്ലെന്നും തന്റെ തന്നെ രഹസ്യ അനുയായികളാണെന്നും പിന്നീടാണ് ലൂഥർക്ക് മനസ്സിലായത്.തന്റെ ഭക്തനു വേണ്ടി ദൈവം എല്ലാം മുന്നൊരുക്കിയിരുന്നു!

ഇതിനിടയിൽ ലൂഥർ കൊലപ്പെട്ടു എന്ന വാർത്ത വന്നു.അനുശോചന മീറ്റിംഗുകളൊക്കെ ഉണ്ടായിരുന്നു. പട്ടക്കാരനെപ്പോലെ അല്ല ഒരു പ്രഭുവിനെപ്പോലെ വസ്ത്രം ധരിച്ച് ‘സർ ജോർജ്’ എന്ന പേരിൽ തന്റെ സേവകർക്കുപോലും അജ്ഞാതനായി അവിടെക്കഴിഞ്ഞു. ലോകത്തുനിന്നും ‘മൺമറഞ്ഞു’ കഴിഞ്ഞ ആ എട്ടുമാസം കൊണ്ട് മറ്റൊരു വിപ്ലവത്തിന് പരിശുദ്ധാത്മാവ് ലൂഥറെ പ്രേരിപ്പിച്ചു. പുതിയ നിയമം തന്റെ പ്രിയപ്പെട്ട മാതൃഭാഷയിലേക്കു തർജ്ജമ ചെയ്യാൻ സാധിച്ചു. ഇന്നു കേൾക്കുമ്പോൾ നമുക്കു വലുതായൊന്നും തോന്നിയില്ലെങ്കിലും ആ പ്രയത്നം പലിയൊരു ചുവടുവയ്പായിരുന്നു.ലത്തീൻ പരിഭാഷയ്ക്കുശേഷം ആദ്യമായാണ് ഒരു നാട്ടുഭാഷയിൽ ബൈബിൾ വരുന്നത്. ഇംഗ്ലീഷിലോ മറ്റു യൂറോപ്യൻ ഭാഷകളിലോ ബൈബിൾ ഇല്ലായിരുന്നു എന്നോർക്കണം. ലൂഥറുടെ ബൈബിളിന്റെ ചുവടു പിടിച്ചാണ് മറ്റു ഭാഷകളിൽ ബൈബിളുകളുണ്ടായത്.മിക്കപ്പോഴും പ്രാദേശിക ഭാഷയിലെ ആദ്യത്തെ കൃതിയും ഇതുതന്നെയായിരുന്നു.തുടർന്നു മറ്റു രചനകളും ഉണ്ടായി. അങ്ങനെ യൂറോപ്പ് മുഴുവൻ വ്യാപിച്ച ഒരു ഭാഷാവിപ്ലവം തന്നെ നടന്നു. ഭാഷാശുദ്ധികൊണ്ടും ശൈലിപ്രയോഗം

കൊണ്ടും ലൂഥറിന്റെ തർജ്ജമ ജർമ്മൻ ഭാഷയിലെ മഹത്തായ ഒരുസാഹിത്യസൃഷ്ടിയായി ഇന്നും പരിഗണിക്കപ്പെടുന്നു. അങ്ങനെ പൊതുജനത്തിന് അവരുടെ ഭാഷയിൽ വേദപുസ്തുകം വായിക്കാമെന്നായി. ഇതിനു തൊട്ടുമുമ്പ് ജർമ്മനിയിൽത്തന്നെ കണ്ടുപിടിക്കപ്പെട്ട അച്ചടി വിദ്യ ഉപയോഗിച്ചു ബൈബിൾ പ്രിന്റ് ചെയ്ത് പുറത്തിറങ്ങാൻ തുടങ്ങി. ഇരുളിനു മാറുകയേ നിവൃത്തിയുണ്ടായുള്ളു.

ബൈബിൾ മാത്രമല്ല ഇക്കാലത്തെഴുതിയത്.വിശദീകരണം ആവശ്യമായ എല്ലാ വിഷയങ്ങളേയും പറ്റിയുള്ള ദീർഘമായ കുറിപ്പുകൾ ഒന്നിനുപുറകേ ഒന്നായി വന്നുകൊണ്ടിരുന്നു.കൂടാതെ വർഷം മുഴുവൻ ഉപയോഗിക്കാൻ പാകത്തിൽ ശുശ്രൂഷകർക്കു വേണ്ടിയെഴുതിയ പ്രസംഗങ്ങൾ.

ഈ സമയം നവീകരണം, ലൂഥറെത്തന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് പല മേഖലയിലേക്കും വ്യാപിച്ചു. എല്ലാ മാറ്റങ്ങളും വചനത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല. എന്നാൽ അങ്ങനെയായിരിക്കണമെന്ന് ലൂഥർക്കു വാശിയുണ്ടായിരുന്നു. ആയിടെ കർഷകത്തൊഴിലാളികൾ ഭൂവുടമകൾക്കെതിരെ തിരിഞ്ഞു. ലൂഥർ എഴുതിയതിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടാണ് തങ്ങൾ സമരത്തിനിറങ്ങിയതെന്ന് അവർ പറഞ്ഞു. എന്നാൽ ക്രിസ്തീയമായ ഒരു പെരുമാറ്റ രീതി കാണായ്കയാൽ അവർക്കു നേതൃത്വം കൊടുക്കാൻ അദ്ദേഹം തയ്യാറായില്ല. അതോടെ ലൂഥർ പലരുടെയും കണ്ണിലെ കരടായിത്തീർന്നു.

വർഷം 1525.തൊണ്ണൂറ്റഞ്ചു സിദ്ധാന്തങ്ങൾ എഴുതിയതിനുശേഷം എട്ടു വർഷവും, ‘ഇവിടെത്തന്നെ ഞാൻ നിർക്കുന്നു’ എന്നു മീറ്റിംഗിൽ പ്രഖ്യാപിച്ചിട്ട് നാലുവർഷവും മുന്നോട്ടു പോയിരിക്കുന്നു. ഇപ്പോൾ തന്റെ അവസ്ഥ എന്ത്? ഇന്നും താൻ പോപ്പിനാൽ വേട്ടയാടപ്പെട്ടും കർഷകരാൽ വെറുക്കപ്പെട്ടും മൗലികവാദികളാൽ ദ്രോഹിക്കപ്പെട്ടും ഇരിക്കുന്നു.ചെയ്തതെല്ലാം ശരിയായിരുന്നോ? താൻ മനസ്സിൽക്കണ്ട മാറ്റമെവിടെ? ഇവിടെ ഇപ്പോൾ നടക്കുന്നതെന്ത്? ഇനി തനിക്ക് എന്തെങ്കിലും ചെയ്യാനുണ്ടോ? ഈ വക ചിന്തകളുമായി മനസ്സ് തളർന്നിരുന്ന ഈ സമയത്താണ് മാർട്ടിൻ ലൂഥർ വിവാഹിതനായത്. തന്റെ ജീവിതത്തിലെ ഒരു സുപ്രധാന വഴിത്തിരിവ്.

വധു: കാതറിൻ ഫൺ ബോറ.മാർട്ടിനെക്കാൾ പതിനാറ് വയസ്സിന് ഇളയതായിരുന്നു കാതറിൻ. അഞ്ചുവയസ്സുള്ളപ്പോൾ അമ്മ മരിച്ചു. അതുകൊണ്ട് അപ്പൻ കാതറിനെ ബോർഡിംഗ് സ്കൂളിലാക്കി. ഒമ്പതു വയസ്സായപ്പോൾ അവിടെനിന്നു മാറ്റി കന്യാസ്ത്രീമഠത്തിൽ ചേർത്തു. കഷ്ട്പ്പാടു നിറഞ്ഞ ആ ജീവിതം നയിച്ചു വരവെ, പതിനാറാമത്തെ വയസ്സിൽ വ്രതം എടുത്തു മുഴുവൻ സമയ സന്യാസിനിയായി. രണ്ടു വർഷത്തിനുശേഷം ഡോ. മാർട്ടിൻ ലൂഥർ എന്നൊരു പാതിരി ഒരു നോട്ടീസ് പള്ളിയുടെ വാതിലിൽ പതിക്കുമെന്നോ, നവീകരണ വിപ്ലവം നടക്കുമെന്നോ, അങ്ങനെ സ്വപ്നത്തിൽപ്പോലും കാണാത്ത രീതിയിൽ തന്റെ ജീവിതം മാറിമറിയുമെന്നോ ആ പെൺകുട്ടി അന്നറിഞ്ഞില്ല.

രക്ഷയെന്നത് ദൈവത്തിന്റെ ദാനമാണെന്നും നമ്മുടെ അനുഷ്ഠാനങ്ങൾകൊണ്ട് അതു നേടിയെടുക്കാനാവില്ലെന്നുമുള്ള ലൂഥറിന്റെ ആശയങ്ങളിൽ ആകൃഷ്ടരായി നിരവധി വൈദികരും കന്യാസ്ത്രീകളും പള്ളികളും മഠങ്ങളും വിട്ടു പുറത്തുവന്നു. മഠങ്ങളിൽ നിന്നു രക്ഷപ്പെടുന്നത് പക്ഷേ അത്ര എളുപ്പമായിരുന്നില്ല.ശ്രമിച്ചു പരാജയപ്പെട്ട പലരേയും ക്രൂരമായി ശിക്ഷിക്കുകയും പണ്ടത്തെക്കാൾ ഭീകരമായ ബന്ധനത്തിലാക്കുകയും ചെയ്തു. കാതറിന്റെ മഠത്തിൽ നവീനാശയക്കാരായ പന്ത്രണ്ടു സന്ന്യാ

സിനിമാരുണ്ടായിരുന്നു. തങ്ങളെ അവിടെനിന്നു രക്ഷിക്കണമെന്നപേക്ഷിച്ച് അവർ ലൂഥറിന് രഹസ്യത്തിൽ ഒരു കത്തെഴുതി.

സുരക്ഷാസംവിധാനങ്ങൾ ശക്തമായിരുന്നൊരു സ്ഥാനത്തു നിന്ന് അവരെ രക്ഷിക്കുക എളുപ്പമല്ലായിരുന്നു.പോരാത്തതിന് അവരുടെമഠം ലൂഥറിന്റെ എതിർചേരിയിലെ ഒരാളുടെ ഭരണത്തിൻ കീഴിലും. ഇതുപോലെ കുറേപ്പേരെ രക്ഷിക്കാൻ ശ്രമിച്ച ഒരാളെ ആയിടെ അയാൾ തൂക്കിലേറ്റിയിരുന്നു. ജീവനിൽ കൊതിയുള്ളവരാരും അവരെ രക്ഷിക്കാൻ മുന്നോട്ടു വരികയില്ലെന്നുറപ്പ്. ഒരു കാരണവശാലും പാളിപ്പോകാത്ത ഒരു പദ്ധതി ആവിഷ്കരിക്കുകയും നടപ്പാക്കുകയും വേണം.

അടുത്തൊരു പട്ടണത്തിൽ ലിയ�ൊനാഡ് കോപ്പ് എന്നൊരു വിശ്വാസിയുണ്ടായിരുന്നു. ബിസിനസ്സുകാരനായ ഇദ്ദേഹം ടൗൺ കൗൺസിൽ മെമ്പറും ഏവരും ബഹുമാനിക്കുന്ന ആളുമായിരുന്നു. ഇയാളാണ് നമ്മുടെ കന്യാസ്ത്രീമഠത്തിലേക്ക് ഉണക്കമീൻ കൊടുക്കാൻ കോൺട്രാക്ട് എടുത്തിരുന്നത്. വിനിമയ സംവിധാനങ്ങളൊക്കെ ഏറ്റവും ചുരുങ്ങിയ നിലയിലായിരുന്ന അക്കാലത്ത്, ജീവൻ പണയം വച്ച്,എങ്ങനെ അദ്ദേഹം ഇതു സാധിച്ചെടുത്തു എന്നു നമ്മൾ അത്ഭുതപ്പെട്ടുപോകും. വിശദാംശങ്ങൾ പലതും ഇന്നും രഹസ്യമാണ്. ഒരു ദിവസം ലിയൊനാഡും ഒരു ബന്ധുവും കൂടി തന്റെ ക്യാൻവാസ് കൊണ്ടുമൂടിയ വണ്ടിയിൽ പന്ത്രണ്ടു ബാരൽ ഉണക്കമീനും കയറ്റി മഠത്തിലെത്തുന്നു. മീൻ അവിടെ ഇറക്കി പന്ത്രണ്ടു കാലി ഭരണികളുമായി മടങ്ങിപ്പോരുന്നു. ഭരണികൾ കാലിയായിരുന്നില്ലെന്നുമാത്രം.

അങ്ങനെ ഒമ്പതു കന്യാസ്ത്രീകൾ ലൂഥറുടെ അടുത്തെത്തി.മൂന്നുപേർ സ്വന്തം വീടുകളിലേക്ക് മടങ്ങി. ഒമ്പതുപേർക്ക് എന്തെങ്കിലും ജോലിയോ അല്ലെങ്കിൽ ഭർത്താക്കന്മാരെയോ കണ്ടു പിടിക്കുക എന്നത് ലൂഥറിന്റെ തലവേദനയായി.രണ്ടും ബുദ്ധിമുട്ടായിരുന്നു.പാടുകയോ പ്രാർത്ഥിക്കുകയോ ചെയ്യാമെന്നതൊഴികെ ഇവർക്ക് വേറൊന്നും അറിയില്ലായിരുന്നു.പലരും ചെറുപ്പവുമായിരുന്നില്ല. എന്നിരുന്നാലും ഒരാളൊഴികെ എല്ലാവർക്കും ഭർത്താക്കന്മാരെക്കിട്ടി. രണ്ടു വർഷത്തിനുശേഷം മിച്ചം വന്നത് കാതറിൻ ഫൺ ബോറ മാത്രം. ആർക്കും വേണ്ടാത്തതുകൊണ്ടായിരുന്നില്ല. ന്യൂറംബർഗിലെ ഒരു ചെറുപ്പക്കാരന് കാതറിനെ വലിയ ഇഷ്ടമായിരുന്നു. പക്ഷേ അയാളുടെ മാതാപിതാക്കൾ വിവാഹത്തിന് സമ്മതിച്ചില്ല. അയാൾ കാതറിനെ ഉപേക്ഷിച്ച് വേറൊരുവളെ വിവാഹം ചെയ്തു. കാതറിനെ വല്ലാതെ ഉലച്ച സംഭവമായിരുന്നു അത്.ലൂഥർ ഇക്കാലത്ത് പലരേയും നിർദ്ദേശിച്ചെങ്കിലും അതൊന്നും അവർക്കിഷ്ടമായില്ല. അവസാനം കാതറിൻ രണ്ടു പേരുകൾ മുന്നോട്ടുവച്ചു. രണ്ടാമത്തെയാൾ ലൂഥറായിരുന്നു.

ദൈവദത്തമായ ഒരു സ്ഥാപനമാണ് വിവാഹം എന്ന് എത്രയോ കൊല്ലമായി താൻ പഠിപ്പിക്കുന്നു. വൈദികർ ബ്രഹ്മചാരികളായിരിക്കണമെന്ന് വേദപുസ്തകം അനുശാസിക്കുന്നില്ല.മനുഷ്യരാൽ ഉണ്ടായ ഒരാചാരം പാലിക്കാൻ താൻ ബാദ്ധ്യസ്ഥനുമല്ല.അങ്ങനെയെങ്കിൽ താൻ പ്രസംഗിച്ചത് പ്രാവർത്തികമാക്കാൻ ഇപ്പോൾ ഒരവസരം വന്നിരിക്കുന്നു. തീരുമാനം എളുപ്പമായിരുന്നില്ല. മുമ്പെന്നത്തേയും പോലെ പരിശുദ്ധാത്മാവിന്റെ പച്ചക്കൊടിക്കായി കാത്തിരുന്നു.

ആ സമയം ഭയാശങ്കകൾ പലതും മനസ്സിൽ വന്നുകൊണ്ടിരുന്നു.ശത്രുക്കൾ തന്നെ ചുട്ടെരിച്ചു കൊന്നാലോ? വിവാഹശേഷമാണെങ്കിൽ ഭാര്യയേയും കൊന്നെന്നു വരാം. പക്ഷേ കാതറിന് ഭയമില്ലായിരുന്നു.അടുത്ത ഭയം വരുമാനം

സംബന്ധിച്ചായിരുന്നു. തനിക്ക് സ്ഥിര വരുമാനമൊന്നുമില്ല. പുസ്തകങ്ങളിൽ നിന്നു റോയൽറ്റിയായും മറ്റും ഒരു പൈസപോലും വാങ്ങിയിരുന്നില്ല. മാത്രമല്ല എന്തെങ്കിലും കൈയ്യിൽ വന്നാൽ ആവശ്യത്തിലുള്ളവർക്കും കൊടുക്കുകയും ചെയ്യും.തനിക്ക് അത്യാവശ്യമില്ലാത്ത ഒരു സാധനം താൻ കയ്യിൽ വച്ചുകൊണ്ടിരിക്കുകയുമില്ലായിരുന്നു. ദൈവം കയ്യുടെ അറ്റം അഞ്ചു വിരലുകളാക്കി മാറ്റിയത് പണം അതിന്റെ ഇടയിലൂടെ കടന്നു പോകാൻ വേണ്ടിയാണെന്ന് അദ്ദേഹം പറയുമായിരുന്നു.പണമില്ലാത്തയാളെ കല്യാണം കഴിക്കാൻ ആരെങ്കിലും തയ്യാറാകുമോ? കാതറിന് അതും ഒരു ബുദ്ധിമുട്ടായിരുന്നില്ല.

അങ്ങനെ 1525 ജൂൺ 13-ാം തീയതി അവർ വിവാഹിതരായി. ലൂഥറിനു നാൽപത്തിരണ്ടും കാതറിന് ഇരുപത്തി അഞ്ചും വയസ്സായിരുന്നു.ദമ്പതിമാർ ഏറെ കടപ്പെട്ടിരുന്ന പഴയ ഉണക്കമീൻ വ്യാപാരിയെ ക്ഷണിച്ചുകൊണ്ട് ലൂഥർ എഴുതി:'ദൈവം ഇപ്പോഴും അത്ഭുതം പ്രവർത്തിക്കുകയും ലോകത്തെ ഇളിഭ്യരാക്കുകയും ചെയ്യുന്നു.തീർച്ചയായും താങ്കൾ വിവാഹത്തിന് വരണം.' വധൂവരന്മാരെ അനുമോദിക്കാൻ ധാരാളം പേരെത്തി. ശത്രുവും വെറുതെയിരുന്നില്ല. അപഖ്യാതികൾ പലതുമുണ്ടായി. 'അവരുടെ ആദ്യത്തെ കുഞ്ഞ് അന്തിക്രിസ്തുവായിരിക്കു'മെന്ന് ഒരുത്തൻ അടിച്ചുവിട്ടു.

ആളുകൾ എന്തു പറഞ്ഞാലും, ദൈവം ആശീർവദിച്ച് ആക്കിയ ദമ്പതിമാരായിരുന്നു അവർ. തലമുറകൾക്കു ക്രിസ്തീയ കുടുംബജീവിതത്തിന്റെ ഉത്തമമാതൃകയാകാൻ അവർക്കു കഴിഞ്ഞു.ഒരു ചരിത്രകാരൻ ഇങ്ങനെയെഴുതി: "ലൂഥറിന്റെ കുടുംബ ജീവിതമെന്നത് അദ്ദേഹത്തിന്റെ ജീവചരിത്രത്തിലെ ഒരേട് എന്നതിലുപരി ആധുനിക സംസ്കാരത്തെത്തന്നെ രൂപപ്പെടുത്തിയ ഒന്നാണ്. നവീകരണം നടന്നിരുന്നില്ലെങ്കിൽ പൗരോഹിത്യ ബ്രഹ്മചര്യ അതിന്റെയെല്ലാ തിന്മകളോടും കൂടി ഇന്നും സഭയിൽ നിലനിൽക്കുമായിരുന്നു. വിവാഹിതനായ പുരോഹിതനോ അവരുടെ കുടുംബമോ ഒന്നുമുണ്ടാവുകയില്ലായിരുന്നു. അത്തരം കുടുംബങ്ങളുടെ ഉപജ്ഞാതാവെന്ന നിലയിൽ മാത്രം കണ്ടാൽപ്പോലും ലൂഥറെ മനുഷ്യരാശിക്ക് ഏറ്റവും നൻമ ചെയ്തവരിലൊരാളായി കണക്കാക്കുകയും ആദരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു."

ഒരു ചരിത്രകാരൻ ഇങ്ങനെയെഴുതി: "ലൂഥറിന്റെ കുടുംബ ജീവിതമെന്നത് അദ്ദേഹത്തിന്റെ ജീവചരിത്രത്തിലെ ഒരേട് എന്നതിലുപരി ആധുനിക സംസ്കാരത്തെത്തന്നെ രൂപപ്പെടുത്തിയ ഒന്നാണ്. നവീകരണം നടന്നിരുന്നില്ലെങ്കിൽ പൗരോഹിത്യ ബ്രഹ്മചര്യ അതിന്റെയെല്ലാ തിന്മകളോടും കൂടി ഇന്നും സഭയിൽ നിലനിൽക്കുമായിരുന്നു. വിവാഹിതനായ പുരോഹിതനോ അവരുടെ കുടുംബമോ ഒന്നുമുണ്ടാവുകയില്ലായിരുന്നു. അത്തരം കുടുംബങ്ങളുടെ ഉപജ്ഞാതാവെന്ന നിലയിൽ മാത്രം കണ്ടാൽപ്പോലും ലൂഥറെ മനുഷ്യരാശിക്ക് ഏറ്റവും നൻമ ചെയ്തവരിലൊരാളായി കണക്കാക്കുകയും ആദരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു."

ലൂഥറിന്റെ വീട് - അത് പഴയൊരു സന്യാസാശ്രമമായിരുന്നു - ഒരു ഭവനമാക്കിമാറ്റുന്നത് അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. അതുപോലെ ഊർജസ്വലനായ ഒരു പണ്ഡിതനെ, പ്രസംഗകനെ, എഴുത്തുകാരനെ, അധ്യാപകനെ, സംഗീതക്കാരനെ ക്ഷമീശീലനായ ഭർത്താവും പിതാവുമൊക്കെയായി മാറ്റുന്നതും. കാതറിൻ എപ്പോഴും 'ഡോക്ടർ ലൂഥർ' എന്നേ അദ്ദേഹത്തെ വിളിച്ചുള്ളു. ലൂഥർ പക്ഷേ കാതറിനെ പല പല പേരുകൾ വിളിക്കു

മായിരുന്നു. 'കിറ്റി, എന്റെ വാരിയെല്ല്' എന്നതാണ് ഏറ്റവും പ്രശസ്തം. എല്ലാ കാര്യങ്ങളും നോക്കിനടത്തുന്നതുകൊണ്ട് 'കേറ്റ്, എന്റെ കർത്താവ്' എന്നും നല്ലൊരു നഴ്സും പച്ചമരുന്നു ചികത്സകയായതുകൊണ്ട് 'ഡോക്ടർ കാതറിൻ' എന്നുമൊക്കെ വിളിക്കും.'വിവാഹത്തിന്റെ ആദ്യവർഷം ഒരു പാടു പഠിക്കേണ്ടിവരും' എന്നു പറഞ്ഞ ലൂഥറെക്കാളും കൂടുതൽ മറ്റാർക്കും പഠിക്കേണ്ടിവന്നുകാണുകയില്ല. ഇത്രയും കാലം സ്വന്തമായി തീരുമാനമെടുത്തു മുന്നോട്ടുപോയ ഒരാൾക്ക് ഇനി വേറൊരാളുടെ ഇഷ്ടവും അനിഷ്ടവും കൂടി നോക്കണമല്ലോ. പക്ഷേ അദ്ദേഹത്തിന് ഭയപ്പെടേണ്ടതില്ലായിരുന്നു. കാതറിനെപ്പോലെ വീട്ടുകാര്യങ്ങൾ നോക്കാൻ പ്രാഗല്ഭ്യം ഉള്ള അധികം പേരെ കാണാൻ പ്രയാസമായിരുന്നു.പഴയ ആശ്രമം മനോഹരമായൊരു ഭവനമായി മാറാൻ അധികം സമയം വേണ്ടിവന്നില്ല. സദൃശ്യവാക്യങ്ങൾ 31-ലെ സ്ത്രീയെപ്പോലെയായിരുന്നു കാതറിൻ. പശുക്കളെ വളർത്തി പാലും തൈരും വെണ്ണയുമുണ്ടാക്കി.ലൂഥറിന് പോർക്ക് ഇഷ്ടമായതുകൊണ്ട് കുറേ പന്നികളേയും വളർത്തി. ഉപയോഗിക്കാതെ കിടന്ന പാടത്ത് ഒരു പച്ചക്കറിത്തോട്ടം വച്ചു പിടിപ്പിച്ചു. കൂടെ കുറെ ഫലവൃക്ഷങ്ങളും. ഒരു കുളം നിറയെ മീൻ വളർത്തി. വീട്ടാവശ്യം കഴിഞ്ഞ് മിച്ചം വന്നതെല്ലാം ചന്തയിൽ വിൽക്കുകയോ മറ്റു സാധനങ്ങളുമായ കൈമാറ്റം നടത്തുകയോ ചെയ്തു. 'എനിക്കിവിടെ മിടുമിടുക്കിയായൊരു ഭാര്യയുണ്ട്. ഭാര്യയെന്നാണോ അതോ യജമാനത്തിയെന്നാണോ ഞാൻ പറയേണ്ടത് എന്ന സംശയമേയുള്ളൂ' ലൂഥർ ഒരിക്കൽ ഇങ്ങനെ തമാശ പറഞ്ഞു.

ആ ഭവനം പെട്ടെന്നു തന്നെ തിരക്കുള്ളതായി മാറി. കാതറിന്റെ തന്നെ ആറു കുഞ്ഞുങ്ങൾ, പിന്നെ, പലപല സമയങ്ങളിലായി ഒട്ടേറെ ബന്ധുക്കൾ, കൂടെത്താമസമാക്കിയ സെമിനാരി വിദ്യാർത്ഥികൾ, പ്രസിദ്ധനായ ഭർത്താവിനെക്കാണാൻ വരുന്ന എണ്ണമറ്റ സന്ദർശകർ. പണ്ട് നാൽപതിലധികം സന്യാസികൾ താമസിച്ച വീടായിരുന്നു അത്. ഇന്നും ഏതാണ്ട് അത്രതന്നെ ക്രിസ്തു ശിഷ്യന്മാർ സന്തോഷവും സ്തുതിയുമായി അവിടെ കഴിയുന്നു. എന്നാൽ ഇവരുടെയൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കാൻ അദ്ദേഹത്തിന് സമയമില്ലായിരുന്നു എന്നതാണ് സത്യം. കൃത്യം ആറുമണിക്കെഴുന്നേറ്റ് കുട്ടികളുമൊത്ത് പ്രാർത്ഥിക്കും. പിന്നെ പത്തു കൽപ്പനകൾ, വിശ്വാസപ്രമാണം, കർത്താവിന്റെ പ്രാർത്ഥന തുടങ്ങിയവ ഏറ്റുപറയും. ഒരു സങ്കീർത്തനം ഗാനരൂപത്തിൽ പാടും. ഇതിനുശേഷം പ്രസംഗിക്കാനോ ക്ലാസ്സെടുക്കാനോ വേണ്ടി പാഞ്ഞുപോകും.ആ ദിവസം മുഴുവൻ അങ്ങനെ അങ്ങുകഴിയും. രാത്രി ക്ഷീണിച്ച് തിരിച്ചെത്തുമ്പോൾ എവിടെയെങ്കിലുമിരുന്ന് അല്പം വായിക്കാൻ സാധിച്ചാൽ ഭാഗ്യം എന്നേ പറയേണ്ടൂ. പലപ്പോഴും യാത്രകളും മറ്റുമായി ദിവസങ്ങളോളം വീടു വിട്ടു കഴിയേണ്ടിവരും. ഇങ്ങനെയൊരാൾക്കു കാതറിനെ ഭാര്യയായിക്കിട്ടിയത് യാദൃച്ഛികമായിരുന്നോ? ബുദ്ധിപൂർവ്വം ലൂഥർ കുടുംബവിഷയങ്ങൾ ഭാര്യയെ ഏൽപ്പിച്ചു. വീട്ടുകാര്യങ്ങൾ മാത്രമല്ല, വിറ്റൻബർഗ്ഗിലെ ആളുകളുടെ ആവശ്യങ്ങളിലും അവർ തുണനിന്നു. ആർക്കും എപ്പോൾ വേണമെങ്കിലും ആ വീട്ടിൽ വരാം. പ്രയാസങ്ങൾ പറയാം. ക്ഷമയോടെ കാതറിൻ എല്ലാം കേൾക്കും, പ്രാർത്ഥിക്കും. എന്തെങ്കിലും സഹായം ചെയ്യാൻ പറ്റുമെങ്കിൽ ചെയ്യും. പ്രശ്നങ്ങൾക്കു പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കും. രോഗികൾക്കു മരുന്നു കൊടുക്കും. അപവാദപ്രചാരണക്കാരുടെ വായടപ്പിച്ചുകൊണ്ട് ലൂഥറിന്റേത് അനുഗൃഹീത കുടുംബമെന്ന് പട്ടണം മുഴുവൻ അറിയാൻ ഇടയായി. അതിന്റെ സകല പ്രശംസയും കാതറിനവകാശപ്പെട്ടതായിരുന്നു.

(തുടരും)

❖

സാക്ഷ്യം

എന്റെ ആത്മീയയാത്ര - II

വിവിധ മതങ്ങളിലൂടെ സത്യം തേടി

ബിനോയ് ജയിംസ്

എന്റെ ഹൃദയത്തിലെ ഈ ബോധ്യം വെറുമൊരു തോന്നൽ മാത്രമാണെന്ന് വരുത്തിത്തീർക്കുവാൻ പല കാരണങ്ങൾ ഞാൻ കണ്ടെത്തി. വീണ്ടും ജനനം പ്രാപിച്ച എന്റെ ക്രിസ്തീയ കൂട്ടുകാരിൽ പലതെറ്റുകളും ഞാൻ കണ്ടെത്തി. "കണ്ടില്ലേ! ഇവർ ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്നുവെങ്കിലും ഞാൻ ചെയ്യുന്ന അതേ തെറ്റുകൾ ഇവരും ചെയ്യുന്നു", എന്നൊക്കെപ്പറഞ്ഞ് എന്നെത്തന്നെ ന്യായീകരിക്കുവാൻ ഞാൻ ശ്രമിച്ചു. ഇതേസമയം എന്റെ ക്രിസ്തീയ സുഹൃത്തുക്കളിൽ ചിലരെങ്കിലും യഥാർത്ഥത്തിൽ എന്നെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ മാതൃകകളായിരുന്നു. അങ്ങനെ ക്രിസ്തീയ ജീവിതത്തിന്റെ യഥാർത്ഥ അർത്ഥം അവരെന്നെ ഗ്രഹിപ്പിച്ചുവെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു.

ഉള്ളിൽ ഈ വടംവലിയുമായി ഒരു വർഷത്തോളം ഞാൻ ജീവിച്ചു. എന്നാൽ എന്റെ ഉള്ളിലെ ഈ യുദ്ധത്തിന് ഒരറുതിവരുത്തേണ്ട സമയമായെന്ന് എനിക്ക് ബോധ്യമായി. 1990 നവംബറിലെ ഏതോ ഒരു ദിവസം, എന്റെ ജീവിതം സമ്പൂർണ്ണമായും ക്രിസ്തുവിനായി ഞാൻ സമർപ്പിച്ചു. അപ്പോഴാണ് ഞാൻ ഹൃദയത്തിൽ ഒരു ക്രിസ്ത്യാനിയായിത്തീർന്നത്.

തുടർന്ന് ദൈവത്തിന്റെ വചനമാണ് ബൈബിൾ എന്നറിഞ്ഞു ഞാൻ അതിനെ സ്നേഹിക്കുവാൻ തുടങ്ങി.യുഎസ് പോസ്റ്റൽ സർവ്വീസിൽ ക്ലർക്കായി ജോലി ചെയ്തിരുന്ന സമയത്ത് എന്റെ പോക്കറ്റിൽ സ്ഥിരമായി ഒരു ചെറിയ ബൈബിൾ ഞാൻ സൂക്ഷിച്ചു.പതിനഞ്ച് മിനിറ്റ് നേരമുള്ള ഒഴിവ് വേളയിൽ ഞാനതെടുത്ത് വായിക്കുകയും പഠിക്കുകയും ചെയ്തിരുന്നു. എനിക്കത് വളരെയധികം വെളിച്ചം നൽകുന്നതായിരുന്നു. കൂടുതൽ വായിക്കുന്തോറും എന്നെക്കുറിച്ചുള്ള ദൈവിക പദ്ധതി എനിക്ക് കൂടുതൽ വ്യക്തമാകുവാനിടയായി. "സകലബുദ്ധിയെയും കവിയുന്ന ദൈവികസമാധാനം" യേശു എനിക്ക് നൽകുവാനിടയായി. ജീവിതത്തിലെ പ്രതികൂലസാഹചര്യങ്ങളെയെല്ലാം മറന്ന് യേശുവിൽ ആനന്ദിക്കുവാൻ എനിക്ക് സാധിച്ചു.

മുമ്പുസൂചിപ്പിച്ചതുപോലെ, ഈ സമയത്ത് ഞാൻ എന്റെ കോളജ് പഠനം തുടർന്നുകൊണ്ടിരിന്നു. സിറ്റികോളജിൽ നിന്നു ലേമാൻ കോളജിലേക്ക് ഞാൻ മാറുവാനിടയായി. (ന്യൂയോർക്കിലെ വാഹല്ലയിലെ വെസ്റ്റ്ചെസ്റ്റർ കമ്മ്യൂണിറ്റി കോളജിലും ചില സെമസ്റ്ററുകൾ ഞാൻ പഠനം നടത്തിയിരുന്നു.) ലേ മാൻ കോളജിൽ ചില മുസ്ലിം സുഹൃത്തുക്കളെ ഞാൻ കണ്ടുമുട്ടി. എന്റെ വിശ്വാസത്തെക്കുറിച്ച് അവർ എന്നോട് ചോദിക്കുവാനിടയായി. ഇതുവരെ എന്റെ വിശ്വാസം എനിക്ക് ഒരു യാഥാർത്ഥ്യമായിരുന്നതിനാൽ ഞാനതിൽ

പൂർണ്ണതൃപ്തനായിരുന്നു. എന്നാൽ ഇപ്പോൾ മറ്റ് മതങ്ങളെക്കുറിച്ചും അവയുടെ അവകാശവാദങ്ങളെക്കുറിച്ചും കേൾക്കുവാൻ തുടങ്ങിയപ്പോൾ ഞാൻ വീണ്ടും ചിന്തിക്കുവാൻ തുടങ്ങി.

അതുവരെ എന്റെ ക്രിസ്തീയ വിശ്വാസങ്ങൾ ആത്മനിഷ്ഠമായിരുന്നു;എന്നുവെച്ചാൽ എന്റെ അനുഭവങ്ങളുടെ വെളിച്ചത്തിലായിരുന്നു എന്റെ വിശ്വാസം.എന്നാൽ മുസ്ലിംകളും മറ്റ് മതവിശ്വാസികളും തങ്ങളുടെ ആത്മനിഷ്ഠമായ അറിവുകൾ ശരിയാണെന്ന് വിശ്വസിക്കുന്നതായി എനിക്ക് മനസ്സിലായി.യേശു എനിക്ക് ശക്തി നൽകുന്നുവെന്ന് ഞാൻ പറയുമ്പോൾ, അവർ അവരവരുടെ ദൈവങ്ങൾ തങ്ങൾക്കു ശക്തിനൽകുന്നുവെന്ന് പറയുന്നു. അതിനാൽ ഏന്റേതടക്കം സകല വിശ്വാസങ്ങളെയും ഞാൻ ചോദ്യം ചെയ്യുവാൻ തുടങ്ങി. എല്ലാമതങ്ങളും അവയാണ് ആത്യന്തികസത്യമെന്ന് അവകാശപ്പെടുന്നതായി ഞാൻ മനസ്സിലാക്കി. അവയെല്ലാം ഒരേസമയം സത്യമായിരിക്കുമോ? യേശു എന്നെ ശക്തനാക്കുന്നുവെന്ന എന്റെ ആത്മനിഷ്ഠമായ അറിവ്, മറ്റുമതസ്ഥരുടേതിലും മെച്ചപ്പെട്ടതായിരിക്കുമോ? എന്റെ വിശ്വാസം, അതായത്, യേശുവാണ് ദൈവത്തിലേക്കുള്ള ഏക മാർഗ്ഗമെന്നത് യഥാർത്ഥ സത്യമോ അല്ലയോ എന്ന് ഉറപ്പിച്ചു പറയുവാൻ കഴിയാതെ ഞാൻ വിഷമിച്ചു. ഈ സമയത്താണ് ലോകത്തിലെ പ്രമുഖ മതവിശ്വാസങ്ങളെക്കുറിച്ചും അവയുടെ അവകാശവാദങ്ങളെക്കുറിച്ചും ഗൗരവമായി പഠിക്കുവാൻ ഞാൻ തീരുമാനിച്ചത്.

അവിതർക്കിത നിയമം (Law of non-contradiction) എന്താണെന്ന് ഞാൻ ശരിയായി മനസ്സിലാക്കിയിരുന്നു. (ഉദാഹരണത്തിന്, ഒരു മേശ മുഴുവനായും തടികൊണ്ട് ഉണ്ടാക്കിയിരിക്കുന്നു എന്നും മുഴുവനായും തടികൊണ്ടല്ല ഉണ്ടാക്കിയിരിക്കുന്നതെന്നും ഒരേസമയം വാദിക്കുവാൻ കഴിയില്ല). ഇതു നാം അനുദിനജീവിതത്തിൽ പലപ്പോഴും ഉപയോഗിക്കാറുണ്ട്. അതിനാൽ ഈ നിയമം മതങ്ങളിലും ഉപയോഗിക്കുവാൻ ഞാൻ തീരുമാനിച്ചു.അങ്ങനെ ചിന്തിക്കുമ്പോൾ ഈ മതങ്ങളെല്ലാം ഒരേസമയം സത്യമാകയില്ല എന്ന് ഞാൻ തിരിച്ചറിഞ്ഞു. ഇസ്ലാംമതവും ക്രിസ്തുമതവും ആളത്തമുള്ള ഒരു ഏകദൈവത്തെക്കുറിച്ച് വിശദീകരിക്കുമ്പോൾ ഹിന്ദുമതത്തിൽ രൂപഗുണമുള്ള ആളത്തമുള്ള ഏക ദൈവത്തയല്ല നാം കാണുന്നത്. ഹിന്ദുമതം വിശ്വദേവതാവാദത്തിൽ വിശ്വസിക്കുന്നു. (എല്ലാം ദൈവമാണ്,എല്ലായിടത്തും ദൈവമുണ്ട്. ഇത് ഏകദൈവവിശ്വാസത്തിനെതിരാണ്).ക്രിസ്തുമതം വിശ്വാസികളുടെ പുനരുത്ഥാനത്തിൽ (ഒരിക്കൽ മരിക്കയും പിന്നീട് സ്വർഗ്ഗമോ നരകമോ ലഭിക്കുന്നതിനായി ഉയിർക്കുകയും ചെയ്യുന്നതിൽ)വിശ്വസിക്കുന്നു. എന്നാൽ ഹിന്ദുമതം പുനർജനനത്തിൽ വിശ്വസിക്കുന്നു. ഇവരണ്ടും കടകവിരുദ്ധമാകയാൽ നിങ്ങൾ എത്രശ്രമിച്ചാലും ഇവരണ്ടും ഒരേസമയം ശരിയെന്ന് ചിന്തിക്കുവാൻ കഴിയുകയില്ല. ക്രിസ്തുമതം പറയുന്നത് യേശുവാണ് ദൈവത്തിലേക്കുള്ള ഏക മാർഗ്ഗമെന്നാണ്.എന്നാൽ മറ്റു മതങ്ങൾ ഇത് നിഷേധിക്കുന്നു. ദൈവിക ത്രിത്വത്തിൽ ക്രസ്തുമതം വിശ്വസിക്കുന്നു. (പിതാവും പുത്രനും പരിശുദ്ധാത്മാവുമടങ്ങുന്ന ത്രീയേക ദൈവം). എന്നാൽ ഇസ്ലാം മതവിശ്വാസം അനുസരിച്ച് അപ്രകാരം ചിന്തിക്കുന്നത് ഒരു വലിയ തെറ്റാണ്. യേശു ദൈവമെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുമ്പോൾ, യേശു ഒരു പ്രവാചകൻ മാത്രമാണെന്നു മുസ്ലിംകൾ വാദിക്കുന്നു. ഇക്കാരണത്താലെല്ലാം ഒരുവന് എല്ലാ മതങ്ങളും ഒരേസമയം ശരിയാണെന്നു വിശ്വസിക്കുവാൻ സാധിക്കുകയില്ല. (ഞാൻ മുൻപ് പറഞ്ഞതുപോലെ യുക്തിക്കനുസരിച്ച് നിങ്ങൾക്ക് യോജിച്ചതിനെ തീർച്ചയായും

നിങ്ങൾക്ക് തിരഞ്ഞെടുക്കാം).

ഒരുദാഹരണത്തോടെ ഞാനിത് വ്യക്തമാക്കാം. രാജു പറയുന്നു: 'ഇന്ത്യയുടെ തലസ്ഥാനം മുംബൈ ആണെ'ന്ന്. എന്നാൽ സാബു പറയുന്നു. 'അല്ല, അത് ന്യൂഡൽഹിയാണെ'ന്ന്. ജോഷിയുടെ അഭിപ്രായത്തിൽ 'ഇന്ത്യയുടെ തലസ്ഥാനം കൊൽക്കത്ത'യാണ്. നമുക്കറിയാം ഇതിൽ സാബുവിന്റെ വാദഗതിയാണ് ശരിയെന്ന്. സാബുവിന്റെ വാദം ശരിയെങ്കിൽ മറ്റ് രണ്ടുപേരുടേയും വാദം തെറ്റാണ്.എന്നാൽ എബി പറയുകയാണ് 'ഇവർ മൂന്നുപേരും പറയുന്നത് ശരിയെന്ന് ഞാൻ കരുതുന്നു'. എബിയുടെ അഭിപ്രായത്തെക്കുറിച്ച് നിങ്ങൾ എന്തുപറയും? ഞാൻ പറയുന്നത് എബിക്ക് രാജുവിന്റെയും സാബുവിന്റെയും ജോഷിയുടെയും അഭിപ്രായങ്ങളെക്കുറിച്ച് ഒരു പിടിയുമില്ല എന്നാണ്. എബി ഒരു 'നല്ലപിള്ള' ചമയുകയാണ്. ഞാൻ പറഞ്ഞുവന്ന കാര്യം നിങ്ങൾക്ക് മനസ്സിലായി എന്ന് കരുതട്ടെ.

തെറ്റിദ്ധരിക്കരുത്! ഈ മതങ്ങളുടെ പഠിപ്പിക്കലുകളെല്ലാം മുഴുവനായും തെറ്റാണെന്നല്ല ഞാൻ പറഞ്ഞുവരുന്നത്. എല്ലാ മതങ്ങളുടെയും പഠിപ്പിക്കലുകളിൽ ധാരാളം നല്ല വശങ്ങൾ ഉണ്ടെന്ന് എനിക്കറിയാം. അവയിൽ ഏതെങ്കിലുമൊരു മതം സമ്പൂർണ്ണസത്യമെന്ന അവകാശവാദത്തെയാണ് ഞാൻ ചോദ്യംചെയ്യുന്നത്.

അതുകൊണ്ട് വിവിധമതങ്ങളുടെ വാദമുഖങ്ങളെ ഞാൻ സ്വയം ഇങ്ങനെ വിലയിരുത്തി:

1. ക്രിസ്തുമതം :- എ.ഡി മുപ്പതിനോടടുത്ത് യേശു എന്ന് പേരുള്ള ഒരു മനുഷ്യൻ ഇസ്രയേലിൽ ജീവിച്ചിരുന്നു. ഒരു അത്ഭുത ജനനത്തിനുടമയായിരുന്നു അദ്ദേഹം.താൻ പല അത്ഭുതങ്ങളും ചെയ്തിട്ടുണ്ട്. താൻ ദൈവത്തിന്റെ അതേ പ്രതിരൂപമെന്ന് സ്വയം അവകാശപ്പെട്ടു.താൻ മരണശേഷം വീണ്ടും ഉയിർക്കുമെന്ന് പഠിപ്പിച്ചു. ദൈവത്തിങ്കലേക്കുള്ള ഏകമാർഗ്ഗം യേശുവെന്ന് ക്രിസ്ത്യാനികൾ വിശ്വിസിക്കുന്നു.മരണത്തിന്ശേഷം മൂന്നാംനാൾ തന്നെ അടക്കിയ കല്ലറ ഒഴിഞ്ഞ് കിടക്കുന്നതായി കണ്ടു. തുടർന്ന് യേശു ഉയിർത്തെഴുന്നേറ്റു തങ്ങൾക്കു പ്രത്യക്ഷനായെന്ന് അദ്ദേഹത്തിന്റെ ശിഷ്യന്മാർ പ്രസംഗിച്ചു തുടങ്ങി.കൂടാതെ ക്രിസ്ത്യാനിത്വം പറയുന്നത് മനുഷ്യർ ധാർമ്മികജീവികളാണെന്നും അവരെ ദൈവത്തിന്റെ അതേ സ്വരൂപത്തിൽ സൃഷ്ടിച്ചതാണെന്നും അവൻ മറ്റ് മൃഗങ്ങളെക്കാൾ വ്യത്യസ്ഥനാണെന്നുമാണ്. ആദിമനുഷ്യരായ ആദാമിന്റെയും ഹവ്വായുടെയും പാപത്താൽ എല്ലാവർക്കും പാപസ്വഭാവം ജന്മനാലഭ്യമായിരിക്കുന്നു. എന്നാൽ യേശുവിന്റെ മരണം നമ്മെ ദൈവത്തോട് നിരപ്പിച്ചു. അദ്ദേഹത്തിന്റെ ഉയിർപ്പ് തന്റെ അവകാശവാദങ്ങളെ ശരിവെയ്ക്കുന്നു.

2. ഹിന്ദുമതം :- ദൈവം എല്ലാറ്റിലുമുണ്ട്. യേശുവിനെയും ദശലക്ഷം ദൈവങ്ങളിൽ ഒരു ദൈവമായി കരുതുന്നു. ജീവിതം ചാക്രികമാണ് (പുനർജന്മങ്ങൾ). മനുഷ്യനും മൃഗങ്ങളും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല.

3. ഇസ്ലാംമതം :- എ ഡി 600 നോടടുത്ത് സൗദി അറേബ്യയിൽ (AD 570 മുതൽ AD 632 വരെയുള്ള കാലയളവിൽ) ജീവിച്ചിരുന്ന മുഹമ്മദിന് ദൈവം ചില പ്രത്യേക വെളിപ്പാടുകൾ നൽകുവാനിടയായി. ഇസ്ലാംമത വിശ്വാസപ്രകാരം മുൻപ് വന്ന പ്രവാചകന്മാരെ ദൃഢീകരിക്കുകയാണ് പ്രവാചകനായ മുഹമ്മദ്. മുൻപ് ലഭിച്ച സകല വെളിപ്പാടുകളെയും മറികടക്കുന്നതാണ് ഖുറാനിലെ വെളിപ്പാടുകൾ. ഖുറാൻ തന്നെയാണ് അത് ദൈവത്തിൽ നിന്നും ലഭിച്ചിരിക്കുന്നു എന്നുള്ളതിന്റെ ഏറ്റവും വ്യക്തമായ തെളിവെന്ന് അവർ വിശ്വസിക്കുന്നു.

(തുടരും)

മൊഴിമാറ്റം:**ബോബി കുര്യൻ**

❖

തിരുവെഴുത്തുകളെ പരിശോധിക്കുക

ബൈബിളിലൂടെ...

റോമർ

സാക് പുന്നൻ

റോമർക്കെഴുതിയ ലേഖനത്തിലെ പ്രതിപാദ്യവിഷയം ദൈവത്തിന്റെ സുവിശേഷമാണെന്നത് അതിന്റെ പ്രഥമ വാക്യത്തിൽത്തന്നെ നാം കണ്ടെത്തുന്നു. സർവ്വ ലോകത്തിലുമുള്ള സകലമാനവരും അറിഞ്ഞിരിക്കേണ്ട ദൈവത്തിന്റെ സുവാർത്തയാണിത്.

റോമർക്കെഴുതിയ ലേഖനത്തിലൂടെ കടന്നു പോകുമ്പോൾ ദൈവം വച്ചിരിക്കുന്ന അന്തിമ ലക്ഷ്യത്തിലേക്കെത്താതെവണ്ണം വിശ്വാസികൾ തടയപ്പെട്ടു പോകുന്ന ചില ഇടങ്ങൾ നാം കണ്ടെത്തുന്നു. വളരെക്കുറച്ചു പേർ മാത്രമേ അന്തിമ ലക്ഷ്യത്തിലെത്തിച്ചേരുന്നുള്ളു.അധികം വിശ്വാസികളും പൂർണ്ണസുവിശേഷമെന്തെന്നു ഗ്രഹിച്ചിട്ടുള്ളവരല്ല. "പൂർണ്ണ സുവിശേഷ സഭ" കളെന്നു സ്വയം വിശേഷിപ്പിക്കുന്ന സഭകളുണ്ട്.അങ്ങനെയുള്ള പല സഭകളിലും ഞാൻ പോയിട്ടുണ്ട്.എന്നാൽ റോമാലേഖനത്തിൽ പ്രതിപാദിക്കുന്ന പൂർണ്ണ സുവിശേഷം അവിടെ കേൾക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല.



ഈ പടികളിൽ എവിടെ വേണമെങ്കിലും നമുക്ക് നില്ക്കാം. ക്രിസ്തീയജീവിതം അവിടംകൊണ്ട് അവസാനിപ്പിക്കാം.

കഴിഞ്ഞിട്ടില്ല.

വേദപുസ്തകത്തിലുള്ളതിൽ ഏറ്റവും ക്രമമായും യുക്തിസഹമായും പടിപടിയായും സുവിശേഷസന്ദേശം അവതരിപ്പിക്കുന്ന ലേഖനമാണ് റോമർ.എഫെസ്യർക്കുള്ള ലേഖനം, റോമർ എന്നിവ ഒഴികെ മറ്റു ലേഖനങ്ങളിൽ പല പ്രബോധനങ്ങളും മറ്റു പല കാര്യങ്ങളെക്കുറിച്ചുള്ള ഉപദേശങ്ങളും ഇട കലർന്നു വരുന്നതു കാണാം. എന്നാൽ റോമാ ലേഖനത്തിൽ ഉപദേശങ്ങൾ പടിപടിയായും സുവ്യക്തമായും നാം കാണുന്നു.

ഈ പടികളിൽ എവിടെ വേണമെങ്കിലും നമുക്ക് നില്ക്കാം.ക്രിസ്തീയജീവിതം അവിടംകൊണ്ട് അവസാനിപ്പിക്കാം.പാപക്ഷമ മാത്രം ആവശ്യമുള്ളർക്ക് മൂന്നാം അദ്ധ്യായം കൊണ്ടു തൃപ്തിപ്പെടാം. അല്പം കൂടി മുമ്പോട്ടുപോയി വിശ്വാസത്താലുള്ള നീതീകരണം കൂടി വേണ്ടവർക്ക് നാലാമദ്ധ്യായത്തിൽ നില്ക്കാം. അല്പം കൂടികടന്ന് ദൈവത്തോടു സമാധാനവും കഷ്ടങ്ങളിൽ സന്തോഷവും വേണ്ടവർക്ക് അഞ്ചാം അദ്ധ്യായത്തിൽ നില്ക്കാം.മറ്റു ചിലർ കുറച്ചുകൂടി മുമ്പോട്ട് ആറാമദ്ധ്യായത്തിലെത്തി പാപത്തിന്മേൽ ജയം നേടുന്ന നിയമാനുസാരികളും പരീശന്മാരുമാണ്.ഇനിയും ചിലർ വീണ്ടും മുമ്പോട്ടു പോയി 7-ാം അദ്ധ്യായത്തിലെത്തി നിയമാനുസരണത്തിൽ നിന്നു മോചനം പ്രാപിച്ചവരാണ്.ഒട്ടനവധിപ്പേർ 8-ാം അദ്ധ്യായത്തിലെ ജയജീവിതത്തിലും ആത്മനിറവിലും സായുജ്യം കണ്ടെത്തി അവിടെ നിൽക്കുന്നവരാണ്. വളരെ ചുരുക്കം പേർ മാത്രമേ 12 മുതൽ 15 വരെയുള്ള അദ്ധ്യായങ്ങളിൽ കണ്ടെത്തുന്ന ക്രിസ്തുവിന്റെ ശരീരം എന്ന ദൈവത്തിന്റെ സമ്പൂർണ്ണ ലക്ഷ്യത്തെ മനസ്സിലാക്കി അതിനുവേണ്ടി അർപ്പിക്കുകയും 16-ാം അദ്ധ്യായത്തിൽ സാത്താനെ കാൽക്കീഴിലാക്കുന്ന സുവിശേഷത്തിന്റെ പരമ ലക്ഷ്യം സാദ്ധ്യമാക്കുകയും ചെയ്യുന്നുള്ളു. ഈ ലേഖനം വായിക്കുമ്പോൾ നിങ്ങൾ വഴിയിലെങ്ങോ തടഞ്ഞു പോയിരിക്കുന്നു എന്നു കണ്ടെത്തുന്നുവെങ്കിൽ പൂർണ്ണ സുവിശേഷത്തിന്റെ സന്തോഷത്തിലേക്കു നിങ്ങൾക്കു യാത്രതുടരാം.

> ദൈവം വച്ചിരിക്കുന്ന അന്തിമ ലക്ഷ്യത്തിലേക്കെത്താതെവണ്ണം വിശ്വാസികൾ തടയപ്പെട്ടു പോകുന്നു. വളരെക്കുറച്ചു പേർ മാത്രമേ അന്തിമ ലക്ഷ്യത്തിലെത്തിച്ചേരുന്നുള്ളു.അധികം വിശ്വാസികളും പൂർണ്ണസുവിശേഷമെന്തെന്നു ഗ്രഹിച്ചിട്ടുള്ളവരല്ല. "പൂർണ്ണ സുവിശേഷ സഭ"കളെന്നു സ്വയം വിശേഷിപ്പിക്കുന്ന സഭകളുണ്ട്.അങ്ങനെയുള്ള പല സഭകളിലും ഞാൻ പോയിട്ടുണ്ട്.എന്നാൽ റോമാലേഖനത്തിൽ പ്രതിപാദിക്കുന്ന പൂർണ്ണ സുവിശേഷം അവിടെ കേൾക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല.

റോമാ ലേഖനത്തിൽ പറയുന്നു: സുവിശേഷം പാപികൾക്കുവേണ്ടിയുള്ളതാണ്. തങ്ങൾ നീതിമാന്മാരെന്നു സ്വയം കരുതുന്നവർക്കുവേണ്ടിയുള്ളതല്ല. യേശുക്രിസ്തു വന്നത് നീതിമാന്മാരെ വിളിക്കാൻ വേണ്ടിയല്ല. മറിച്ചു പാപികളെ മാനസാന്തരത്തിലേക്കു വിളിക്കാൻ വേണ്ടിയാണ്. അതുകൊണ്ടു തന്നെ നാം പാപികളാണ് എന്ന വസ്തുത ആദ്യമെ തന്നെ വ്യക്തമായി നാം ഗ്രഹിക്കണം. റോമാ ലേഖനത്തിന്റെ ആദ്യത്തെ രണ്ടര അദ്ധ്യായത്തിലും സ്ഥാപിക്കുവാൻ പൗലൊസ് ശ്രമിക്കുന്നത് ഇതാണ്.

രണ്ടു തരത്തിലുള്ള പാപികളുണ്ട്.ഒന്നാമദ്ധ്യായത്തിൽ വിവരിക്കുന്ന വിധത്തിലുള്ള ദൈവമില്ലാത്ത അഭക്തരായ ലോകമനുഷ്യരാണ് ഒരു കൂട്ടർ. രണ്ടാമത്തെ കൂട്ടർ രണ്ടാമദ്ധ്യായത്തിൽ വിവരിക്കുന്ന

യേശു ലോകത്തിലായിരുന്നപ്പോൾ വേശ്യമാർക്കും കള്ളന്മാർക്കുമൊക്കെ രക്ഷയുടെ അനുഭവം പ്രാപിക്കുവാൻ എളുപ്പമായിരുന്നു. എന്നാൽ അക്കാലത്തെ "മൂത്ത പുത്രന്മാർക്ക്" ഒരിക്കലും യേശുവിനടുത്തേക്ക് രക്ഷയ്ക്കു വേണ്ടി കടന്നു വരാൻ കഴിഞ്ഞില്ല. യേശു പറഞ്ഞു: 'അഭക്തരായ പാപികൾ മതഭക്തരെക്കാൾ മുമ്പെ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നു'. റോമർ ആദ്യ അദ്ധ്യായങ്ങളിലൂടെ പരിശുദ്ധാത്മാവു നമുക്ക് ഒരു സത്യം വ്യക്തമാക്കിത്തരുന്നു: മതഭക്തനും അഭക്തനും തമ്മിൽ ദൈവദൃഷ്ടിയിൽ ഒരു വ്യത്യാസവുമില്ല.

തരത്തിലുള്ള മതഭക്തർ.അവർ വിശുദ്ധരെന്നു സ്വയം കരുതുന്നു. ഈ രണ്ടു കൂട്ടരെക്കുറിച്ചും യേശു വരച്ചുകാട്ടുന്ന ഉപമയാണ് ലൂക്കോസ് 15:11-32 - ലെ രണ്ടു പുത്രന്മാരുള്ള പിതാവിന്റെ ഉപമ. അതിലെ ഇളയപുത്രൻ ലോകമയനും ദുഷ്ടനും മത്സരിയും ദൈവമില്ലാത്തവനും ദുർവ്യത്തനുമായിരുന്നു. മൂത്തപുത്രനോ താൻ യാതൊരു ദോഷവും ചെയ്തിട്ടില്ലാത്ത വിശുദ്ധനും നീതിമാനുമെന്നു തന്നെക്കുറിച്ചു തന്നെ മതിച്ചിരുന്നു. താനൊരു പാപിയാണെന്ന സത്യം അംഗീകരിക്കാൻ ഒരിക്കലും അവനു കഴിഞ്ഞിരുന്നില്ല. അതുപോലെ മതഭക്തിയുടെ അന്തരീക്ഷമുള്ള കുടുംബങ്ങളിൽ വളർന്നുവന്ന വ്യക്തികൾക്ക് തങ്ങൾ പാപികളെന്ന സത്യം അംഗീകരിക്കുവാൻ ബുദ്ധിമുട്ടുണ്ടാകും. "നീതിമാൻ പ്രയാസേന രക്ഷ പ്രാപിക്കുന്നു....." (1 പത്രൊ. 4:18). യേശു ലോകത്തിലായിരുന്നപ്പോൾ വേശ്യമാർക്കും കള്ളന്മാർക്കുമൊക്കെ രക്ഷയുടെ അനുഭവം പ്രാപിക്കുവാൻ എളുപ്പമായിരുന്നു. എന്നാൽ അക്കാലത്തെ "മൂത്ത പുത്രന്മാർക്ക്" – പരീശന്മാർക്ക്, സ്വന്ത നീതിയിൽ അഭിമാനിച്ചിരുന്ന പാപികൾക്ക് – ഒരിക്കലും യേശുവിനടുത്തേക്ക് രക്ഷയ്ക്കു വേണ്ടി കടന്നു വരാൻ കഴിഞ്ഞില്ല. മത്താ. 21:31-ൽ യേശു പറഞ്ഞു: 'അഭക്തരായ പാപികൾ മതഭക്തരെക്കാൾ മുമ്പെ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നു'. റോമർ 1 - 3 വരെയുള്ള അദ്ധ്യായങ്ങളിലൂടെ പരിശുദ്ധാത്മാവു നമുക്ക് ഒരു സത്യം വ്യക്തമാക്കിത്തരുന്നു: മതഭക്തനും അഭക്തനും തമ്മിൽ ദൈവദൃഷ്ടിയിൽ ഒരു വ്യത്യാസവുമില്ല.

അധ്യായം ഒന്ന്

നമുക്ക് റോമർ ഒന്നാം അധ്യായം നോക്കാം.1:5-ൽ ഇപ്രകാരം പറയുന്നു: 'ജഡം സംബന്ധിച്ചു ദാവീദിന്റെ സന്തതിയിൽ നിന്നു ജനിച്ച തന്റെ പുത്രനെ'ക്കുറിച്ചുള്ളതാണ് ദൈവത്തിന്റെ സുവിശേഷം. യേശുവിന്റെ മനുഷ്യത്വത്തെക്കുറിച്ചാണ് റോമാ ലേഖനത്തിന്റെ തുടക്കത്തിലെ ഈ ഊന്നൽ. ഏലിയുടെ മകൾ മറിയയിൽ നിന്ന് യേശു ജനിച്ചു (ലൂക്കോ. 3:23). അവരുടെ പാരമ്പര്യം ദാവീദിന്റെ മകനായ നാഥാനിലെത്തി നിൽക്കുന്നതും നാം കാണുന്നു (ലൂക്കോ. 3. 31). യേശുവിന്റെ ശരീരം മറിയയുടെ ഗർഭപാത്രത്തിലുള്ള ഘടകങ്ങളിൽ നിന്നല്ല ഉത്പാദിതമായത് എന്നല്ല. ദൈവത്തിന് അതും സാദ്ധ്യമായിരുന്നു.പക്ഷേ അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ യേശുവിന് ആദാമ്യവർഗ്ഗവുമായി ബന്ധമുണ്ടാവുമായിരുന്നില്ല. എന്നാൽ നമ്മുടെ വീണ്ടെടുപ്പിന് അത് അനിവാര്യമായിരുന്നു.മറിയയുടെ അണ്ഡത്തിൽ നിന്നു തന്നെയാണ് യേശുവിന്റെ ശരീരം ഉത്പാദിതമായത്.അതിനോടു ചേർന്ന ബീജം പരിശുദ്ധാത്മാവിനാൽ നൽകപ്പെടുകയും അങ്ങനെ രൂപംകൊണ്ട വിശുദ്ധ ശരീരത്തിലേക്ക് യേശു പ്രവേശിക്കുകയും ചെയ്തു. ആ ശരീരത്തിന് മറിയയുടെ ശരീരവുമായി പൊക്കിൾക്കൊടി ബന്ധമുണ്ടായിരുന്നു. ജനനസമയത്ത് അതു മുറിച്ചുമാറ്റേണ്ട ആവശ്യമുണ്ടായിരുന്നു.ഇതു വിശ്വസിക്കുവാൻ നിങ്ങൾക്കു കഴിയുന്നില്ലെങ്കിൽ യേശു മറിയയിൽ നിന്നു ജനിച്ചു എന്ന വസ്തുതയും നിങ്ങൾ വിശ്വസിക്കുന്നില്ല എന്നർത്ഥം.

യേശു പൂർണ്ണ ദൈവമാണ് എന്നു നാമറിയുന്നു. എന്നാൽ അവിടുന്നു പൂർണ്ണ മനുഷ്യനുമാണ് എന്നും നാം വിശ്വസിക്കുന്നില്ലെങ്കിൽ സുവിശേഷത്തിന്റെ പൂർണ്ണത നമുക്ക് അനുഭവിക്കാൻ കഴിയുകയില്ല.എല്ലാറ്റിലും നമുക്കു തുല്യനായിത്തീർന്ന ദൈവപുത്രനെക്കുറിച്ചാണ് ദൈവത്തിന്റെ സുവിശേഷം. അങ്ങനെയാണ് അവിടുന്നു നമുക്ക് മാതൃകയായിത്തീർന്നതും അവിടുന്നു നമ്മുടെ രക്ഷാമാർഗ്ഗമായിത്തീർന്നതും.യേശുവും നാമും തമ്മിലുള്ള ഒരേ ഒരു വ്യത്യാസം യേശു ജന്മനാ പാപസ്വഭാവമുള്ള (പഴയ മനുഷ്യൻ)വനായിരുന്നില്ല എന്നതാണ്.കാരണം അവിടുന്നു പരിശുദ്ധാത്മാവിനാലായിരുന്നു ജനിച്ചത്.

യേശു പൂർണ്ണ ദൈവമാണ് എന്നു നാമറിയുന്നു. എന്നാൽ അവിടുന്നു പൂർണ്ണ മനുഷ്യനുമാണ് എന്ന വസ്തുത നാം വിശ്വസിക്കുന്നില്ലെങ്കിൽ സുവിശേഷത്തിന്റെ പൂർണ്ണത നമുക്ക് അനുഭവിക്കാൻ കഴിയുകയില്ല.എല്ലാറ്റിലും നമുക്കു തുല്യനായിത്തീർന്ന ദൈവപുത്രനെക്കുറിച്ചാണ് ദൈവത്തിന്റെ സുവിശേഷം. അങ്ങനെയാണ് അവിടുന്നു നമുക്ക് മാതൃകയായിത്തീർന്നതും അവിടുന്നു നമ്മുടെ രക്ഷാമാർഗ്ഗമായിത്തീർന്നതും.

സുവിശേഷത്തെക്കുറിച്ചുള്ള വിവരണത്തിന്റെ തുടക്കത്തിൽത്തന്നെ യേശുവിന്റെ മനുഷ്യത്വത്തെക്കുറിച്ചു പൗലൊസ് പ്രതിപാദിക്കുന്നതു ശ്രദ്ധേയമാണ്.തന്റെ അന്ത്യത്തിനു തൊട്ടു മുമ്പെങ്ങോ പൗലോസ് തിമൊഥെയോസിന് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "ഞാൻ പറയുന്നതു ചിന്തിച്ചുകൊള്ളുക.കർത്താവു സകലത്തിലും നിനക്കു ബുദ്ധി നൽകുമല്ലോ. ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊള്ളുക. അതാകുന്നു എന്റെ സുവിശേഷം." (2 തിമൊ. 2:7, 8). പൗലൊസ് സുവിശേഷത്തെ എപ്പോഴും കാണുന്നത് മനുഷ്യനായി ഭൂമിയിൽ ജീവിച്ച യേശുവുമായി ബന്ധപ്പെടുത്തിയാണ്. "സകലത്തിലും നമുക്കു സദൃശ്യനായിത്തീർന്നു" "സകലത്തിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടു" (എബ്രാ. 2:17; 4:15) എന്നൊക്കെയുള്ള അത്ഭുത സത്യങ്ങൾ യേശുവിനെക്കുറിച്ചു നാം വായിക്കുമ്പോൾ സുവിശേഷത്തെ സംബന്ധിച്ച് അതു നമുക്ക് തികെച്ചും പുതിയൊരു വെളിച്ചം നൽകും.പാപത്തിൽ നിന്നു വിടുതൽ നൽകുന്നതിനെക്കുറിച്ചാണ് റോമാ ലേഖനത്തിലെ സുവിശേഷം.അതുകൊണ്ടുതന്നെ ഒരിക്കലും പാപം ചെയ്തിട്ടില്ലാത്ത യേശു ഒരു പൂർണ്ണ മനുഷ്യൻ കൂടി ആയിരുന്നു എന്ന സൂചനയോടെയാണ് പൗലൊസ് ലേഖനം ആരംഭിക്കുന്നത്.

"മരിച്ചിട്ടു ഉയിർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയുംചെയ്തവൻ" (റോമ. 1:5). ദാവീദിന്റെ സന്തതിയായിരുന്നു എങ്കിലും അതേ സമയം തന്നെ ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ ആയിരുന്നു യേശു.യേശു ദൈവപുത്രനെന്ന കാര്യം

യേശുവിനെ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേല്പിച്ചുകൊണ്ടാണ് ദൈവം ലോകത്തിനു വെളിപ്പെടുത്തിയത്.വീണ്ടും മരണത്തിലേക്കു പോകാതെ പുനരുത്ഥാനം ചെയ്ത ആദ്യ വ്യക്തിയാണ് യേശുക്രിസ്തു.തനിക്കു മുമ്പ് ജീവിതത്തിലേക്കു തിരികെ വന്നവരെല്ലാം തന്നെ വീണ്ടും മരണത്തിലേക്കു തന്നെ മടങ്ങിപ്പോയി.എന്നാൽ ഇവിടെ ഇതാ ഒരു പുതിയ മനുഷ്യവർഗ്ഗത്തിന്റെ ആരംഭമായിത്തീർന്നുകൊണ്ട്, നമുക്കും കൂടി അതിൽ പങ്കാളിയാകുവാനുള്ള സാദ്ധ്യത തുറന്നു നൽകിക്കൊണ്ട് ഒരുവൻ!! പഴയ മനുഷ്യ വർഗ്ഗത്തിൽ നിന്നു തന്നെ ഇതാ ഒരു പുതിയ മനുഷ്യ വർഗ്ഗം ഉടലെടുക്കുന്നു – അതാണു സുവിശേഷം.അത് അനേക വ്യക്തികളുടെയും ഹൃദയങ്ങളിൽ ഒരു പ്രവൃത്തിയായി തുടങ്ങിക്കഴിഞ്ഞു – ഒരു ദിവസം മുഴുലോകത്തിനും വെളിപ്പെടുവാൻ തക്കവണ്ണം.നാം ദൈവത്തോടു സഹകരിക്കുമെങ്കിൽ അവിടുന്ന് അന്ത്യനാളിൽ ചെയ്തുകൊണ്ടിരിക്കുന്ന ഈ അത്ഭുത പ്രവൃത്തിയുടെ ഒരു ഭാഗമായിത്തീരുവാൻ നമുക്കു കഴിയും. സുവിശേഷം എന്നത് അതാണ്.

1:6-ൽ പൗലൊസ് ദൈവം തനിക്കു നൽകിയ അപ്പൊസ്തൊലത്വത്തെക്കുറിച്ചു പറയുന്നു. "ഞങ്ങൾ അവന്റെ നാമത്തിനായ് സകല ജാതികളുടെയും ഇടയിൽ വിശ്വാസത്തിന് അനുസരണം വരുത്തേണ്ടതിന്ന് കൃപയും അപ്പൊസ്തൊലത്വവും പ്രാപിച്ചു."ഈ സുവിശേഷം ലോകമെങ്ങും പ്രചരിപ്പിക്കുവാനായി ദൈവം ചിലരെ വിളിച്ചു വേർതിരിച്ചിരിക്കുന്നു. സുവിശേഷം പ്രചരിപ്പിച്ചുകൊണ്ട് ദൈവം ഉണ്ടാക്കുന്ന ഈ പുതിയ മനുഷ്യവർഗ്ഗത്തിന്റെ ഭാഗമായിത്തീരുവാൻ ആളുകളെ ക്ഷണിക്കുന്നതാണ് ഒരു വ്യക്തിക്കു ചെയ്യാൻ കഴിയുന്ന ഏറ്റവും മഹത്തായ ശുശ്രൂഷ. ഈ ശുശ്രൂഷയുടെ മഹത്വം എത്ര വലുതാണെന്നു കാണുവാൻ നിങ്ങൾക്കു കഴിയുമെങ്കിൽ സുവിശേഷം പ്രസംഗിക്കുന്നത് എത്ര മാന്യമായ ഒരു കാര്യമാണെന്നു ഗ്രഹിക്കുവാൻ നിങ്ങൾക്കു പ്രയാസമുണ്ടാവില്ല. സുവിശേഷമറിയിക്കുവാനുള്ള വിളി നമുക്കേവർക്കുമുള്ളതാണ്. എങ്കിലും ചിലരെ മുഴുവൻ സമയവും സമ്പൂർണ്ണ സമർപ്പണത്തോടെ ആ വേലിയായിരിക്കുവാൻ ദൈവം വിളിച്ചിരിക്കുന്നു. എനിക്ക് 24 വയസ്സുള്ളപ്പോൾ എന്നെ ദൈവം ഒരു മഴുസമയ ശുശ്രൂഷയ്ക്കായി വിളിച്ചു. ഇതിലും വലിയ ഒരു ബഹുമതി ഈ ജീവിതത്തിൽ എനിക്കു ലഭിക്കാനില്ല. ഭൂമിയിലെ മറ്റെല്ലാ പദവികളും ഉദ്യോഗങ്ങളും ഇതുമായി താരതമ്യം ചെയ്യുമ്പോൾ വെറും ചവറാണ്. ഒരു അപ്പൊസ്തൊലൻ എന്ന നിലയിലുള്ള തന്റെ വിളിയുടെ മഹത്വം പൗലൊസ് മനസ്സിലാക്കിയിരുന്നു. ദൈവം തന്റെ സുവിശേഷം പ്രഖ്യാപിക്കുവാൻ വിളിച്ചു വേർതിരിച്ചിരിക്കുന്ന അപ്പൊസ്തൊലന്മാരോടും സുവിശേഷകന്മാരോടും താരതമ്യം ചെയ്യുമ്പോൾ ഈ ലോകത്തിലെ ഡോക്ടർമാരും എൻജിനീയർമാരും ശാസ്ത്രജ്ഞൻമാരുമൊക്കെ എന്തുമാത്രമുള്ളു? അവർ കൂടുതൽ ധനം സമ്പാദിക്കുകയും സുഖകരമായ ജീവിതം നയിക്കയും ചെയ്യുന്നു. എന്നാൽ അവരുടെ വിളി എത്രയോ താണതാണ്. കാലം കഴിയുന്തോറും സർവ്വശക്തനായ ദൈവത്തിന്റെ ദാസൻ എന്ന നിലയിൽ എന്റെ വിളിയുടെ മഹത്വം ഏറിവരുന്നതു ഞാൻ കാണുന്നു. യുവസ്നേഹിതന്മാർക്ക് ഈ ദർശനം ലഭിക്കണമെന്നതാണ് എന്റെ പ്രാർത്ഥന. എന്നാൽ നിങ്ങൾക്ക് അങ്ങനെയൊരു വിളി ലഭിച്ചിട്ടില്ലെങ്കിൽ ആ ശുശ്രൂഷ ചെയ്യുവാനും സാദ്ധ്യമല്ല. എന്നാൽ നിങ്ങളെ ദൈവം വിളിച്ചിട്ടുണ്ടെങ്കിൽ അത്രയും ശ്രേഷ്ഠമായി ഈ ഭൂമുഖത്ത് വേറൊന്നും തന്നെയില്ല എന്നോർക്കുക. (തുടരും)

മൊഴിമാറ്റം: **ബോബി ചെറിയാൻ**

❖

സഹോദരിമാരോട്

സ്ത്രീയേ, നീ കരയുന്നതെന്ത്?

ലൗകികദുഃഖത്തിൽനിന്നുള്ള രക്ഷ

(അദ്ധ്യായം-6 തുടർച്ച)

ആനി പുന്നൻ

* നിങ്ങൾ ഇച്ഛിക്കുന്നതുപോലെ കാര്യങ്ങൾ മുന്നോട്ടുപോകാത്തതുകൊണ്ടാണോ നിങ്ങൾ വിലപിക്കുന്നത്? നിങ്ങളുടെ പ്രാർത്ഥനകൾക്ക് ദൈവം ഉത്തരം നല്കാത്തതുകൊണ്ട് നിങ്ങൾക്കു അസ്വസ്ഥതയുണ്ടോ? തന്റെതന്നെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധത്തിൽനിന്നാണ് ഇത്തരമൊരു മനോഭാവം ഉളവാകുന്നത്. നിങ്ങൾക്കു സഹിഷ്ണുത ലഭിക്കുവാനായി ദൈവത്തോട് അപേക്ഷിക്കുക.

* സുഹൃത്തുക്കളിൽനിന്നുള്ള ആശ്വാസവും സഹതാപവും ലഭിക്കുവാൻവേണ്ടി ദുഃഖാനുഭവങ്ങളെക്കുറിച്ചുള്ള ഓർമ്മകൾ നിങ്ങൾ മനസ്സിൽ സൂക്ഷിച്ചിരിക്കുകയാണോ?('ഈജിപ്റ്റിലെ മമ്മികൾ' സൂക്ഷിക്കപ്പെട്ടിരിക്കുന്നതുപോലെ). കഴിഞ്ഞകാലത്തിലെ ദുഃഖം നിറഞ്ഞ സംഭവങ്ങളെക്കുറിച്ച് ഓർക്കുവാൻ നിങ്ങൾ പരീക്ഷിക്കപ്പെടുന്നു എന്നിരിക്കട്ടെ. അപ്പോൾത്തന്നെ ആ ചിന്തകളെ തിരസ്ക്കരിക്കുവാനുള്ള സഹായത്തിനായി കർത്താവിനോടു പ്രാർത്ഥിക്കുക. നിങ്ങൾ ഇപ്രകാരം സ്ഥിരമായി ചെയ്യുകയാണെങ്കിൽ, ഒരു കാലഘട്ടംകൊണ്ട് അത്തരം കദനകഥകൾ അപ്പാടെ നിങ്ങളുടെ ഓർമ്മയിൽനിന്ന് മാഞ്ഞുപോകുന്നതായി കാണുവാൻ കഴിയും.അങ്ങനെ നിങ്ങളുടെ മനസ്സിന് സൗഖ്യം ലഭിക്കും. നിങ്ങളുടെ ഭൂതകാല അനുഭവങ്ങൾ എന്നേക്കുമായി മറവു ചെയ്യപ്പെടേണ്ട അഴുകിയ ഒരു ശവശരീരം പോലെയാണ്. അവയെ മറവു ചെയ്യുമ്പോൾ നിങ്ങൾ വിടുതൽ പ്രാപിക്കുന്നു. അപ്രകാരം ഈ ഭൂമിയിൽവച്ചുതന്നെ സ്വർഗ്ഗത്തിന്റെ ഒരു ചെറിയ സ്വാദ് നിങ്ങൾ അനുഭവിക്കുവാൻ തുടങ്ങും. അങ്ങനെ നിങ്ങൾക്കും, നിങ്ങളുമായി ബന്ധപ്പെട്ടവർക്കും അല്പംകൂടി മെച്ചമായ രീതിയിൽ ജീവിക്കുവാൻ സാധിക്കും.

ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ജീവിക്കുക. നിങ്ങളുടെ സ്വാർത്ഥതയെക്കുറിച്ച് അനുതപിക്കുക.നിങ്ങൾക്കുള്ളതെല്ലാം കർത്താവായ യേശുവിനു മുമ്പിൽ സമർപ്പിക്കുക നിങ്ങളുടെ സഹിഷ്ണുതയുടെ നെല്ലിപ്പലക കണ്ടു തുടങ്ങി എന്നു നിങ്ങൾക്ക് ചില അവസരങ്ങളിൽ തോന്നിയെന്നു വരാം. എന്നാൽ നിങ്ങൾ അനാവശ്യമായി വ്യാകുലപ്പെടുകയായിരുന്നു എന്ന് പിന്നീട് നിങ്ങൾക്കു മനസ്സിലാകും. ദൈവകൃപ നിങ്ങൾക്കു മതിയാകും വണ്ണം ഉണ്ടായിരുന്നു. നിങ്ങളുടെ കഴിവിനപ്പുറമായി പരീക്ഷിക്കപ്പെടുവാൻ ദൈവം ഒരിക്കലും അനുവദിക്കുകയില്ല.

അനേക വിശുദ്ധസ്ത്രീകളും കർത്താവിനുവേണ്ടി അനേകം കഷ്ടങ്ങൾ സഹിച്ചിട്ടുണ്ട്. പതിനാറാം നൂറ്റാണ്ടിൽ ഫ്രാൻസിൽ ജീവിച്ചിരുന്ന മാഡം ഗയോൺ എന്ന വിശുദ്ധസ്ത്രീ വിശ്വാസം ഹേതുവായി നീണ്ടകാലഘട്ടത്തേക്കു തണുത്ത തടവറയിൽ അടയ്ക്കപ്പെട്ടിരു

> കർത്താവിന്റെ വെളിച്ചത്തിൽ നാം നമ്മുടെ ജീവിതത്തെ കാണുമ്പോൾ പെട്ടെന്നുള്ള പിണക്കം, മോഹം, അഹങ്കാരം, സ്വാർത്ഥത, സ്വയസഹതാപം എന്നിവയുടെ ചിലന്തിവലകൾ നമ്മുടെ ഹൃദയത്തെ ദുഷിപ്പിച്ച് നമുക്കും നമ്മുടെ ചുറ്റുമുള്ളവർക്കും ജീവിതം എപ്രകാരം വിഷമകരമാക്കിത്തീർത്തു എന്നു കണ്ടുപിടിക്കുവാൻ നമുക്കു കഴിയും.നമ്മുടെ വിലാപം മൂലം നാം തകർച്ചയും താഴ്മയും ഉള്ളവരായിത്തീരും. അതുവഴി നാം ദൈവകൃപ തുടർച്ചയായി ലഭിക്കുവാൻ പ്രാപ്തരായിത്തീരും.

ന്നു. ആ ജയിലറയിൽ കിടന്നുകൊണ്ട് അവർ ജയത്തിന്റെ ധ്വനി മുഴങ്ങുന്ന പുസ്തകങ്ങൾ രചിക്കുകയുണ്ടായി. അവൾ കർത്താവിനോടുള്ള സ്നേഹത്തിൽ നിലനിന്നതിനാൽ ആ ഗ്രന്ഥങ്ങൾ ഇന്നും ആളുകൾക്ക് അനുഗ്രഹപ്രദമാണ്.

സ്ത്രീകളായ നാം ഉറപ്പുള്ളവർആയിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. നാം മനഃക്ഷോഭത്താലോ, ഭയാശങ്കകളാലോ തകർന്നുതരിപ്പണമാകുകയല്ല വേണ്ടത്. നാം കഷ്ടപ്പെടുന്നവരായ ആളുകളെ സഹായിക്കണമെന്നാണ് ദൈവം പ്രതീക്ഷിക്കുന്നത്. ദൈവത്തിന്റെ ശക്തി എല്ലാ സമയത്തും നമുക്കു ലഭ്യമാണ്. നമ്മെ ശക്തരാക്കുവാൻ ദൈവത്തിനു കഴിയും. അതുകൊണ്ട് നമ്മുടെ ജീവിതത്തിലെ ഏറ്റവും മോശമായ സമയം പോലും കർത്താവിന്റെ സഹായത്താൽ ഏറ്റവും ഉത്തമമായ സമയമായിമാറുന്നതു നമുക്കു കാണുവാൻ കഴിയും.

നിങ്ങളുടെ ജീവിതവും ഭാവിയും മുഴുവനായി കർത്താവിന്റെ കരങ്ങളിൽ കൊടുക്കുക. നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും പ്രയാമേറിയ അവസരങ്ങളിൽ അവിടുന്നു നിങ്ങളെസഹായിക്കും. കൂടുതൽ കഠിനമായ പരിശോധനകൾ ഇനിയുള്ള ദിവസങ്ങളിൽ ഉണ്ടായെന്നിരിക്കും. എന്നാൽ നിങ്ങൾക്ക് അവയെ എല്ലാം അതിജീവിക്കാൻ കഴിയും. നിങ്ങളുടെ സ്വഭാവത്തിലെ മല്ലന്മാരെ കീഴടക്കുവാൻ അവിടുന്നു നിങ്ങളെ പ്രാപ്തയാക്കും. അവിടുത്തേക്കു പ്രസാദമുള്ള ഒരു ജീവിതം നയിക്കുവാൻ ആവശ്യമായ ശക്തി അവിടുന്നു തരും. അങ്ങനെ നിങ്ങൾ അനേകർക്ക് അനുഗ്രഹമായിത്തീരും.

അദ്ധ്യായം-7

"ദൈവഹിതപ്രകാരമുള്ള ദു:ഖം രക്ഷയിലേക്കു നയിക്കുന്ന മാനസാന്തരം ഉളവാക്കുന്നു".

(2.കൊരി.7:10)

''ദു:ഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്ക് ആശ്വാസം ലഭിക്കും". (മത്താ. 5:4)

''ദൈവഹിതപ്രകാരമുള്ള ദു:ഖം നമ്മിൽ പരിശുദ്ധാത്മാവാണ് ഉളവാക്കുന്നത്.മനുഷ്യന് വാക്കുകൾ കൊണ്ടു പ്രകടിപ്പിക്കുവാൻ കഴിയാത്ത വിധത്തിലുള്ള ഞരക്കങ്ങളാൽ പരിശുദ്ധാത്മാവ് നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു." (റോമ. 8:26)

ഇത്തരത്തിലുള്ള ദു:ഖമാണ് ആദ്യം നാം മാനസാന്തരപ്പെടുവാനും, കർത്താവിന്റെ അടുക്കലേക്കു വരുവാനും കാരണമായത്. ജീവിതത്തിൽ ഉടനീളം പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ പ്രവർത്തിക്കുന്നതിനോട് നാം സഹകരിക്കുന്നത് ഉത്തമമാണ്.

ഉത്തമഗീതം 3:1-4. ഇവിടെ മണവാട്ടിക്ക് തന്റെ പ്രിയനുമായുള്ള കൂട്ടായ്മ നഷ്ടപ്പെട്ടപ്പോൾ അവൾ ചെയ്തതെന്താണെന്നു നോക്കുക. കർത്താവുമായുള്ള കൂട്ടായ്മ നഷ്ടപ്പെടുകയോ ആത്മീയമായ

വീഴ്ച സംഭവിക്കുകയോ ചെയ്യുമ്പോഴൊക്കെ നാം വിലപിക്കേണ്ടതാണ്. അത്തരം വിലാപം നമ്മുടെ പ്രാണന് നല്ലതാണ്.മാനസാന്തരത്തിന്റെ കണ്ണുനീർക്കണങ്ങൾ ഒരിക്കലും വൃഥാവിലാവുന്നില്ല. കർത്താവിന്റെ വെളിച്ചത്തിൽ നാം നമ്മുടെ ജീവിതത്തെ കാണുമ്പോൾ പെട്ടെന്നുള്ള പിണക്കം, മോഹം, അഹങ്കാരം, സ്വാർത്ഥത, സ്വയസഹതാപം എന്നിവയുടെ ചിലന്തിവലകൾ നമ്മുടെ ഹൃദയത്തെ ദുഷിപ്പിച്ച് നമുക്കും നമ്മുടെ ചുറ്റുമുള്ളവർക്കും ജീവിതം എപ്രകാരം വിഷമകരമാക്കിത്തീർത്തു എന്നു കണ്ടുപിടിക്കുവാൻ നമുക്കു കഴിയും.നമ്മുടെ വിലാപം മൂലം നാം തകർച്ചയും താഴ്മയും ഉള്ളവരായിത്തീരും. അതുവഴി നാം ദൈവകൃപ തുടർച്ചയായി ലഭിക്കുവാൻ പ്രാപ്തരായിത്തീരും.

പത്രോസിന്റെ വിചാരിച്ചത് താൻ പാറപോലെ ഉറച്ചുനില്ക്കുകയും കർത്താവിനെ ഒരിക്കലും തള്ളിപ്പറയാതിരിക്കുകയും ചെയ്യുമെന്നാണ്. അവന് അക്കാര്യത്തിൽ ആത്മവിശ്വാസമുണ്ടായിരുന്നു. ഗെത്ത്ശെമന തോട്ടത്തിൽ വച്ച് തന്റെ യജമാനനെ പരിരക്ഷിക്കുവാൻ അവൻ വാൾ കയ്യിലെടുത്തു.എന്നാൽ കർത്താവു പറഞ്ഞതുപോലെ തന്നെ അവൻ ശോധനയുടെ അവസരത്തിൽ വീണുപോയി.പക്ഷേ അനുകമ്പയും ക്ഷമയും നിറഞ്ഞ കർത്താവിന്റെ നോട്ടം അവനെ തകർത്തുകളഞ്ഞു.അവൻ ദു:ഖത്തോടെ കരഞ്ഞു.തന്റെ തോൽവിയെക്കുറിച്ച് തനിക്ക് എത്രമാത്രം ദു:ഖമുണ്ടെന്നും താൻ എത്രമാത്രം കർത്താവിനെ സ്നേഹിക്കുന്നുവെന്നും അവനോടു പറയുവാൻ തനിക്ക് ഇനി എന്നെങ്കിലുമൊരു അവസരം ലഭിക്കുമോ എന്ന് പത്രോസ് ഓർത്തു.

കർത്താവിനോടുള്ള ബന്ധത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ള അനേക ദൈവമക്കളുടെയും അനുഭവം ഇതായിരുന്നു. പ്രിയ സഹോദരി, ഇതു നിങ്ങളുടെ അനുഭവമാണെങ്കിൽ നിങ്ങൾക്കു പ്രത്യാശയ്ക്കു വകയുണ്ടെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പു നൽകട്ടെ.

പത്രോസിനെ പാറ്റുന്നതിനുമുമ്പ് സാത്താന് ദൈവത്തിൽനിന്ന് അനുവാദം ലഭിക്കേണ്ടതുണ്ടായിരുന്നു. അതുപോലെ നിങ്ങളെ പാറ്റുന്നതിനു മുൻപും പിശാചിന് ദൈവത്തിൽനിന്ന് അനുമതി ലഭിക്കേണ്ടതുണ്ട്.

പത്രോസിന്റെ വിശ്വാസം നഷ്ടപ്പെടാതിരിക്കുവാനായി യേശു പ്രാർത്ഥിച്ചു. അതുപോലെ യേശു ഇന്ന് നിനക്കുവേണ്ടിയും പ്രാർത്ഥിക്കുന്നുണ്ട്. പത്രോസ് ശോധനയിൽക്കൂടി കടന്നുപോകുകയും തിരികെ വരികയും ചെയ്യുമെന്ന് കർത്താവിനു വിശ്വാസം ഉണ്ടായിരുന്നു.അതുപോലെ അവൻ നിന്നിലും വിശ്വാസമർപ്പിച്ചിരിക്കുന്നു. പത്രോസ് തിരിഞ്ഞുവന്നതിനുശേഷം അവൻ സഹവിശ്വാസികളെ ശക്തിപ്പെടുത്തുകയും കർത്താവിനുവേണ്ടി വലിയൊരു വേല പൂർത്തിയാക്കുകയും ചെയ്തു. നിന്റെ കാര്യത്തിലും അത് അപ്രകാരം ആയിത്തീരും.

ഗെത്ത്ശെമനയിൽ കർത്താവു നൽകിയ മുന്നറിയിപ്പ് പത്രോസ് ഗൗരവമായി എടുത്തിരുന്നുവെങ്കിൽ അവന് ഒരിക്കലും വീഴ്ച സംഭവിക്കുകയില്ലായിരുന്നു.പത്രോസിന്റെ ആത്മവിശ്വാസം മൂലം അവനു വീഴ്ച സംഭവിച്ചു.യേശു ഉയിർത്തെഴുന്നേറ്റതിനുശേഷം അവനു പ്രത്യക്ഷനായി അവനെ ഉത്സാഹിപ്പിച്ചു. താൻ കർത്താവിനെ സ്നേഹിക്കുന്നു എന്ന് തന്നോടു പറയുവാൻ പത്രോസിന് അവസരം ലഭിച്ചു. ആ സന്ദർഭത്തിൽ കർത്താവ് അവനെ അപ്പോസ്തലനായി വീണ്ടും നിയോഗിച്ചു. (തുടരും)

മൊഴിമാറ്റം: **സുജ ഏബ്രഹാം**

❖

അനുഭവം

ഓരോ ചുവടിലും അനുസരണം

അദ്ധ്യായം-19

കഥ ഇതുവരെ

വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു.ലണ്ടനിലെ ഗോസറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു.അദ്ഭുതസൗഖ്യം ലഭിച്ചു...

വിവാഹം

ഒടുവിൽ റീസ് വിവാഹിതനായി

മെഡെർഡിയിൽ നിന്നു മടങ്ങിവന്ന് അധികം വൈകാതെ അതു നടന്നു. ബ്രയ്നാമനിൽ തന്നെയുള്ള, നേരത്തെ മുതൽ തന്നെ റീസിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന, എലിസബത്ത് ഹന്ന ജോൺസായിരുന്നു വധു. ഇരുവരും ചെറുപ്പം മുതൽ അന്യോന്യം അറിയാവുന്നവർ. വെയിൽസിലെ ഉണർവ്വിന്റെ സമയത്താണ് എലിസബത്ത് പൂർണമായ ഒരു ആത്മീയാനുഭവത്തിലേക്കു വന്നത്.തുടർന്നു റീസിന്റെ മിഷൻ പ്രവർത്തനത്തിൽ സഹകാരിയായി ഗ്രാമങ്ങളിലെ വീടുകയറി സഹായിക്കുന്ന സംഘത്തിൽ അംഗമായി.ഈ സമയത്താണ് അവർ വിവാഹത്തെക്കുറിച്ച് ആദ്യമായി ചിന്തിച്ചത്.വിവാഹിതരായി ഒരു വീടുണ്ടാക്കി ആ വീട് അഗതികൾക്കായി തുറന്ന് കൊടുക്കാമെന്ന് അവർ വിചാരിച്ചു.എന്നാൽ ക്രമേണ അവർ പ്രവർത്തനങ്ങൾ സംബന്ധിച്ചു പരസ്പര വിരുദ്ധമായ രണ്ടു ദിശകളിലേക്കു പ്രയാണം ആരംഭിച്ചു.അവർ വിവാഹകാര്യവും മാറ്റിവച്ചു.എന്നെങ്കിലും അതു നടക്കുമെന്ന പ്രതീക്ഷപോലും ഇല്ലാതായി. എന്നാൽ ഇപ്പോൾ മൂന്നുവർഷത്തിനുശേഷം ഇരുവരും ഒന്നിക്കുകയും തുടർന്നു തന്റെ സേവനത്തിൽ ഒരു കുടുംബമായി മുന്നേറണമെന്ന ദൈവിക ആലോചന അവർക്കു ലഭിക്കുകയും ചെയ്തു.ഇരുവരും അതിന് കീഴ്പെട്ടു.

അങ്ങനെ 1910 ഡിസംബർ 21 ന് റീസ് ഹൊവൽസും എലിസബത്ത് ഹന്ന ജോൺസും തമ്മിൽ വിവാഹിതരായി.

വിവാഹത്തിന്റെ ചെലവുകൾക്കായി റീസിന്റെ പഴയ സ്ഥലമായ അമേരിക്കയിൽ നിന്ന് ഒരു സംഭാവന ലഭിച്ചിരുന്നു. അത്യാവശ്യ സാധനങ്ങൾ, വിവാഹത്തിനുവേണ്ടത്, ആ തുകയുടെ ഒരു അംശം കൊണ്ടുവാങ്ങി.ബാക്കി വിവാഹദിവസത്തെ ചെലവുകൾക്കായി റീസ് കയ്യിൽ സൂക്ഷിച്ചിരുന്നു. എന്നാൽ കല്യാണത്തിന് ഒരാഴ്ച മുൻപ് വലിയൊരു അത്യാവശ്യവുമായി ഒരാൾ റീസിനെ സമീപിച്ചു. 'ആദ്യത്തെ ആവശ്യത്തിന് ആദ്യപരിഗണന' എന്ന ഒരു പ്രമാണം ആത്മീയ ജീവിതത്തിൽ തുടക്കം മുതലേ റീസിനുണ്ടായിരുന്നു. അതനുസരിച്ച് അത്യാവശ്യക്കാരൻ വന്നപ്പോൾ 'കല്യാണം ഒരാഴ്ച കഴിഞ്ഞല്ലേ' എന്നു ചിന്തിച്ച് റീസ് വിവാഹആവശ്യത്തിനുവച്ചിരുന്ന പണം എടുത്തുകൊടുത്തു.

ദൈവം തക്കസമയത്തു വേണ്ടതു നൽകുമെന്ന വിശ്വാസത്തോടെയാണ് റീസ് പണം നൽകിയത്.എന്നാൽ വിവാഹത്തിന്റെ തലേന്ന് ആയിട്ടും പണം മടക്കി ലഭിച്ചില്ല. "മറ്റേതെങ്കിലും ദിവസമാണെങ്കിൽ പോട്ടെന്നു വയ്ക്കാമായിരുന്നു. പക്ഷെ പിറ്റേന്നു കല്യാണമാണ്. എന്റെ സഹോദരിയും ഭർത്താവും ഞങ്ങളോടൊപ്പം വരുന്നുണ്ട്. രാവിലെ ആദ്യത്തെ ട്രെയിനിൽ തന്നെ ഞങ്ങൾക്കു വിവാഹസ്ഥലത്തേക്കു യാത്രതിരിക്കണം. തലേന്നു വൈകുന്നേരമായിട്ടും കയ്യിൽ ഒരു പെനി പോലും ഇല്ല ! ആരും ദൈവത്തെ സംശയിച്ചുപോകുന്ന അവസ്ഥ. പക്ഷേ അവിടുന്ന് ഒരിക്കലും പരാജയപ്പെട്ടിട്ടില്ല. രാത്രി വൈകി അവസാനനിമിഷം, വിടുതൽ വന്നു.അത്ര വൈകി കാര്യങ്ങൾ ക്രമീകരിക്കപ്പെട്ടതിനു വലിയൊരു പ്രാധാന്യമുണ്ട്. വിശ്വാസത്തിന്റെ ഒരു ജീവിതമാണു ഞങ്ങൾ ആരംഭിക്കേണ്ടത് എന്ന സന്ദേശമാണ് അതു നൽകിയത്".

ചില മാസങ്ങൾ കടന്നുപോയി. റീസ് ഒരു സുഹൃത്തുമൊത്ത് അമേരിക്കയിൽ പ്രസംഗ പര്യടനത്തിനായിപോയി. പഴയ സ്നേഹിതരേയും പരിചയക്കാരെയും അവിടെ സന്ദർശിച്ചു.താൻ മാനസാന്തരപ്പെട്ട പട്ടണത്തിലും പോയി റീസ് ആളുകളെ കണ്ടു. പര്യടനത്തിനുശേഷം അവർ വെയിൽസിൽ മടങ്ങി എത്തി.

മടങ്ങി വന്നു മൂന്നുമാസം കഴിഞ്ഞപ്പോൾ പരിശുദ്ധാത്മാവ് റീസിനോടും കുടുംബത്തോടും മറ്റൊരു വിധത്തിൽ ഇടപെട്ടു. അവർ ഇനി ചാപ്പലിൽ സഭായോഗത്തിനു പോകണമെന്നു പരിശുദ്ധാത്മാവ് ആവശ്യപ്പെട്ടു.റീസും എലിസബത്തും മിഷൻ രംഗത്തായിരുന്നു. തുടർന്ന് റീസ് ഒരു 'ഒളിവുജീവിത'ത്തിലേക്കു പിന്മാറുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി റീസും മറ്റും അഞ്ചുവർഷത്തിലേറെയായി ചാപ്പലിൽ പോകാറില്ലായിരുന്നു.

ഇതിനു മറ്റൊരു വശവുമുണ്ട്. വെയിൽസിലെ ഉണർവിനുശേഷം, ഉണർവിന്റെ ജ്വാലയാൽ സ്പർശിക്കപ്പെട്ട പലരും സഭകൾ വിട്ട് മിഷൻ പ്രവർത്തനങ്ങൾക്കായി ഇറങ്ങിത്തിരിച്ചിരുന്നു.ഉദാഹരണത്തിനു റീസിന്റെ മൂത്ത സഹോദരൻ ജോണിന്റെ കാര്യം എടുക്കുക. വീട്ടിൽ ഏറ്റവും മതിപ്പുള്ള വ്യക്തിയായിരുന്നു ജോൺ.വെയിൽസിലെ ഉണർവ്വിൽ ജോൺ മാനസാന്തരപ്പെടുമ്പോൾ അദ്ദേഹം ഒരു ചാപ്പലിൽ ഡീക്കനായിരുന്നു.ഉണർവ്വിനുശേഷം അദ്ദേഹം സുഹൃത്തുക്കളുമൊപ്പം സ്വതന്ത്രമായ മിഷൻ പ്രവർത്തനത്തിനായി പോയി.അദ്ദേഹമാണ് ബ്രയ്നാമനിലെ'ഗോസ്പൽ ഹാൾ' പണി കഴിപ്പിച്ചത്.പിന്നീട് അതു പട്ടണത്തിലെ സുവിശേഷപ്രവർത്തനങ്ങളുടെ ഒരു കേന്ദ്രമായി മാറി. ഈ മട്ടിലായിരുന്നു അന്ന് ഉണർവ്വിനുശേഷം പല ചെറുപ്പക്കാരും പ്രവർത്തിച്ചിരുന്നത്.ചുരുക്കത്തിൽ ചാപ്പലുകളിലെ സഭാകൂടിവരവുകളും മിഷൻ പ്രവർത്തനങ്ങളും തമ്മിലുള്ള അകലം വർധിച്ചിരുന്നു. അതുകൊണ്ടു മിഷൻ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്ന ഒരാൾ അതു നിർത്തി ഒരു ചാപ്പലിൽ സഭായോഗത്തിനു പോകാൻ തുടങ്ങുന്നത് ആത്മീയമായ തീക്ഷ്ണതയിൽ വന്ന കുറവായിട്ടും പിന്മാറ്റമായിട്ടുമായിരുന്നു അന്നു കണക്കാക്കിയിരുന്നത്.

എന്നാൽ ചാപ്പലിൽ സഭയിൽ അംഗമായി പോകാൻ പരിശുദ്ധാത്മാവു നിർദ്ദേശിച്ചു കഴിഞ്ഞപ്പോൾ റീസിനും കുടുംബത്തിനും വേറൊരു മാർഗ്ഗമില്ലാതായി.

അപ്പോൾപിന്നെ പ്രശ്നം ഏതു സഭയിൽ പോകണമെന്നതായി. നേരത്തെ റീസ് ഒരു സുവിശേഷവിഹിത കോൺഗ്രിഗേഷനൽ ചർച്ചിലായിരുന്നു പോയിക്കൊണ്ടിരുന്നത്. എലിസബത്താകട്ടെ ബാപ്റ്റിസ്റ്റുകാരിയും.പക്ഷേ പുതുതായി എവിടേക്കുപോകണം എന്ന കാര്യത്തിൽ ദൈവത്തോട് ആലോചന ചോദിച്ചപ്പോൾ ദൈവം അവരെ നടത്തിയത് ഒരു ചെറിയ, പുതിയ, കോൺഗ്രിഗേഷനൽ ചർച്ചിലേക്കാണ്.ആ സഭയ്ക്ക് ആ സമയത്ത് ഒരു ശുശ്രൂഷകനുണ്ടായിരുന്നുമില്ല. വിവാഹശേഷം റീസ് ഭാര്യയുമൊത്ത് ചാപ്പലിൽ പോകാൻ തുടങ്ങിയെന്ന വാർത്ത പ്രചരിച്ചപ്പോൾ ആളുകൾ അന്നത്തെ സാഹചര്യത്തിൽ അതവരുടെ പിന്മാറ്റത്തിന്റെ ലക്ഷണമായാണു കരുതിയത്. പ്രത്യേകിച്ചും ചാപ്പൽ, റീസ് പണ്ടു പോയിരുന്ന മിഷൻ കേന്ദ്രത്തിനു വളരെ അടുത്തായിരുന്നതുകൊണ്ട് ആളുകളുടെ ദൃഷ്ടിയിൽ റീസിന്റെ 'പിന്മാറ്റം' വളരെ പ്രകടമായിരുന്നു!

റീസ് ചാപ്പലിലെ യോഗത്തിൽ പങ്കെടുത്ത ആദ്യസമയം മുതൽ പരിശുദ്ധാത്മാവിന്റെ ഒരു നീക്കം ഉണ്ടായിരുന്നു.ഒരു ഞായറാഴ്ച സഭായോഗത്തിനു പോകുന്ന വഴിയിൽ റീസ് സഭാശുശ്രൂഷകനാകണമെന്ന ബോധ്യം ദൈവം നൽകി. റീസ് നേരെ വീട്ടിൽ ചെന്നു ഭാര്യയോടു പറഞ്ഞതിങ്ങനെ: "നീ ഒരു സഭാശുശ്രൂഷകനെയാണു വിവാഹം കഴിച്ചിരിക്കുന്നതെന്ന് അറിയാമോ?"

ദൈവം തന്നോടു സംസാരിച്ച കാര്യമൊന്നും റീസ് സഭാജനങ്ങളോടു പറഞ്ഞില്ല. എന്നാൽ യോഗാനന്തരം ഒരു രാത്രി മൂപ്പന്മാർ റീസിനോടു സഭാശുശ്രൂഷയിൽ പ്രവേശിക്കാൻ താല്പര്യമുണ്ടോ എന്നന്വേഷിച്ചു.റീസ് അതു സമ്മതിച്ചു.അടുത്ത ദിവസം സഭയിൽ റീസ് തന്റെ ആദ്യസന്ദേശം പ്രഘോഷിച്ചു. തുടർന്നു ദൈവവചനം ക്രമാനുഗതമായി പഠിക്കുവാൻവേണ്ടി റീസ് തന്റെ ഭാര്യയുടെ സഹോദരനോടൊപ്പം ഒരു വേദപഠനശാലയിൽ പോകുവാൻ തുടങ്ങി.

സഭയിൽ പ്രസംഗിക്കുമ്പോൾ റീസ് ഒരിക്കലും തന്റെ ഭൂതകാലത്തു മധ്യസ്ഥതയിലൂടെ നേടിയ വിജയങ്ങളെക്കുറിച്ച് പരാമർശിച്ചതേയില്ല."അറേബ്യയിലെ അനുഭവങ്ങളെക്കുറിച്ച്അപ്പൊസ്തലനായ പൗലോസ് മൗനം ദീക്ഷിച്ചതു ഞാനും മാതൃകയാക്കി. ലളിതമായ സുവിശേഷം പ്രഘോഷിക്കാനാണ് എന്നെ വിളിച്ചിരിക്കുന്നത്. ഞാൻ അതുമാത്രം ചെയ്തു. പുൾപ്പിറ്റിൽ നിന്ന് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ക്രിസ്തുവിന്റെ അപ്രമേയനത്തെക്കുറിച്ചു ഘോഷിക്കുന്നത് എത്ര വലിയ പദവിയാണ്!"

ചാപ്പലിൽ ശുശ്രൂഷകനായിത്തീർന്നപ്പോൾ ഉണ്ടായ പ്രകടമായ മാറ്റം റീസ് ഒരു സാധാരണ ജീവിതത്തിലേക്കു മടങ്ങിവന്നു എന്നതാണ്. അതുവരെ മധ്യസ്ഥപ്രാർത്ഥനയ്ക്കായി ഇടിവിൽ നില്ക്കുമ്പോൾ പല വിധത്തിൽ വിചിത്രമായി പെരുമാറാൻ റീസ് നിർബന്ധിതനായിരുന്നു.

"സാധാരണ ഒരു ജീവിതം ദൈവം എനിക്കനുവദിച്ചതിൽ ഞാൻ നന്ദിയുള്ളവനായിരുന്നു.ഡിസ്ട്രിക്ടിലെ പല ചാപ്പലുകളിൽ ഞാൻ മാറിമാറി പ്രസംഗിച്ചു. ക്രൂശിനെക്കുറിച്ചു പ്രസംഗിക്കുന്നതിൽ വലുതായ പദവി എന്താണ്? നിത്യ ജീവനെക്കുറിച്ചായിരുന്നു എന്റെ പ്രസംഗം മുഴുവൻ. പരിശുദ്ധാത്മാവിനെക്കുറിച്ചോ പരിശുദ്ധാത്മാവു നൽകിയ ബോധ്യത്തിൽ മധ്യസ്ഥതയിൽ നിന്നു പോരാടി ജയിച്ചതിനെക്കുറിച്ചോ ഞാൻ ഒരനുഭവവും ആരോടും പങ്കുവച്ചില്ല. ആ കാലത്ത് ഏതെങ്കിലും കാര്യത്തെക്കുറിച്ചു മധ്യസ്ഥത അണയ്ക്കാൻ പരിശുദ്ധാത്മാവ് പ്രത്യേകം എന്നോട് ആവശ്യപ്പെട്ടുമില്ല." റീസ് ആ കാലഘട്ടത്തെക്കുറിച്ച് അയവിറക്കുന്നത് ഇങ്ങനെയാണ്.

ഇങ്ങനെയൊക്കെ പറഞ്ഞെങ്കിലും റീസ് ആ കാലഘട്ടത്തിലും ആളുകളോടു

കരുണയുള്ള ആ പഴയ മനുഷ്യൻ തന്നെയായിരുന്നു. ഒരു ദിവസം വേദപാഠശാലയിലെ തന്റെ സതീർത്ഥ്യനോടൊത്തു നടന്നു പോകുമ്പോൾ എല്ലും തോലുമായ ഒരഗതി തണുപ്പിൽ കൂനിക്കൂടിയിരുന്നു വിറയ്ക്കുകയാണ്. പൊടുന്നനെ റീസ് തന്റെ ഓവർകോട്ട് ഊരി അയാളെ ധരിപ്പിച്ചശേഷം ഒന്നും സംഭവിക്കാത്തതുപോലെ നടന്നുപോയി.

ഈ കാലത്തിലും ദൈവം റീസിനോടും കുടുംബത്തോടും പലവിധത്തിൽ ഇടപെട്ടു. പശ്ചിമ ആഫ്രിക്കയിൽ പ്രേഷിത പ്രവർത്തനം നടത്തിയിരുന്ന സ്റ്റോബർ ദമ്പതികളെ റീസും ഭാര്യയും മിക്കപ്പോഴും പ്രാർത്ഥനയിൽ ഓർക്കും. അങ്ങനെയിരിക്കെ ആ സുഹൃത്തുക്കളിൽ നിന്ന് ഒരു വാർത്ത ലഭിച്ചു. അവർക്ക് ഒരു കുഞ്ഞു ജനിക്കാൻ പോകുന്നു. ഒരു കുഞ്ഞിനെ വളർത്താൻ ഒരു തരത്തിലും യോജിച്ച സ്ഥലത്തല്ല സ്റ്റോബർ ദമ്പതികൾ അപ്പോൾ പ്രവർത്തിക്കുന്നത്.

ഈ വിവരം അറിഞ്ഞപ്പോൾ റീസിനും ഭാര്യക്കും ഒരു ചിന്ത. എന്തുകൊണ്ട് ആ കുഞ്ഞിനെ തങ്ങൾക്കു വളർത്തിക്കൂടാ? അങ്ങനെ ചെയ്താൽ കുഞ്ഞ് വെയിത്സിലെ സുഖകരമായ സൗകര്യങ്ങളിൽ അല്ലലറിയാതെ വളരും, സ്റ്റോബർ ദമ്പതിമാർക്ക് കുഞ്ഞിനെക്കുറിച്ചുള്ള ചിന്താകുലങ്ങൾ വിട്ട് സ്വതന്ത്രമായി ആഫ്രിക്കയിൽ പ്രവർത്തിക്കുകയും ചെയ്യാം. ഇതിന് പക്ഷേ റീസും ഭാര്യ എലിസബത്തും ഒരു വില കൊടുക്കണം. പ്രത്യേകിച്ചും എലിസബത്ത്. കുഞ്ഞിനെ നോക്കുന്ന ചുമതല ഏറ്റെടുത്താൽ എലിസബത്ത് സദാസമയവും വീട്ടിൽ തന്നെ തളച്ചിടപ്പെടും. എങ്കിലും ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി അവൾ ആ ത്യാഗം സഹിക്കാൻ സന്തോഷത്തോടെ തയ്യാറായി. റീസ് വിവരം സ്റ്റോബർ ദമ്പതികളെ അറിയിച്ചു.

സ്റ്റോബർ ദമ്പതിമാരെ സംബന്ധിച്ചിടത്തോളം അപ്രതീക്ഷിതമായിരുന്നു ആ സഹായ വാഗ്ദാനം.എങ്കിലും അവർ ഉടനടി പ്രതികരിച്ചില്ല. നാട്ടിൽ വരുമ്പോൾ അതേക്കുറിച്ചു പറയാമെന്നു മാത്രം എഴുതി അറിയിച്ചു.

ഒടുവിൽ അവർ നാട്ടിലെത്തി. തുടർന്നുള്ള സംഭവം റീസിന്റെ വാക്കുകളിൽ തന്നെ കേൾക്കുക: "സ്റ്റോബറിനെ ഞാൻ ആദ്യം പരിചയപ്പെടുന്നതു പഴയ ലാൻഡ്റോവർ കൺവൻഷനിൽ വച്ചാണ്. തുടർന്ന് അദ്ദേഹം കുടുംബമായി ആഫ്രിക്കയിലേക്കു പോയി.ആഫ്രിക്കയിൽ നിന്നു നാട്ടിലെത്തുമ്പോൾ തമ്മിൽ കാണാമെന്ന് സ്റ്റോബർ എഴുതിയിരുന്നെങ്കിലും നാട്ടിൽ വന്നിട്ടും ചില ദിവസങ്ങളിലേക്കു തമ്മിൽ കാണാൻ ഇടയായില്ല. അങ്ങനെയിരിക്കെ ഒരു ദിവസം 'സൗത്ത് ആഫ്രിക്ക ജനറൽ മിഷൻ' എന്ന സുവിശേഷസംഘടനയുടെ യോഗത്തിൽ മിസ്സിസ് ആൽബർട്ട് ഹെഡ് സംസാരിക്കുന്നു. ഈ യോഗത്തിൽ സബന്ധിക്കാനായി പോകുന്ന വഴിക്ക് സ്റ്റോബറിനെ കണ്ടു. സ്റ്റോബർ അപ്പോഴാണ് അവരുടെ തീരുമാനം അറിയിക്കുന്നത്. കുഞ്ഞിനെ - എഡിത്തിനെ - വളർത്താൻ ഞാനും എലിസബത്തും സന്നദ്ധത പ്രകടിപ്പിച്ചതിനെ അവർ അങ്ങേയറ്റം വിലമതിക്കുന്നുവെന്നും അവർ അക്കാര്യത്തിൽ വളരെ നന്ദിയുള്ളവരാണെന്നും അദ്ദേഹം ആമുഖമായി പറഞ്ഞു. എന്നാൽ തൽക്കാലം അവർ എഡിത്തിനെ മറ്റാരെയും ഏൽപിക്കുന്നില്ലെന്നും അവർ തന്നെ വളർത്താൻ തീരുമാനിച്ചിരിക്കുകയാണെന്നും വിനയപൂർവ്വം അറിയിച്ചു.

എനിക്കു പ്രത്യേകിച്ചൊന്നും തോന്നിയില്ല. ഞാൻ നേരേ യോഗത്തിനു ചെന്നു. അവിടെ മിസ്സിസ് ആൽബർട്ട് ഹെഡ് ആഫ്രിക്കയിലെ അപരിഷ്കൃതരും കർത്താവിനെ അറിയാത്തവരുമായ ആത്മാക്കളുടെ ദയനീയാവസ്ഥ വാക്കുകൾ കൊണ്ടു വരച്ചുകാട്ടി. തുടർന്ന് സംഘടനയുടെ നാട്ടിലെ കാര്യദർശിപദം ഏറ്റെടുക്കാനായി ആഫ്രിക്കയിൽ നിന്ന് ഉടനെ

മടങ്ങി വരുന്ന എഡ്ഗർ ഫെയ്ത്ത്ഫുൾ ദമ്പതിമാരുടെ സ്ഥാനത്ത് ആഫ്രിക്കയിൽ ചെന്നു പ്രവർത്തിക്കാൻ സന്നദ്ധരായ ഭാര്യാഭർത്താക്കന്മാർ ആരുണ്ടെന്ന് ചോദിച്ചു.

ഇതിനു മുൻപും മിഷൻ പ്രവർത്തന രംഗത്തെ ആവശ്യങ്ങളെക്കുറിച്ച് ആളുകൾ സംസാരിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ അന്ന് ഉച്ചകഴിഞ്ഞ ആ സമയത്ത് ദൈവം എനിക്ക് അവിടെയുള്ള ആത്മാക്കളെക്കുറിച്ചുള്ള ഒരു ദർശനം തന്നു. ഇടയനില്ലാത്ത ആടുകളെപ്പോലെ ചിന്നിച്ചിതറിയ ഒരു കൂട്ടം ആളുകൾ!

ഞാൻ വീട്ടിൽ മടങ്ങിയെത്തി. അന്നൊരു ശനിയാഴ്ചയായിരുന്നു. ഞാൻ മീറ്റിംഗിൽ കേട്ടകാര്യങ്ങളും പ്രത്യേകിച്ച് സ്റ്റോബർ, കുഞ്ഞിനെക്കുറിച്ചു പറഞ്ഞതും എലിസബത്തിനോടു പങ്കിട്ടു. ആ രാത്രി ഞങ്ങൾ സ്റ്റോബർ ദമ്പതിമാർക്കുവേണ്ടിയും ആഫ്രിക്കയ്ക്കുവേണ്ടിയും ഏറെ നേരം പ്രാർത്ഥിച്ചു. പ്രാർത്ഥന നിർത്താൻ തോന്നിയില്ല.

ഒടുവിൽ രാത്രിയിൽ ദൈവശബ്ദം ഇങ്ങനെ നിർദ്ദേശം നൽകി: "നിങ്ങൾ ഇരുവരും തന്നെ ആഫ്രിക്കയിലേക്കു പോകണം."

വിശ്വസിക്കാനേ തോന്നിയില്ല. മറ്റാർക്കെങ്കിലും വേണ്ടി ഹൃദയഭാരത്തോടെ മധ്യസ്ഥത അണയ്ക്കാനാണ് ആഫ്രിക്കയിലെ ജനത്തെ ഇടയനില്ലാത്ത ആട്ടിൻപറ്റത്തെപ്പോലെ കാണിച്ചതെന്നുമാത്രമാണു കരുതിയിരുന്നത്. ഒടുവിൽ ഇതാ ഇപ്പോൾ.....

റീസും എലിസബത്തും സ്റ്റോബർ ദമ്പതികളുടെ കുഞ്ഞ് എഡിത്തിനെ വളർത്താമെന്നു ചിന്തിച്ചിരുന്ന കാലത്തിൽ നിന്നു വ്യത്യസ്തമായ ഒരു സാഹചര്യം തുടർന്നുണ്ടായി.റീസ് ദമ്പതികൾക്കും ഒരു കുഞ്ഞു ജനിച്ചു. ആൺകുട്ടി. ആദ്യത്തെ കൺമണിക്കു 'സാമുവൽ' എന്നു പേരിടണമെന്നു ദൈവാത്മാവ് നിർദ്ദേശിച്ചു.സാമുവൽ എന്നൊരുപേർ ഇരു കുടുംബത്തിലും ആർക്കും ഉണ്ടായിരുന്നില്ല. എന്നാൽ സെഖര്യാപുരോഹിതൻ ദൈവശബ്ദത്തിന് അനുസരണക്കേടു കാണിക്കാതെ മകനു 'യോഹന്നാൻ' എന്നു പേരിട്ടതു പോലെ റീസും കുഞ്ഞിന് 'ശമുവേൽ' എന്നു പേരു വിളിച്ചു. പേരിട്ടതിനുശേഷം അവർ ഒരു യാദൃച്ഛികത കണ്ടെത്തി. പഴയ നിയമത്തിലെ ശമുവേൽ ബാലന്റെ അമ്മയുടെ പേര് ഹന്ന എന്നായിരുന്നല്ലോ. എലിസബത്തിന്റെയും മുഴുവൻ പേര് എലിസബത്ത് ഹന്ന ജോൺസ് എന്നാണ്!

ആഫ്രിക്കയിലേക്കു പോകാൻ വിളി ഉണ്ടായ റീസും എലിസബത്തും സാമുവലിനെ എന്തുചെയ്യും?നേരത്തെ സ്റ്റോബർ ദമ്പതികൾക്കു വേണ്ടി തങ്ങൾ പറഞ്ഞതു ഭാവിയിൽ തങ്ങൾക്കു തന്നെ നേരിടേണ്ടി വരുമെന്ന് അവർ സ്വപ്നേപി ചിന്തിച്ചിരുന്നില്ലല്ലോ!

കുഞ്ഞിനെ പിരിയുക എന്നത് എളുപ്പമായിരുന്നില്ല. അബ്രഹാം യിസ്ഹാക്കിനെ യാഗപീഠത്തിൽ വച്ചതുപോലെ അനുസരണത്തിന്റെ ഒരു ചുവടുവയ്പാണ് ദൈവം ആവശ്യപ്പെട്ടത്. 'എന്നെക്കാളേറെ..... മകനെയോ മകളെയോ..... പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല' - ദൈവവചനം എത്രയും വ്യക്തമായിരുന്നു. എന്താണു ചെയ്യേണ്ടത്? താനനുഭവിക്കാത്ത ഒരു കാര്യം ചെയ്യുവാനല്ല ദൈവം റീസ് ദമ്പതികളോട് ആവശ്യപ്പെട്ടത്. പിതാവ് ലോകത്തെ സ്നേഹിച്ചു തന്റെ പുത്രനെ നൽകിയല്ലോ! ഇതേ ത്യാഗമാണ് ആഫ്രിക്കക്കാർക്കുവേണ്ടി ദൈവം റീസിനോട് ആവശ്യപ്പെട്ടത്. 'നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ മകനെ.....' എന്ന അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാക്കുകളുടെ മൂർച്ച റീസ് അനുഭവിച്ച റിഞ്ഞ ദിവസങ്ങൾ!

ആഫ്രിക്കയിലേക്കു പോകുമ്പോൾ 'കൊച്ചു ശമുവേലിനു' വേണ്ടി നാട്ടിൽ എന്ത് ഏർപ്പാടാണു ദൈവം ചെയ്യാൻ

പോകുന്നതെന്ന് റീസിന് അറിയില്ലായിരുന്നു. അതിനെക്കുറിച്ചു ചിന്തിക്കാനേ ധൈര്യപ്പെട്ടില്ല. പക്ഷേ ദിവസങ്ങൾ കൊഴിഞ്ഞു വീണുകൊണ്ടിരുന്നു. ആഫ്രിക്കയ്ക്കു പോകേണ്ട ദിവസങ്ങൾ അടുത്തുവരുന്നു.

അങ്ങനെയിരിക്കെ ആഫ്രിക്കയിലേക്കു പോകാൻ ചില ആഴ്ചകൾ മാത്രം ശേഷിക്കെ, നേരത്തെ റീസിന്റെ പ്രാർത്ഥനയിൽ സൗഖ്യമായ ഡിക്ക് അമ്മാവന്റെ സഹോദരനും റീസിന്റെ മറ്റൊരമ്മാവനുമായ വ്യക്തി റീസിന് ആളുവിട്ടു.അധികം അകലെയല്ലാതെ, ഭാര്യ ഹെഡ്മിസ്ട്രസായ സ്കൂളിനു സമീപം ഗാർനന്റ് എന്ന സ്ഥലത്തായിരുന്നു ആ അമ്മാവന്റെ താമസം. റീസ്, അമ്മാവന്റെ വീട്ടിലെത്തി. ഉപചാരങ്ങൾക്കുശേഷം അമ്മാവൻ കാര്യത്തിലേക്കു കടന്നു: "ആട്ടെ, കുഞ്ഞിന്റെ കാര്യം നിങ്ങൾ എന്തുതീരുമാനിച്ചു? ആരാണവനെ വളർത്തുന്നത്?"

തനിക്കറിയില്ലെന്നു റീസു പറഞ്ഞു. "എന്നാൽ അവൻ ഇവിടെയാണു വളരേണ്ടത്". അമ്മാവൻ പറഞ്ഞു.

റീസ് താമസിക്കുന്നിടത്തുനിന്നു മൂന്നു നാലുമൈൽ മാത്രം അകലെയാണ് ഈ അമ്മാവനും ഭാര്യയും താമസിക്കുന്നത്. എന്നിട്ടും അവർ 'സാമുവലി'നെ കണ്ടിട്ടുണ്ടായിരുന്നില്ല. എന്നാൽ ചില ദിവസങ്ങൾക്കുമുൻപ് ഒരു രാത്രി അമ്മാവനും ഭാര്യക്കും സാമുവലിനെ തങ്ങളാണു വളർത്തേണ്ടതെന്ന ശക്തമായ ചിന്ത ഉണ്ടായി.അതനുസരിച്ചാണ് അദ്ദേഹം റീസിനെ വിളിപ്പിച്ചത്. രണ്ടു ദിവസം കഴിഞ്ഞ് അവർ സാമുവലിനെ കാണാനും മറ്റു ക്രമീകരണങ്ങൾക്കുമായി റീസിന്റെ വീട്ടിലെത്തുമെന്നും പറഞ്ഞു.

"ഈ വിവരം ഭാര്യയോടു പറയാൻ അന്നു ഞാൻ വീട്ടിലേക്കു മടങ്ങിയത് കനം തൂങ്ങുന്ന മനസ്സോടെയാണ്. ഞങ്ങൾ വാസ്തവത്തിൽ അവനെ ഞങ്ങളുടെ ഹൃദയത്തിൽ യാഗപീഠത്തിൽ വച്ചെങ്കിലും കർത്താവ് അവനുവേണ്ടി പുതിയ വാതിൽ തുറന്ന് അവനെ ഞങ്ങളിൽ നിന്ന് എടുത്തുമാറ്റുന്ന ഘട്ടം വന്നപ്പോൾ അതു സഹിക്കാവുന്നതിലും ഏറെയായിരുന്നു.ഹൃദയം നൂറു കഷണങ്ങളായി നുറുങ്ങിപ്പോകുന്നതുപോലെ....

വീട്ടിൽ വന്നപ്പോഴോ? ഭാര്യ കുഞ്ഞിനെ കളിപ്പിച്ചുകൊണ്ടു സന്തോഷവതിയായി ഇരിക്കുകയാണ്.ആ രാത്രിയിൽ ഞാനവനെ കണ്ടതുപോലെ ഞാൻ ജീവിതകാലത്തൊരിക്കലും അവനെ കണ്ടിട്ടില്ലെന്നു തോന്നി. എന്തൊരു ഓമനത്തമുള്ള മിടുക്കൻ കുഞ്ഞ്!

എനിക്ക് വിവരം എലിസബത്തിനോടു പറയാൻ ശക്തിയില്ലെന്നു തോന്നി; ഒരിക്കലും എനിക്കത് അവളോടു പറയാൻ കഴിയില്ലെന്നും. പക്ഷേ ഒടുവിൽ സർവ ശക്തിയും സംഭരിച്ചു ഞാൻ വിവരം പറഞ്ഞു. പിന്നീടുള്ള കാര്യങ്ങൾ വിവരിപ്പാൻ എനിക്കു കഴിവില്ല.

എന്നാൽ ഒടുവിൽ ഞങ്ങൾ ആശ്വാസം പ്രാപിച്ചു. ആഫ്രിക്കയ്ക്കു വേണ്ടി ഞങ്ങൾ ഒരു വിലകൊടുക്കുകയാണ്. വിജയത്തിലേക്കു ഞങ്ങൾ മെല്ലെ അടുത്തുവന്നു. പക്ഷേ അത് ഇഞ്ചിഞ്ചായുള്ള യാതനാപൂർണമായ ഒരു വിജയമായിരുന്നു.

പറഞ്ഞതുപോലെ അടുത്ത ദിവസം അമ്മാവനും അമ്മാവിയും വന്നു കുഞ്ഞിനെ കണ്ടു. ആദ്യകാഴ്ചയിൽ തന്നെ അവരുടെ ഹൃദയം അവനോടു പറ്റിച്ചേർന്നു. ഒരു പിതാവിന്റെയും മാതാവിന്റെയും സ്നേഹം ദൈവം ഉടനെതന്നെ അവരുടെ ഹൃദയത്തിൽ കൊടുത്തു. അവർ തുടർന്ന് കുഞ്ഞിന്റെ ആയയായി എന്റെ സ്വന്തം സഹോദരിയെ നിയമിച്ചു. അടുത്ത ദിവസം തന്നെ സഹോദരി വന്നു കുഞ്ഞിനെ കൊണ്ടുപോയി!

നിത്യതയിൽ ചെല്ലുമ്പോൾ എന്തിലൂ

ടെയാണു ഞങ്ങൾ കടന്നുപോയതെന്നു വ്യക്തമാകും. നമ്മൾ പണം, ആരോഗ്യം, മറ്റ് പല കാര്യങ്ങൾ ദൈവത്തിനായി നൽകാൻ തയ്യാറാകും. പക്ഷേ അതിലെല്ലാറ്റിലും വച്ച് ഏറ്റവും കഠിനമായത് ഇതാണെന്നു ഞങ്ങൾ അനുഭവിച്ചറിഞ്ഞു.

ആ രാവിലെ പിശാചും വെറുതെ ഇരുന്നില്ല. സ്വന്തം കുഞ്ഞിനെ ഉപേക്ഷിച്ച ഞാൻ ഈ ലോകത്തിലെ ഏറ്റവും കഠിനനായ മനുഷ്യനാണെന്ന് അവൻ എന്നോടു മന്ത്രിച്ചു.

എന്റെ ഭാര്യയുടെ അവസ്ഥയായിരുന്നു കൂടുതൽ ദയനീയം. അവന്റെ കൊടുത്തുവിടാനുള്ള തുണികൾ ഓരോന്നായി അവൾ അടുക്കി എടുത്തു വയ്ക്കുമ്പോൾ ഹൃദയം മുറിഞ്ഞുപോകുന്നതുപോലെ തോന്നിയിരിക്കണം. ഒടുവിൽ കുഞ്ഞിനെയുംകൊണ്ട് എന്റെ സഹോദരി പോയി. വീട് ശൂന്യമായി; ഞങ്ങളുടെ ഹൃദയവും.

അന്നുരാത്രി ഞാൻ വീട്ടിലെത്തിയപ്പോൾ എങ്ങനെ അതിനെ അതിജീവിച്ചെന്നു ഞാൻ ഭാര്യയോടു ചോദിച്ചു. അവൾ പറഞ്ഞതിങ്ങനെ: "ഞാൻ പൂന്തോട്ടത്തിൽ പോയിരുന്നു കുറെ നേരം കരഞ്ഞു.

"നാമെല്ലാം അൾത്താരയിൽ വച്ചില്ലെങ്കിൽ എങ്ങനെ

നാം തന്റെ സ്നേഹത്തിന്റെ സന്തോഷം തെളിയിക്കും?"

എന്ന വരികൾ ഞാൻ ആവർത്തിച്ചു പാടിക്കൊണ്ടിരുന്നു. അപ്പോൾ കർത്താവെന്നോടു പറഞ്ഞു 'നീ നിന്റെ ദുഃഖത്തെ കാൽവറിയിലെ ത്യാഗത്തോടു തട്ടിച്ചുനോക്കുക.' ഞാൻ അങ്ങനെ ചെയ്തു. എന്റെ സങ്കടം മാറി.

തുടർന്നു ഞങ്ങൾ ഒന്നിച്ചു പ്രാർത്ഥിച്ചു. അപ്പോൾ കർത്താവ് ഇതിന്റെ പ്രതിഫലം സംബന്ധിച്ച് എന്നോട് ഇങ്ങനെ പറഞ്ഞു: "എനിക്കു തന്നതിനെല്ലാം നൂറു മടങ്ങു ഞാൻ മടക്കിനൽകും. ഇതിനു പകരം ഞാൻ നിനക്ക് ആഫ്രിക്കയിൽ പതിനായിരം ആത്മാക്കളെ നൽകും." ആ വാക്കുകൾ ഞങ്ങൾ അതേപടി വിശ്വസിച്ചു.വലിയ സ്വസ്ഥത ദൈവം ഞങ്ങൾക്കു തന്നു "- റീസിന്റെ വാക്കുകൾ.

സാമുവലിന്റെ ബാക്കി ചരിത്രം ഇങ്ങനെയാണ്:

സാമുവൽ റീസ് എന്ന പേരിലാണ് അവനെ 'പുതിയ മാതാപിതാക്കൾ' സ്കൂളിൽ ചേർത്തത്. സ്വന്തം കുഞ്ഞിനെപ്പോലെ അവർ അവനെ വളർത്തി പഠിപ്പിച്ചു. ഓക്സ്ഫഡ് സർവകലാശാലയിൽ നിന്ന് ബിരുദം നേടിക്കഴിഞ്ഞപ്പോൾ അവനെ ഡോക്ടറാക്കണമെന്നായിരുന്നു വളർത്തമ്മയുടെയും അപ്പന്റെയും ആഗ്രഹം. പക്ഷേ പന്ത്രണ്ടാം വയസ്സിൽതന്നെ യേശുവിനെ രക്ഷകനും നാഥനുമായി സ്വീകരിച്ച സാമുവലിനെ ദൈവം അവിടുത്തെ വേലയ്ക്കായി വിളിച്ചു. അവനെ വളർത്തിയവർ അവന്റെ ആഗ്രഹത്തിനു തടസ്സം നിന്നില്ല. അങ്ങനെ അവൻ ദൈവശുശ്രൂഷയ്ക്കായി ഇറങ്ങി സ്വന്തം മാതാപിതാക്കളോടൊപ്പം വർഷങ്ങൾ പ്രവർത്തിച്ചു. ഒടുവിൽ റീസ് ഹോവൽസിന്റെ പിൻഗാമിയായി സാമുവൽ റീസ് പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി.

ദൈവം എത്ര വിശ്വസ്തൻ! യാഗപീഠത്തിൽ വച്ച് യിസ്ഹാക്കിനെ ദൈവം വീണ്ടും അബ്രഹാമിനു മടക്കിനൽകിയതുപോലെയാണു സംഭവിച്ചത്.

പക്ഷേ ശമുവേൽബാലനെ ഹന്ന ദേവാലയത്തിനു നൽകിയതുപോലെ എലിസബത്തും യിസ്ഹാക്കിനെ അബ്രഹാം നൽകിയതുപോലെ റീസും കുഞ്ഞിനെ നൽകിയപ്പോൾ ദൈവം അവരെ അനുഗ്രഹിച്ചു. ഭൗതികമായല്ല. ആഫ്രിക്കയിൽ നൽകിയ ആത്മാക്കളിലൂടെയാണ് അവിടുന്ന് അതു ചെയ്തത്.

(തുടരും)

❖

എഡിറ്റോറിയൽ തുടർച്ച

പ്രസ്ഥാനമായി മാറും എന്നു നമുക്കറിയാം.അങ്ങനെയെങ്കിൽ, ഒരു പ്രവാചകൻ ആരംഭിച്ച ആത്മീയ മുന്നേറ്റം (Spiritual movement) സ്ഥാപനവൽക്കരിക്കപ്പെട്ട് കേവലം ഒരു സംഘടനയായി മാറുന്നില്ലെന്ന് നമുക്ക് എങ്ങനെ ഉറപ്പിക്കാൻ കഴിയും? ഏതു മുന്നേറ്റത്തിന്റെയും ആദ്യകാലദർശനത്തിൽ ഒത്തുതീർപ്പു കടന്നു വരുമ്പോഴാണ് അതൊരു സംഘടനയായും പ്രസ്ഥാനമായും അധഃപതിക്കുന്നത്. തന്റെ വിളിയെക്കുറിച്ചു ബോധ്യമുള്ള പ്രവാചകൻ അതുകൊണ്ടുതന്നെ ഈ അപകടത്തെക്കുറിച്ചു സദാ ജാഗരൂകനായിരിക്കും. മുന്നേറ്റത്തിന്റെ ലക്ഷ്യത്തോടും ദർശനത്തോടും ഒത്തുപോകാത്ത ആളുകൾക്കെതിരെ യാതൊരു ദാക്ഷണ്യവുമില്ലാത്ത നിലപാടുകൾ പ്രവാചകൻ സ്വീകരിക്കുന്നത് മുന്നേറ്റത്തെ അതിന്റെ തനിമയിലും നിർമ്മലതയിലും സൂക്ഷിക്കാൻ വേണ്ടിയാണ്.ഇക്കാര്യത്തിൽ ഒരു യഥാർത്ഥപ്രവാചകൻ മുഖപക്ഷം കാണിച്ചാൽ അത് ആ മുന്നേറ്റത്തെ സംബന്ധിച്ചിടത്തോളം ആത്മഹത്യാപരമായിരിക്കും.

ഉദാഹരണത്തിനു പൗലൊസിന്റെ കാര്യം ശ്രദ്ധിക്കുക. ഒരിക്കൽ അദ്ദേഹത്തിന്റെ ആത്മീയ മുന്നേറ്റത്തോടു ചേർന്നു നിന്നവനായിരുന്നു ദേമാസ്. എന്നാൽ ദേമാസ് ഒരു ഒത്തുതീർപ്പുകാരനായപ്പോൾ അദ്ദേഹത്തിനു പൗലൊസിനെ വിട്ടു പോകേണ്ടിവന്നു(2തിമൊ.4:10). പൗലൊസിന്റെ മറ്റു ചില സഹപ്രവർത്തകരുടെ കാര്യത്തിലും ഇതുതന്നെ സംഭവിച്ചു. എന്തുകൊണ്ടു പൗലൊസ് തന്റെ ഈ സഹപ്രവർത്തകരോടു കരുണ കാട്ടില്ല? കാരണം അങ്ങനെ ചെയ്താൽ അതുതന്നെ മുന്നേറ്റത്തിന്റെ അന്ത്യം കുറിക്കുമെന്ന് അദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു.

തീർച്ചയായും ഈ കർക്കശ്ശമായ നിലപാടുകൾ പൗലൊസിന്റെ ജനപ്രീതി (Popularity) യെ ബാധിച്ചു കാണും. എന്നാൽ പൗലൊസിന് അതു പ്രശ്നമായിരുന്നില്ല.കാരണം അദ്ദേഹം ഒരിക്കലും തന്നെക്കുറിച്ചുള്ള ഒരു 'ഇമേജിന്റെ തടവുകാരൻ' ആയിരുന്നില്ല. ആളുകൾ തന്നെക്കുറിച്ച് എന്തുപറയും, ചിന്തിക്കും എന്ന് അദ്ദേഹം ആലോചിച്ചില്ല(ഗലാത്യ.1:10).വിശുദ്ധിക്കുവേണ്ടി ദൈവിക തീക്ഷ്ണതയുടെ പക്ഷത്ത് അദ്ദേഹം നിർദ്ദാക്ഷണ്യം നിലയുറപ്പിച്ചു.

ഇതുമൂലം പൗലൊസിന്റെ മുന്നേറ്റത്തിൽ തന്നെ പിളർപ്പുകൾ ഉണ്ടായെന്നു നമുക്കു കാണാം. 'ആസ്യക്കാർ എല്ലാവരും എന്നെ വിട്ടുപോയി' എന്നാണ് അദ്ദേഹം അതെക്കുറിച്ചു വിവരിക്കുന്നത്(2തിമൊ.1:15) തനിക്കു തുല്യചിന്തനായി തിമൊഥെയോസ് മാത്രമേ ഉള്ളെന്നും അദ്ദേഹം പറയുന്നു (ഫിലി. 2:14). തന്റെ മുന്നേറ്റം പ്രസ്ഥാനവൽക്കരിക്കപ്പെട്ടു പോകാതിരിക്കാനുള്ള തീക്ഷ്ണതയിൽ പൗലൊസിനു നേരിടേണ്ടിവന്ന തിരിച്ചടികൾ ഇവയെല്ലാമാണ്.

ഒരു പ്രവാചകൻ തുടങ്ങി വയ്ക്കുന്ന മുന്നേറ്റം പ്രസ്ഥാനവൽക്കരിക്കപ്പെട്ട് സംഘടനയായി മാറിയില്ല എന്നതിന്റെ തെളിവ് അതിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന ശുദ്ധീകരണം തന്നെയാണ്. വിവേചനം ഇല്ലാത്ത ആളുകൾ ഇത്തരം ശുദ്ധീകരണങ്ങളെ തെറ്റിദ്ധരിച്ചാലും ദൈവികസത്യങ്ങളിൽ വെള്ളം ചേർക്കാൻ വിസ്സമ്മതിക്കുന്ന പ്രവാചകൻ ദൈവം തനിക്കു തന്ന ബോധ്യത്തോട് ചേർന്ന് ഒത്തു തീർപ്പില്ലാതെ നിൽക്കും.

നല്ല 'ഭരണകർത്താക്കളും നയതന്ത്രജ്ഞരും' എല്ലാവരെയും കൂട്ടിയോജിപ്പിച്ചു നിർത്താൻ ഒത്തുതീർപ്പുകൾക്കു വഴങ്ങും. കാരണം മനുഷ്യരുടെ മുൻപാകെയാണ് അത്തരക്കാർ ജീവിക്കുന്നത്.എന്നാൽ ദൈവത്തിൽ നിന്നു നിയോഗം പ്രാപിച്ച ഒരു പ്രവാചകൻ നയതന്ത്രജ്ഞനോ രാഷ്ട്രീയക്കാരനോ അല്ല. കാരണം അദ്ദേഹം ദൈവമുൻപാകെ മാത്രം ജീവിക്കുന്നവനാണ്.'എന്റെ രാജ്യം ഐഹികമല്ല' എന്ന യേശുവിന്റെ വാക്കുകളാണ് അദ്ദേഹത്തിനു പ്രചോദനം. അദ്ദേഹത്തിനു സംരക്ഷിക്കാൻ

ദൈവിക കാര്യങ്ങളിലുള്ള ..... തുടർച്ച

ഇരിക്കുന്നു, ആളുകൾ നമ്മെപ്പറ്റി എന്തു ചിന്തിക്കുന്നു എന്നീ കാര്യങ്ങളിൽ നാം മുഴുകിയിരിക്കുന്ന സ്ഥിതിവിശേഷവും അവിടുത്തെ കോപത്തെ ജ്വലിപ്പിക്കുന്നു. നാം ചെയ്കയോ പറകയോ ചെയ്യുന്ന കാര്യങ്ങളെ ജനങ്ങൾ എങ്ങനെ വിവക്ഷിക്കുന്നു എന്ന നമ്മുടെ ചിന്തയുടെമേലും ദൈവക്രോധം പകരപ്പെടുന്നു.എന്നാൽ ഇതിനുപകരം നാം ആഗ്രഹിക്കേണ്ടിയിരുന്നത് ആന്തരികമായി സൗന്ദര്യമുള്ളവരായിരിക്കാനും ഹൃദയത്തിനു രൂപാന്തരം സംഭവിക്കാനും അകമേ മുഴുവനായും സമ്പൂർണ്ണമായും ദൈവഭക്തിയുള്ളവരായിരിക്കാനും ആയിരുന്നു. ഈ കാര്യങ്ങളിലാണ് ദൈവത്തിന് അഭിരുചിയുള്ളത്. അവയിലാണ് അവിടത്തെ താൽപര്യം.ബാഹ്യമായ മറ്റു കാര്യങ്ങളിലാണ് നമുക്കു താൽപര്യമെങ്കിൽ നാം ഇപ്പോഴും ദൈവത്തിൽ നിന്ന് അനേകകാതം അകലെയാണ്. സ്വന്തകുറ്റം സമ്മതിക്കുന്നതും ഏറ്റുപറയുന്നതും സ്വയം താഴ്ത്തുന്നതും തനിക്കു സംഭവിക്കാവുന്ന ഏറ്റവും മോശമായ കാര്യമായി കരുതത്തക്കവണ്ണം ഒരുവന്റെ ആത്മീയ നിലവാരം അത്ര വഷളായിത്തീരാൻ കഴിയും.അങ്ങനെയെങ്കിൽ ആ വ്യക്തി ഉൽഗതിക്കു വഴിയില്ലാത്തവിധം അധഃപതിച്ചുവെന്നു കരുതാം. ദൈവം താഴ്മയുള്ളവർക്കു കൃപ നൽകുന്നു; അവിടുന്ന് നിഗളികളെ എതിർക്കുന്നു. എന്നെത്തന്നെ താഴ്ത്തുന്നതും കാര്യങ്ങൾ അവ ആയിരിക്കുന്ന സ്ഥിതിയിലാണെന്നു സമ്മതിക്കുന്നതും എനിക്കു ഭാവനചെയ്യാവുന്ന ഏറ്റവും മോശമായ കാര്യങ്ങളാണെന്ന് ഞാൻ കരുതുന്നപക്ഷം, എന്താണതിന്റെ അർത്ഥം? തങ്ങൾ പുറമേ കാണുന്നതുപോലെ നല്ലവരല്ല എന്നതിനെപ്പറ്റി ഏറ്റവും ചെറിയ ഒരു സൂചനയെങ്കിലും മറ്റുള്ളവർക്കു ലഭിക്കാതിരിക്കുവാൻ എന്തുവേണമെങ്കിലും ആളുകൾ ചെയ്യും. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ യഥാർത്ഥത്തിൽ ഏറ്റവും നല്ലതായ കാര്യം, തങ്ങൾക്കു സംഭവിക്കാവുന്നതിൽ ഏറ്റവും ചീത്തയാണെന്നു കരുതത്തക്കവണ്ണം ഇക്കൂട്ടരുടെ അവസ്ഥ അത്ര മോശമായിത്തീർന്നിരിക്കുന്നു. ഇതാ ഇവിടെ നിങ്ങളുടെ ആത്മാവിന്റെ രക്ഷയെ പടുത്തുയർത്തുവാൻ സർവോത്തമമായ ഒരു മാർഗ്ഗം. അത് രക്ഷയുടെ കേന്ദ്രബിന്ദുതന്നെയെന്നു പറയാം. നിങ്ങൾ യഥാർത്ഥത്തിൽ ആയിരിക്കുന്നതിനെക്കാൾ മെച്ചമായി ആളുകൾ നിങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ നിങ്ങൾക്ക് ഒരു നല്ല മനസ്സാക്ഷി വച്ചു പുലർത്തുവാൻ സാധ്യമല്ല. അവിടെ നിങ്ങളുടെ മനസ്സാക്ഷിയുടെ നേരേ നിങ്ങൾ കാഠിന്യം കാട്ടേണ്ടിവരുന്നു. അതിനെ നിങ്ങൾ നിശ്ശബ്ദമാക്കേണ്ടിവരുന്നു. ഇതിനെതിരായി എന്റെ ആന്തരിക ജീവിതത്തിൽ ഞാൻ അനേകമനേകം വർഷങ്ങളായി സർവശ്രമവും കേന്ദ്രീകരിച്ച് പോരാടിക്കൊണ്ടിരിക്കുന്നു. ഞാൻ വാസ്തവത്തിലായിരിക്കുന്നതിൽ ഉപരിയായിട്ടുള്ള ഒരു മതിപ്പ് എന്നെക്കുറിച്ചുണ്ടാകാത്തക്കവിധം ഒരു വാക്കോ ഒരു പെരുമാറ്റമോ എന്നിൽനിന്ന് ഉണ്ടാകുന്നപക്ഷം പിന്നീട് ഒരു ദിവസം പോലും ജീവിച്ചിരിക്കുന്നത് എനിക്കു സഹിക്കുവാൻ സാധ്യമല്ല.അത് എനിക്കു വഹിക്കാവുന്നതിലധികമാണ്.എന്റെ ജീവിതത്തിൽ അതു സംഭവിക്കുക സാധ്യമല്ല.

''സാത്താനേ, എന്നെ വിട്ടു പോ. എന്തെന്നാൽ ദൈവത്തിന്റേതായ കാര്യങ്ങളിലുള്ള അഭിരുചി നിനക്കില്ല.മനുഷ്യരുടെ കാര്യങ്ങളിലാണ് നിനക്കു താൽപര്യം."ആളുകൾക്ക് എന്തിലാണ് അഭിരുചി? എല്ലാ മനുഷ്യരും തങ്ങളെ ഇഷ്ടപ്പെടുന്നതിലും ബഹുമാനിക്കുന്നതിലും മറ്റും മറ്റുമാണ് അവർക്ക് അഭിരുചിയുള്ളത്. എന്നാൽ പ്രധാനമായ ഏക കാര്യം ദൈവം എന്തു ചിന്തിക്കുന്നു എന്നതാണ്. ഇത് ഏറ്റവും വ്യക്തമാണ്. നിങ്ങൾ ചെറുപ്പമാണെങ്കിൽപ്പോലും ശിഷ്ടായുസ്സു മുഴുവൻ ഈ വഴിയിൽ പ്രയത്നിക്കുക. നിങ്ങൾക്ക് മാനുഷികകാര്യങ്ങളിൽ അഭിരുചിയുണ്ടാകുമ്പോൾ കപടഭക്തിയിൽ നിങ്ങൾ കുടുങ്ങുവാൻ ഇടയാകുന്നു. കപടഭക്തിയുടെ ഏറ്റവും വലിയ ലക്ഷണമാണ് നാട്യം അഥവാ അഭിനയം. ആളുകൾ വിവിധ രൂപത്തിൽ അതു ചെയ്തുകൊണ്ടിരിക്കുന്നു. വാസ്തവത്തിൽ തങ്ങൾ ഏതൊരു നിലയിലിരിക്കുന്നുവോ അതിനെക്കാൾ ഭേദമാണ് തങ്ങളുടെ നിലയെന്ന് അവർ നടിക്കുന്നു. നിങ്ങൾ സത്യത്തിൽ എന്തായിരിക്കുന്നുവോ അതിനെക്കാൾ വലിയവനായി ആളുകൾ നിങ്ങളെ മതിക്കുമ്പോൾ നിങ്ങൾ സന്തോഷിക്കുന്നു. എന്നാൽ അതിനെ നിങ്ങൾ വെറുക്കുകയാണ് വേണ്ടത്. പൂർണ്ണരക്ഷയ്ക്ക് ആവശ്യമായ അഭിരുചിയുണ്ടാകുക എന്നതിന്റെ അർത്ഥം അതത്രേ.

ഫാഷനുവേണ്ടിയുള്ള ഒരഭിരുചി മനുഷ്യർക്കുണ്ട്. മിക്കവാറും എല്ലാവരും തന്നെ ഫാഷന്റെ അടിമകളാണ്. ക്ഷമ ചോദിക്കുക എന്നതു മാത്രമാണ് ഫാഷനല്ലാത്ത ഒരു കാര്യം.അത് മിക്കവാറും ഒരിക്കലും സംഭവിക്കുന്നില്ല. സംഭവിക്കുന്നത് ഇതാണ്: ഒരാൾ മറ്റൊരാൾക്കെതിരായി പാപം ചെയ്കയും ഒരിക്കലും ക്ഷമ ചോദിക്കാതിരിക്കുകയും ചെയ്യുന്നു. എന്താണതിനു കാരണം? മാപ്പു ചോദിച്ചാൽ മറ്റുള്ളവർക്ക് തങ്ങളെക്കുറിച്ചുള്ള മതിപ്പു കുറഞ്ഞു പോകുമെന്നും തങ്ങൾ തെറ്റായ ചിലതു ചെയ്തുപോയതായി മറ്റുള്ളവർ ഗ്രഹിപ്പാനിടയാകുമെന്നും അവർ വിശ്വസിക്കുന്നു.എന്നാൽ ഇപ്രകാരം മാപ്പു ചോദിക്കുമ്പോൾ ഞാൻ ദൈവത്തിന്റെ ദൃഷ്ടിയിൽ വലിയ അഭിവൃദ്ധി പ്രാപിക്കും.സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവുമുള്ളത് അവിടുത്തേക്കു മാത്രമാണ്. അതിനാൽ അവിടുത്തെ ദൃഷ്ടിയിൽ എനിക്കുള്ള മതിപ്പു വർദ്ധിച്ചാൽ അത് വളരെ പ്രതിഫലമുള്ള കാര്യമാണ്.ദൈവിക കാര്യങ്ങളിലുള്ള അഭിരുചിയും മാനുഷിക കാര്യങ്ങളിലുള്ള അഭിരുചിയും അന്യോന്യവിരുദ്ധമാണ്.എന്റെ വ്യക്തിപരമായ സാക്ഷ്യം ഇതാണ്:ഞാൻ മാനസാന്തപ്പെട്ട സമയം മുതൽ ഭൗമികമായ മഹത്വത്തിൽ എനിക്കു യാതൊരു താൽപര്യവും ഉണ്ടായിരുന്നില്ല.പൂർണ്ണമായും ഈയൊരു അടിസ്ഥാനത്തിലാണ് ഞാൻ ജീവിച്ചിട്ടുള്ളത്.സ്വർഗ്ഗീയം, ഭൗമികം ഇവയിലൊന്നു മാത്രമാണ് നമുക്കു തിരഞ്ഞെടുക്കുവാനുള്ളത്. മനുഷ്യരിൽ നിന്നു ബഹുമാനം ലഭിക്കുകയും സ്വന്തതെറ്റു മറച്ചു വയ്ക്കുകയും ചെയ്യുന്നതിൽ ഒരുവനു തോന്നുന്ന അഭിരുചി സാധ്യമായതിൽ ഏറ്റവും അധമമായ ഭൗമികാഭിരുചിയാണ്.

നമ്മുടെ ഇടയിൽ ശക്തമായ വചനഘോഷണം ഉണ്ടായിരുന്നിട്ടും ലോകത്തിൽ പുതുതായ എന്തെങ്കിലുമൊരു കാര്യം പ്രത്യക്ഷപ്പെടുമ്പോൾ അതു നേരേ സഭയിലേക്കു വന്നു ചേരുന്നു.അതിനാൽ വചനഘോഷണം വേണ്ടിടത്തോളം ശക്തവും മൂർച്ചയുള്ളതുമല്ലെന്ന് യേശു പറഞ്ഞത് അദ്ദേഹത്തെ സംബന്ധിച്ചു നിറവേറും.

നാം ജീവിക്കുന്ന ഈ കാലഘട്ടത്തിലും ദൈവിക പ്രവൃത്തിയെ മനസ്സിലാക്കാനുള്ള വിവേചനം ഉണ്ടെങ്കിൽ ദൈവം എഴുന്നേല്പിക്കുന്ന പ്രവാചകന്മാരെ നാം തിരിച്ചറിയും. ഒത്തുതീർപ്പില്ലാതെ നാമും അവരുടെ ആത്മീയ മുന്നേറ്റത്തിൽ പങ്കാളികളാകും.എതിർപ്പുകളെ സാധ്യതകളായി കാണും. കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

❖

Youth Section

The Greatest Person Who Ever Lived-2

Sandeep Poonen

Question:
Why is Jesus so unique and special to you?

Answer:
Last month, I talked about the humanity of Jesus and how that makes His life unique. This month, I want to look at another unique facet of the life of Jesus – and consider the problem that He had to solve, and how He solved it.

ല്ലെന്നു തീർച്ച. ഏതാനും വർഷം മുമ്പ് ആളുകൾ തുറന്ന സാൻഡ്വിച്ചുകൾ (ഒരു ഭക്ഷ്യവിഭവം) അലങ്കരിക്കുന്ന പതിവാരം ഭിച്ചത് ഇതിനൊരുദാഹരണമാണ്. എന്റെ ദൃഷ്ടിയിൽ ഇത് ഒരു മാനസിക രോഗത്തിന്റെ ലക്ഷണമാണ്. ലോകത്തിലുള്ള അന്ധകാരത്തിൽ നിന്നു മുളച്ചുവന്ന ഒരു കാര്യമായിരുന്നു അത്. എന്നാൽ വേഗം തന്നെ വിശ്വാസികളുടെ ഇടയിലുള്ള വിരുന്നുകളിലും ഇതു പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. ഇതിനെതിരായി വളരെ പ്രാവശ്യം ഞാൻ സംസാരിച്ചിട്ടുണ്ട്. തന്നെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന ആളുകൾക്കായി ദൈവം ആഗ്രഹിക്കുന്നു എന്ന വചനം നാം ചിന്തിക്കുമ്പോൾ ഇത്തരം കാര്യങ്ങളോട് നാം എന്താണ് ചെയ്യേണ്ടത്? നിങ്ങൾ എന്റെ സദുപദേശം പിന്തുടരുമെന്ന് ഞാൻ എല്ലാ എളിമയോടും കൂടി ആത്മാർത്ഥമായി പ്രത്യാശിക്കുന്നു. നിങ്ങൾ ഇരുന്ന് മനുഷ്യർക്ക് അഭിരുചിയുള്ള കാര്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക. അതു നിങ്ങളുടെ ബൈബിളിൽ സൂക്ഷിച്ചുവച്ച് അതിൽപ്പെട്ട കാര്യങ്ങളെ ഒഴിവാക്കുവാൻ നിരന്തരം പ്രയത്നിക്കുക.നാം ഭയത്തോടും വിറയലോടും കൂടി നമ്മുടെ രക്ഷയെ പടുത്തുയർത്തുവാൻ ബാധ്യസ്ഥരാണ്. എന്തുകൊണ്ടാണ് ഭയപ്പെടുകയും വിറയ്ക്കുകയും ചെയ്യേണ്ടത്? കാര്യങ്ങൾ ഈ വിധം ക്രമീകരിക്കുന്നതിന്റെ ഫലമായിട്ടേ കർത്താവിന്റെ വരവിൽ നാം എടുക്കപ്പെടുവാൻ ഇടയാകൂ. അതു മൂലമാണ് ഭയപ്പെട്ടു വിറയ്ക്കേണ്ടത്. ശരാശരി കൊള്ളാവുന്ന, മോശമല്ലാത്ത, ഒരു വധുവിനെയല്ല യേശുവിന് വേണ്ടത്. ഉള്ളിൽ സൗന്ദര്യപരിപൂർണ്ണയായ ഒരു വധു, അവിടുന്നു ചെയ്യുന്നതു പോലെ തന്നെ ലൗകികകാര്യങ്ങളെ പുറന്തള്ളുന്ന ഒരു വധുവിനെയാണ് യേശു കാംക്ഷിക്കുന്നത്.

ഈ കാര്യത്തിൽ നിങ്ങൾ ഓരോരുത്തരും വിജയം നേടുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഇപ്പോഴാണ് അതിനുള്ള നല്ല അവസരം.

❖

These are some verses that shed light to me on Jesus' core mission here on earth:

✳ Matthew 1:21 – She will bear a Son; and you shall call His name Jesus, for He will save His people from their sins.

✳ 1 Corinthians 15:3 – For I delivered to you as of first importance what I also received, that Christ died for our sins according to the Scriptures,

✳ 2 Corinthians 5:21 – He made Him who knew no sin to be sin on our behalf, so that we might become the righteousness of God in Him.

There are two points that I want to underline here in these verses:

a) Jesus came to save me from my SINS, so that I could become the righteousness of God

b) Jesus DIED so that I could be saved me from my sins

There was a problem with sin that all of us had. Jesus solved that by living a perfect life for 33+ years (as we talked about already), but then offering Himself to take our sins upon Himself. By this, we could become righteous before God when we were united with Him.

Now for those of us who have been Christians for a while, these are probably truths that we have probably heard before. So this is not some explosive new truth. But yet, I don't know if we have stopped to think about the immensity of these truths.

Here's what I mean:

Have you ever stopped to think about what we are saying here?

Have we realized that the biggest problem with you and me is our sins?

And then, do we recognize how difficult it was for GOD to solve this?

Have we fathomed that the only way that a just God could solve the problem of our sins was to send one part of the Trinity Himself to this earth to live a perfect life and then die for our sins. This was much more than just physical suffering and death. Rather, this perfect Jesus, Who had no beginning and no end because He was part of the Triune Godhead, had to yet suffer eternal (i.e., no beginning and no end) separation from the Father and the Holy Spirit. Jesus suffered permanent separation from God (what hell is), in order that we don't have to suffer that.

But are my little sins really that dire?

Couldn't God have resolved it some other way?

Maybe offer up 100,000 angels as sacrifice for our sins?

Maybe have Jesus live the perfect life for 33+ years and then bring Him back to heaven?

Or maybe just choose to ignore our sins and welcome us back?

Do I see the problem of sin within myself to be so great that Jesus had to suffer separation from what He knew for all eternity?

I think you see my point. It's really very simple. But the implications are great.

If indeed Jesus had to suffer eternal separation to solve my problem of sin, these are some implications that I see:

· I too must treat sin as the BIGGEST problem in my life, much worse than cancer and AIDS.

✳ I understand that the grief of death is real, and that if I heard that I had 6 weeks to live because of cancer and AIDS, I would grieve for loss – both to me and to them. Yet, because I am a Christian, I would also find solace and joy in that I will be with Jesus in heaven, and that I will see them again in heaven.

✳ Now when a Christian sins, there is a solace in that the blood of Jesus can cleanse me of all my sins. But there must be a grief that must also be associated with my present sin. I think that Christians can too easily rush to the blood of Jesus to cleanse them and fill them back with joy, without ever also being sobered by the price that it took to shed that blood. So I must fight hard to maintain a healthy sense of grief – because of the great price to be paid for my recurring sins.

✳ We must remember that heaven has been <u>permanently</u> altered because of my sin. In Revelation, we find that the only One who is worthy to open the seals is NOT the glorious Jesus we see in Revelation 1 resplendent in fire and glory. No, because of my sin, the only One worthy to open the sealed book is a SLAIN LAMB. So when I get to heaven, I know that one view of Jesus that I will have is <u>the Lamb that I killed</u>.

· Jesus has solved the biggest problem in my life – by His life, death, and resurrection

✳ As destructive as sickness, poverty, and hunger are, the sacrifice of Jesus has not completely SOLVED these problems here on earth. Now we know that Jesus is a Healer and can multiply food in an instant. And I always go to Jesus the Healer when I am sick, and ask Him to heal me, fully confident that He can restore my health. We also know that there will be no sickness in heaven.

But here on earth, Jesus does NOT promise to CLEANSE us from all my sicknesses here on earth. He has not done that for even the most devout Christians through the ages (every single saint over the past 2 millennia all eventually died).

✳ But Jesus does clearly promise to cleanse me from all my sins right away. So I CAN experience the FULL cleansing power of Jesus over my sins. So while I must embrace the soberness that accompanies repentance, I must also embrace the cleansing blood of Jesus through faith.

After all, it is repentance AND faith that leads to true salvation.

I hope this will help us think afresh of the real salvation that Jesus offers. I hope that as Christians, we will retrace our steps to our beginnings – and commit afresh to recognize the deep soberness that accompanies all true repentance, and the utter joy that accompanies total forgiveness. I do sincerely hope that you and I will live in eternal gratitude and awe of the price that Jesus paid for our sins.

(please mail your genuine doubts to: **sandeep@poonen.org**)

❖